www.malankaralibrary.com



# മാർ ഈവാനിയോസ് ഒരു പഠനം

വി. കിളിരൂചിമല

www.malankaralibrary.com

# മാർ ഈവാനിയോസ്,
# ഒരു പഠനം

SACRED HEART LEAGUE
ALWAYE

www.malankaralibrary.com

[Malayalam]

# MAR IVANIOSE, ORU PADHANAM

( A CRITICAL SURVEY )

By

*V. Kilichimala*

First Published, October 1990

Publishers
S. H. League, Alwaye-683 103
Kerala, India

Copies 1000

Price Rs. 16

Copyright
V. Kilichimala

Printed at
J. M, Press, Alwaye-3

www.malankaralibrary.com

# മാർ ഈവാനിയോസ്, ഒരു പഠനം

വി. കിളിച്ചിമല

പ്രസാധകർ

എസ്. എച്ച്. ലീഗ്,
ആലുവാ-683 103

വില 16 രൂ.

www.malankaralibrary.com

# വി. കിളിച്ചിമലയുടെ കൃതികൾ

| | |
|---|---|
| അന്നം പാലേ കടിച്ചിട്ട | (സാഹിത്യലേഖനങ്ങൾ) |
| പുലരിപ്പൂക്കൾ | (കവിതാസമാഹാരം) |
| വി. ജോൺ വിയാനി | (ജീവചരിത്രം) |
| മോൺ. വടശ്ശേരി | ( ,, ) |
| വി. ബർണർദീത്താ | ( ,, ) |
| മാർ ഈവാനിയോസ്, ഒരു പഠനം | |
| ആദർശദീപങ്ങൾ | (ജീവിതചിത്രീകരണം) |
| രജതരശ്മികൾ | ,, |
| വിശ്രമവും വിചിന്തനവും | (പ്രബന്ധങ്ങൾ) |
| എക്യുമെനിസം | (പ്രബന്ധം) |
| ഐക്യത്തിൻെറ വിളി | ,, |
| അന്ത്യോക്യയോ റോമ്മയോ? | ,, |
| കണ്ണുതുറപ്പിച്ച വട്ടിപ്പണം | (കഥാപ്രസംഗം) |

www.malankaralibrary.com

# പ്രസാധകക്കുറിപ്പ്

''അങ്ങയിൽ കണ്ടാർ സ്പെൽമാൻ
തുടങ്ങും മനീഷികൾ-
ളൈക്യത്തിൻ സന്ദേശത്തെ-
ജീവിതവിശുദ്ധിയെ
അത്യന്തം യശസ്വിയാം
കർദ്ദിനാരം നൃമാനെ-യാ-
സിദ്ധന്മാർക്കണിമുത്താം
ഫ്രാൻസിസ് സേവ്യറേയുമേ
ഇന്നേററം മുൻപും വൻപും
കോലുന്നോരമേരിക്ക
തന്നിലെ പ്രസിഡണ്ടാം
ട്രൂമാൻ, തത്പുരോ ഭുവിൽ
അധ്യാത്മതേജസ്സോട്ട
രാജന്യവർച്ചിസ്സേററ-
മിദ്ധന്യാകൃതികണ്ടൊ-
ന്നമ്പരന്നുപോയില്ലേ?
പശ്ചിമരാജ്യത്തുള്ളോർ
മുമ്പെങ്ങാൻ കേട്ടിട്ടുണ്ടാം
നസ്രാണിസിംഹങ്ങരം തൻ
പ്രതാപപ്പൊലിമകരം
ഇന്നവയെല്ലാമവർ
കണ്ടറിഞ്ഞല്ലോ സർവ്വാ-
നന്ദനഗുണാകരാ!
ഭവദ്ദർശനവശാൽ''

(ഇടയാറൻമുള കെ. എം. വറുഗീസ്)

www.malankaralibrary.com



എന്നിങ്ങനെ സൂരികകളാൽ പ്രകീർത്തിതനത്രേ മാർ ഈവാനിയോസ്. ഈദൃശനേതാക്കളെക്കുറിച്ചുള്ള പഠനം ഒരിക്കലും അധികപ്പററല്ല. ഈ പ്രസിദ്ധീകരണത്തിനു് എസ്. എച്ച്. ലീഗിനെ പ്രേരിപ്പിച്ച ചിന്ത അതുതന്നെ.

ഡയറക്ടർ,

എസ്. എച്ച്. ലീഗ്

പൊന്തിഫിക്കൽ സെമിനാരി
ആലുവാ,
11—10—1990

www.malankaralibrary.com

# പ്രസ്താവന

മഹാനായ മാർ ഈവാനിയോസിൻെറ ആകർഷണ വലയത്തിൽ മുഴുകിയവരിൽ കാലയവനികക്കുള്ളിൽ മറഞ്ഞുകഴിഞ്ഞിട്ടില്ലാത്തവർ ഇനി ചുരുക്കമേയുള്ളു. ചൈതന്യം പകർന്ന ആ ആധ്യാത്മികപ്രഭ പുതിയ തലമുറയ്ക്കു മിക്കവാറും അജ്ഞാതമാണ്. ആ തേജോഗോളം സ്മരണമാത്രമായി തീർന്നിരിക്കുന്നു.

രണ്ടു ഭാഗങ്ങളായി ഫാ. തോമസ് ഇഞ്ചക്കലോടി രചിച്ചിട്ടുള്ള ജീവചരിത്രമാണ് ആ മഹാനുഭാവനെ അറിയുന്നതിനുള്ള ഏക ഉപകരണം. ആ ചരിത്രത്തിനു കൂടുതൽ പ്രചാരണം നല്കുവാൻ കാര്യമായി പരിശ്രമം നടത്തിയിട്ടില്ല; അതിനു പുനഃപ്രകാശനം ഉണ്ടായിട്ടില്ല; ആ വലിയജീവിതത്തിലെ പ്രധാന സംഭവങ്ങൾക്കു സാഹചര്യമൊരുക്കിയ കലങ്ങിമറിഞ്ഞ കാലഘട്ടത്തെ തെളിച്ചുകാണിക്കാനും ജീവത്തായി ചിത്രീകരിക്കാനും ശ്രമമുണ്ടായിട്ടില്ല—തന്മൂലം അർഹിക്കുന്ന ആദരവു പുതുതലമുറ ആ ശ്രേഷ്ഠചിത്രത്തിനു നല്കുന്നില്ല. ശ്രദ്ധയില്ലായ്മയുടെ മാറാലപിടിത്തം ആ ചിത്രത്തിൻെറ ആകൃതിഭംഗി നഷ്ടപ്പെടുത്തുന്നു.

''ഗിരിദീപം'' എന്ന മാർ ഈവാനിയോസിൻെറ ആത്മകഥ 1929-ൽ പ്രസിദ്ധീകൃതമായി. 1957-ൽ ജീവചരിത്രം പുറത്തുവന്നു. ആത്മകഥയിലും ജീവചരിത്രത്തിലും ഉള്ളകാര്യം ആരും എതിർത്തിരുന്നില്ല; എതിർക്കാൻ അനുഭവസ്ഥർ സമ്മതിക്കുമായിരുന്നില്ല.

www.malankaralibrary.com



1980 ആയപ്പോഴേക്കും സ്ഥിതിമാറി. പൊള്ളവാദങ്ങൾ അങ്ങിങ്ങു പൊങ്ങി. ആത്മകഥയിൽ പ്രസ്പഷ്ടമായിരുന്ന ചില കാര്യങ്ങളിൽ സൗകര്യപൂർവ്വം കണ്ണടയ്ക്കുന്ന പ്രകൃതി ചില സ്വാത്ഥമതികൾ കാട്ടിത്തുടങ്ങി. മഹത്വമാർന്ന ജീവിതത്തിന്റെ തേജോവലയിതമായ ഭാഗം താറടിക്കുന്നതിനത്രേ ശ്രമമുണ്ടായതു്, പുകമറ വരുത്തിയ ദ്രോഹം അറിഞ്ഞെന്നു നടിക്കാൻപോലും പലരും കൂട്ടാക്കിയില്ല.

തുവൽ ചാർത്തുന്ന രണ്ടു സംഭവങ്ങളുണ്ടു് മാർ ഈവാനിയോസിന്റെ ചരിത്രത്തിൽ—കേരളത്തിലെ കാതോലിക്കാസ്ഥാപനവും മലങ്കരറീത്തു സംരംഭവും. അഭേദ്യബന്ധമുള്ളതാണു് രണ്ടും. ഗത്യന്തരമില്ലായ്കയത്രേ ഇരുകാര്യത്തിലേക്കും സമൂഹത്തെ തിരിച്ചതു്; രണ്ടിനും നടുനായകത്വം വഹിച്ചതു് ഒരേ വ്യക്തിതന്നെ; സമുദായത്തിന്റെ പിന്തുണ രണ്ടിനുമുണ്ടായി; ഗുണഭോക്താക്കൾ കാര്യം കണ്ടുകഴിഞ്ഞപ്പോൾ ഉപജ്ഞാതാവിനെ ഉപേക്ഷിച്ചു് കൃതഘ്നതകാട്ടിയെന്നതു രണ്ടിടത്തും നേരുതന്നെ. ആദ്യത്തേതിൽ തള്ളിപ്പറയൽ, രണ്ടാമത്തേതിൽ ഒററപ്പെടുത്തൽ; രണ്ടാമത്തേതുണ്ടായില്ലെങ്കിൽ ആദ്യത്തേതു് അകാലചരമമടയുമായിരുന്നുവെന്ന ദുഃഖസത്യം നിലനില്ക്കുന്നു; ഇരട്ടസഹോദരങ്ങളിൽ ഒന്നിനെ സമുദായം പുല്കി, മററതിനെ തൊഴിച്ചു—തമസ്കരിക്കപ്പെടുന്നില്ലെങ്കിൽ മാർ ഈവാനിയോസിന്റെ ചരിത്രത്തിൽ ഇതെല്ലാം വ്യക്തമാണു്.

വിവിധ സന്ദർഭങ്ങളിലാണു് ഇതിലെ ലേഖനങ്ങൾ തയ്യാറാക്കിയതു്. എഴുതാനുണ്ടായ സാഹചര്യങ്ങളും വ്യത്യസ്തമത്രേ. തന്മൂലം ഒരേ ആശയം പലേടത്തും കണ്ടെന്നിരിക്കും. ആവത്തനം ഒഴിവാക്കാൻ ലേ

www.malankaralibrary.com



ഖനങ്ങൾ സമാഹരിച്ചപ്പോൾ ശ്രമിച്ചിട്ടുണ്ട്. പൂർണ്ണമായി വിജയിച്ചിട്ടില്ലെന്നുമാത്രം. ഒരേപ്രമേയത്തിനു വ്യത്യസ്തകോണുകളിലൂടെയുള്ള കാഴ്ചപ്പാടിനു മിഴിവേകാനുള്ള ശ്രമം ചിലടത്തെങ്കിലും ആവർത്തനം അനിവാര്യമാക്കി.

1980–നം 85–നുമിടയ്ക്കാണ് ഈ ലേഖനങ്ങൾ എഴുതിയത്. അതിനുശേഷമുള്ള കാര്യങ്ങൾ പരാമർശിതമായിട്ടില്ല.

പ്രൂഫുനോക്കി സഹായിച്ച ഫാ. ജോസഫ് മാലിപ്പറമ്പിലിന്റെ സൗഹൃദവും മുദ്രണം നിർവ്വഹിച്ച ആലുവാ ജെ. എം. പ്രസ്സിന്റെ സഹകരണവും എനിക്കു പ്രിയപ്പെട്ടതായി നിലകൊള്ളുന്നു.

ഇന്നോ ഇനിയുമോ ആരെങ്കിലും ഈ വിഷയം പഠിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ പ്രയോജനപ്പെടണം എന്നുമാത്രമേ ഇപ്പുസ്തകത്തെക്കുറിച്ച് പ്രതീക്ഷയുള്ളു.

ഗ്രന്ഥകർത്താവ്

പൊന്തിഫിക്കൽ സെമിനാരി
ആലുവാ–683 103
11—10—1990

www.malankaralibrary.com

# ഉള്ളടക്കം


| | പേജ് |
|---|---|
| പ്രസാധകക്കുറിപ്പ് | v |
| പ്രസ്താവന | vii |
| സമുദായസേവനങ്ങൾ | 13 |
| ഗുരുവും ശിഷ്യനും ഇരുവഴികളിലേക്ക് | 27 |
| ദുർഘടപാതയിലൂടെ 50 വർഷം | 41 |
| വെട്ടിത്തുറന്ന വഴിയിൽ കുതിച്ചുകയററം | 52 |
| വിസ്മരിക്കപ്പെട്ടുന്ന ഒരു നഗ്നയാഥാർത്ഥ്യം | 60 |
| പുനരൈക്യവും എക്യുമെനിസവും | 76 |
| കേരളത്തിലെ ചില സഭൈക്യശ്രമങ്ങൾ | 95 |
| മലങ്കരറീത്തും അഥവാ തനിമയുള്ള മലങ്കരസഭ | 106 |
| മാറെറാലികൾ | 133 |
| അന്ത്യോക്യ പോരേ? | 147 |

www.malankaralibrary.com



''സൂരീന്ദ്രമൗലേ, ഭവൽപ്രസംഗാ-
മൃതാബ്ധിയിൽ
നീരാടാതവിടത്തിലാരുള്ള മനുഷ്യനായ്?
ഏതൊരു ഭദ്രാസനവേദിയുണ്ടവിടത്തെ
പാദപാംസുക്കളേററു സംമ്പൃതമായീടാതെ?''

www.malankaralibrary.com

# I

# സമുദായസേവനങ്ങൾ

"മലങ്കര നസ്രാണികൾ" എന്ന ഗ്രന്ഥപരമ്പര ഉൾക്കൊള്ളുന്ന സുദീർഘവിവരണങ്ങളുടെ സിംഹഭാഗവും വ്യവഹാരങ്ങളുടെയും വടംവലികളുടെയും വിസ്തൃതചിത്രീകരണങ്ങളാണ്. കിഴക്കാംതൂക്കായ ഈ ഒഴുക്കിനെതിരെ തുഴയാൻ ചേപ്പാട്ട് മാർ ദീവന്യാസ്യോസ്, പുലിക്കോട്ട് മാർ ദീവന്യാസ്യോസ്, വട്ടശ്ശേരി മാർ ദീവന്യാസ്യോസ് എന്നിവരുടെ മഹാപ്രാഗത്ഭ്യങ്ങൾക്കുപോലും കഴിഞ്ഞിട്ടില്ല. നീണ്ട കൂരിരുട്ടിനിടയിൽ കുറെ രജതരേഖകൾ തെളിയിക്കാൻ സാധിച്ചിട്ടുള്ളത് ബഥനിയുടെ മാർ ഈവാനിയോസിനു മാത്രമാണ്. "എപ്പോഴും വൻകാര്യത്തിലേക്കേ മനസ്സു പോകയുള്ളു; ചെറിയ തോതിലുള്ള കാര്യങ്ങളൊന്നും അദ്ദേഹത്തിനു ചിന്ത്യമല്ല" 1 എന്നത്രേ അടുത്തറിഞ്ഞിട്ടുള്ളവർ അവിടുത്തെക്കുറിച്ചു പറഞ്ഞിട്ടുള്ളത്.

## *വിദ്യാഭ്യാസ മുന്നേററം*

സമൂഹത്തിൻെറ സർവ്വതോമുഖമായ വളർച്ചയത്രേ

---

1. എ. പിലിപ്പോസ് എം. എ. ബി. എൽ., ആത്മകഥ, p. 77.

www.malankaralibrary.com



മാർ ഈവാനിയോസ് ഉന്നംവെച്ചത്. സാംസ്കാരികവും വിദ്യാഭ്യാസപരവുമായ മണ്ഡലത്തിലേക്കു സഭയിലെ ആദ്യത്തെ എം. എ. ബിരുദധാരിയുടെ ശ്രദ്ധ തിരിഞ്ഞതിൽ അത്ഭുതമില്ല. പഴയസെമിനാരി കേന്ദ്രമാക്കിയുള്ള പ്രവർത്തനത്തിൽനിന്നും പ്രോട്ടസ്റ്റൻറു മിഷനറിമാർ ഇതിനകം വിടപറഞ്ഞുകഴിഞ്ഞു. മാർ മാത്യൂസ് അത്താനാസ്യോസിൻെറ നേതൃത്വത്തിലുള്ള നവീകരണസമൂഹവും സ്വയം വേർപിരിഞ്ഞു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോട് അവജ്ഞാഭാവമായിരുന്നു പൊതുവെ അന്നു സമൂഹാംഗങ്ങൾക്കുണ്ടായിരുന്നത്. ശ്രീ. എ. പിലിപ്പോസ് ഇതിനെക്കുറിച്ചു പറയുന്നു: '' ഇംഗ്ലീഷ് സായ്പന്മാരുടെ ഭാഷയാണ് — മാന്യകുടുംബാംഗങ്ങൾക്ക് അതുവേണ്ടാ. അതു കൂടാതെ കഴിക്കാം. അതു പഠിച്ചാൽ സായ്പന്മാരുടെ സ്വാധീനത്തിൽ വല്ല ജോലിയും കിട്ടും. കഴിക്കാൻ വകയില്ലാത്തവർ അതിനു പോകട്ടെ. '' 2

1893-നോടടുത്ത് പുലിക്കോട്ടു മാർ ദീവന്ന്യാസ്യോസ് സ്ഥാപിച്ച എം. ഡി. സ്കൂളാണ് അന്നു സുറിയാനിക്കാരുടെ പ്രധാനവിദ്യാലയം. ആ സ്കൂൾ കോളേജായി ഉയർത്തിയാൽ കൊള്ളാമെന്നും വൈദിക സെമിനാരി അഭിവൃദ്ധമാക്കണമെന്നും എം. ഡി. സെമിനാരി പ്രിൻസിപ്പലായിരുന്ന കഥാപുരുഷൻ ആഗ്രഹിച്ചു. പ്രധാനപ്രതിബന്ധം അഭ്യസ്തവിദ്യരായ വൈദികരുടെയും അല്മായരുടെയും അഭാവമാണ്. സെറാമ്പൂർ പ്രൊഫസറായ കാലത്ത് ഇതിനുവേണ്ടി അദ്ദേഹം മുൻകൈയെടുത്ത് ഇവിടെനിന്നുള്ള ചെറുപ്പക്കാരെ അ

2. Ibid., p. 10.

www.malankaralibrary.com



വിടെ ചേർത്തു പഠിപ്പിച്ചു. തനിക്കു ലഭിച്ച ശമ്പളം അതിനുവേണ്ടി വിനിയോഗിച്ചു. സർവ്വകലാശാലാ പരീക്ഷകളുടെ ഉത്തരക്കടലാസു പരിശോധിച്ച വകയിൽ കിട്ടിയ തുകയും ഇതിനു നീക്കിവെച്ചു. അതോടൊപ്പം സുഹൃത്തുക്കളിൽനിന്നു ലഭിച്ചിരുന്ന സംഭാവനയും. പതിനായിരത്തിലേറെ രൂപയാണ് ഇങ്ങനെ ചെലവഴിച്ചുപോന്നത്. ഇതിനെ അനുസ്മരിച്ചുകൊണ്ടു "വട്ടിപ്പണത്തോളം വരുന്ന ഒരു സംഖ്യയാണല്ലൊ കൊല്ലംതോറും കിട്ടിവരുന്ന"തെന്നു വട്ടശ്ശേരിത്തിരുമേനി വാത്സല്യാതിരേകത്തോടെ കല്പിച്ചു. 3

കൽക്കട്ടാ, മദ്രാസ്, അലഹബാദ് എന്നീ സർവ്വകലാശാലകളിലും അദ്ദേഹത്തിന്റെ സഹായധനവും പ്രോത്സാഹനവുംകൊണ്ടു പഠിക്കുന്നവർ ഉണ്ടായിരുന്നു. 4 "ക്രിസ്തുവിനുവേണ്ടി ചെലവഴിക്കയും ചെലവഴിക്കപ്പെടുകയും ചെയ്യണമെന്നുള്ളതായിരുന്നു ബാല്യംമുതൽ അദ്ദേഹത്തിന്റെ പ്രവൃത്തികളെ വഴിനടത്തിയ ആദർശം." 5

മാർ തെയോഫിലോസ്, മാർ സേവേറിയോസ്, മാർ പീലക്സിനോസ്, മാർ തേവോദോസ്യോസ്, തോമസ് മാർ ദീവന്യാസ്യോസ്, മാത്യൂസ് മാർ ഈവാനിയോസ് എന്നിവരും മററു പലരും ഇങ്ങനെ സെറാമ്പൂരിലും കൽക്കട്ടായിലും പഠിച്ചവരാണ്. 6

സെറാമ്പൂർ കോളജിലും കൽക്കട്ടാസർവ്വകലാ

3. ഗിരിദീപം, ബഥനിപ്രസ് കുമളി p. 68.
4. Cfr. Idid., pp. 66-75.
5. എ. പിലിപ്പോസ് ആത്മകഥ. p. 72.
6. Cfr. Ibid., p. 72.

www.malankaralibrary.com



ശാലയിലും സുറിയാനി ഐച്ഛികവിഷയമായി അംഗീകരിപ്പിക്കുന്നതിനും ഈ അവസരത്തിൽ സ്വര്യപുതഷന സാധിച്ചു. തുടർന്നു, മദ്രാസ് യൂണിവേഴ്സിററിയിലും സുറിയാനി ഐച്ഛികവിഷയമായി സ്വീകരിച്ചു. പോസ്ററുഗ്രാഡ്വേററുകോഴ്സ് വരെ സുറിയാനി പഠിക്കുവാൻ ഇങ്ങനെ വിദ്യാർത്ഥികൾക്കു സൗകര്യമുണ്ടായി.

## സുവിശേഷ നവോത്ഥാനം

ദയനീയചിത്രമായിരുന്ന അന്നത്തെ മലങ്കരയുടേതു്. ദൈവികമായ അനുസരണം സഭയിൽ ഇല്ലാതായി. വിശ്വാസം കുറഞ്ഞു. കൂദാശകളിലുള്ള താല്പര്യം നഷ്ടപ്പെട്ടു. കാതോലികതത്വങ്ങൾ വ്യാഖ്യാനിക്കപ്പെടുന്നതു് കോടതികളിലായി. ആത്മീയകാര്യങ്ങളിൽ മേലന്വേഷണം ഇല്ലാത്തതുകൊണ്ടു് വളന്നുവരുന്ന തലമുറ ഭക്തിരഹിതരായി നീങ്ങി. ഇങ്ങനെയുള്ള ഒരു സമൂഹം സുവിശേഷതൽപ്പരമായിരിക്കയില്ലല്ലോ. മാർത്തോമ്മാശ്ലീഹായുടെ ഇരുപതുനൂററാണ്ടു പഴക്കമുള്ള സഭ കർത്തവ്യകർമ്മം നിർവ്വഹിക്കുന്ന വിഷയത്തിൽ ഗണ്യമായൊന്നും ചെയ്തിട്ടില്ലെന്ന വസ്തുത ഫാ. പി. ററി. ഗീവറുഗീസിന്റെ സുവിശേഷഹൃദയത്തെ വേദനിപ്പിച്ചു. ഭാരതസുവിശേഷവൽക്കരണത്തിൽ കാട്ടിയിട്ടുള്ള അക്ഷന്തവ്യമായ ഉദാസീനതയ്ക്കു മലങ്കരസഭ സമാധാനം പറയേണ്ടിവരുമെന്ന ചിന്ത അദ്ദേഹത്തെ ഉണർത്തി. സഭയുടെ സർവ്വപ്രധാനമായ സുവിശേഷപ്രചാരണം ലക്ഷ്യംവെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കു മുൻകൈയെടുത്തു് ആ ആധ്യാത്മികവിപ്ലവകാരി പലതും ചെയ്തു. സമൂഹത്തിലുണ്ടായിട്ടുള്ള വ്രണങ്ങൾ കരിയുമാറു്

www.malankaralibrary.com



ഇടവകകൾതോറും സഞ്ചരിച്ചു സുവിശേഷപ്രസംഗങ്ങൾ നടത്തി; ബഥനിയച്ചൻെറ ധ്യാനപ്രസംഗങ്ങളുടെ വശ്യത ആത്മീയാസ്വാസ്ഥ്യങ്ങൾക്കു പരിഹാരമുണ്ടാക്കി. സണ്ടേസ്കൂളുകൾ വർദ്ധിപ്പിക്കുകയും ബാലികാബാലന്മാരിൽ ആത്മീയബോധം വളർത്തുകയും ചെയ്തു. വിജാതീയരുടെ ഇടയിൽ സുവിശേഷം അറിയിച്ചു.

താണജാതിക്കാരുടെ സ്ഥിതി വളരെ പരിതാപകരമായിരുന്നു. അയിത്തം കൊടുമ്പിരിക്കൊണ്ടിരുന്നു. "പുലയൻ വഴിയെ പോകുമ്പോൾ 'ഇഞ്ചാവോ' എന്നു വിളിച്ചു പറയണം. മേൽജാതിക്കാർ വഴിനടക്കുമ്പോൾ 'ഹോയി' എന്നു വിളിച്ചു പറയും. അതു കേൾക്കുമ്പോൾ താണജാതിക്കാർ വഴിയിൽനിന്നും ഏതാനുംഅടി മാറി നിന്നുകൊടുക്കണം." 7 അധ:കൃതരുടെ കുടികളിൽ കയറിയിറങ്ങുവാനും അവരോടൊത്തു ഭക്ഷണം കഴിക്കാനും ഈ ഘട്ടത്തിൽ എം. എ. അച്ചൻ കാണിച്ച തൻേറടം അത്ഭുതകരമായിരുന്നു.

## സന്യാസ സമൂഹവും ആധ്യാത്മികവളർച്ചയും

വിശുദ്ധരായ ഫ്രാൻസിസ് സേവ്യർ, തോമസ് അക്വിനാസ്, അമ്മത്രേസ്യാ, കൊച്ചുത്രേസ്യാ, സെൻറ് ജോൺ ഓഫ് ദ് ക്രോസ്, വിൻസെൻറ് ഡി പോൾ, ഡോൺബോസ്കോ തുടങ്ങിയവരെപ്പോലുള്ള സുകൃതചരിതർ എണ്ണുകൊണ്ടു നമ്മുടെ സമൂഹത്തിലുണ്ടാകുന്നി

7. Ibid., p. 32.

www.malankaralibrary.com



ല്ലെന്ന ചിന്ത ചിലരെയെങ്കിലും അലട്ടുന്നുണ്ടു്. 8 പുണ്യവാന്മാരെ വളർത്തുക ആദ്ധ്യാത്മികവളക്കൂറു് ഇവിടത്തെ മണ്ണിനില്ലെന്നതുതന്നെ കാരണം. സന്ന്യാസസമൂഹരൂപീകരണത്തെക്കുറിച്ചു ഒരിക്കൽ വട്ടശ്ശേരി തിരുമേനി പറഞ്ഞു: "നമ്മുടെ സഭ ശക്തിയുള്ള സഭയല്ല. ഇങ്ങനെയുള്ള സ്ഥാപനങ്ങൾ ശക്തിയുള്ള സഭകളിലേ സാധിക്കയുള്ളു. നമുക്കും ഇതൊക്കെ മുമ്പുണ്ടായിരുന്നു. ദുഷിക്കപ്പെട്ടുപോയതുകൊണ്ടു് പിതാക്കന്മാർ വേണ്ടെന്നുവെച്ചതാണു്." 9

മലങ്കരസഭയെ ആദ്ധ്യാത്മികമായി ഉയർത്താൻ സന്ന്യാസസമൂഹം വേണമെന്ന നിഗമനത്തിലത്രേ സെറാമ്പൂരിൽനിന്നു മടങ്ങിയ ഫാ. പി. റ്റി. ഗീവറുഗീസ് എത്തിച്ചേർന്നതു്. "സകലതും ഉപേക്ഷിച്ചു നിന്റെ പിന്നാലെ വന്നിരിക്കുന്നു" എന്നുപറയാൻ തക്കവണ്ണം മന:ശക്തിയും ദൈവാനുഗ്രഹവും ലഭിച്ചവരത്രേ ദൈവത്തെ സമ്പാദിച്ചവർ. ......അവരാലത്രേ ലോകത്തിനു യേശുമിശിഹായെ അറിയാൻകഴിഞ്ഞിട്ടുള്ളതു്. സന്ന്യാസപദം പ്രാപിക്കുന്ന ഒരാളാൽ ഇവയൊക്കെ സാധിക്കാവുന്നതാണു് "10

മുണ്ടൻമലയിൽ ആരംഭിച്ച ബഥനി സന്ന്യാസസമൂഹത്തെക്കുറിച്ചു ശ്രീ. കെ. സി. മാമ്മൻമാപ്പിള എഴുതി: "ക്രൈസ്തവലോകത്തിൻെറയെന്നല്ല, ഇതരമത

8. Cfr. V. C. ഗീവറുഗീസ് കോറെപ്പിസ്കോപ്പാ, S. H. ലീഗ്, Sept. 1958 പുറം 11.

9. ഏ. പിലിപ്പോസ്, കാതോലിക പുനരൈക്യചിന്തകൾ, pp. 153, 154.

10. ഗിരിദീപം, pp. 84-85.

www.malankaralibrary.com



വിഭാഗങ്ങളുടെയും സവിശേഷമായ ശ്രദ്ധയേയും ആദരവിനേയും ആകർഷിച്ച ബഥനിപ്രസ്ഥാനം ഒരു സാമൂഹ്യകോളിളക്കം തന്നെയുണ്ടാക്കിയതാണ്. ............ എം. എ. അച്ചൻ കാവിവസ്ത്രവും മൺചട്ടിയുമായി മഹാകവി ടാഗോറിൻെറ വിശ്വഭാരതിയേയും മഹാത്മാ ഗാന്ധിയുടെ സബർമതി ആശ്രമത്തേയും അനുസ്മരിപ്പിക്കുന്ന റാന്നിയിലെ ബഥനിക്കുന്നിൽ ആസ്ഥാനമുറപ്പിച്ചപ്പോൾ സമുദായഭക്തന്മാർക്കു അതൊരു തീർത്ഥാടന കേന്ദ്രമായിരുന്നു. എന്തുവന്നാലും മടിശ്ശീലകൾ അഴിക്കാതെ ഭൂതംകാക്കുന്ന നിധിപോലെ ദ്രവ്യം സൂക്ഷിക്കുന്ന പ്രസിദ്ധപിശുക്കന്മാർപോലും അന്ന് ആബോ ഗീവറുഗീസിൻെറ ജീവിതരീതിയിലും വാഗ്വൈഭവത്തിലും ആകൃഷ്ടരായി പണം വാരിക്കോരി സംഭാവന ചെയ്തിരുന്നു.''11

പെരുനാട്ടിലെ ബഥനിയിലേക്കു തീർത്ഥാടകർ പ്രവഹിച്ചു. ക്രിസ്തുവിൻെറ പീഡാനുഭവധ്യാനവാരത്തിലാണ് അവരുടെ സംഖ്യ വളരെയേറിയത്. ഒരു ദുഃഖവെള്ളിയാഴ്ച ഉച്ചക്കഞ്ഞിക്കുമാത്രം 50പറ അരിയോളമാണ് വേണ്ടിവന്നതെന്നറിയുമ്പോൾ തീർത്ഥാടകരുടെ ബാഹുല്യവും ഊഹിക്കാവുന്നതാണ്.12 കുടുംബസമേതം ബഥനിയിൽ താമസിച്ചു തീർത്ഥാടനം നടത്തിയവരുടെ കൂട്ടത്തിൽ സമുദായപ്രധാനിയായ ശ്രീ. എ. പീലിപ്പോസും ഉൾപ്പെടുന്നു.13

സമുദായത്തിൻെറ അഭിവൃദ്ധി സ്ത്രീവർഗ്ഗത്തിൻെറ

---

11. മലയാള മനോരമ, 1953 ജൂലൈ 17.
12. Cfr. ഗിരിദീപം, p. 176.
13. Cfr. എ. പീലിപ്പോസ്, ആത്മകഥ p. 74.

www.malankaralibrary.com



സംസ്കാരത്തെ ആശ്രയിച്ചിരിക്കുന്നു. സ്ത്രീവിദ്യാഭ്യാസ വിഷയത്തിൽ മലങ്കരസഭ തുലോം താണപടിയിലായിരുന്നു. കന്യകാമഠപ്രസ്ഥാനം സഭയ്ക്കു വരുത്തുന്ന ഉണർവ്വും അനുഗ്രഹവും വളരെയേറെയെന്നു ബഥനിജനയിതാവു കണ്ടു. വിദ്യാലയങ്ങൾ സ്ഥാപിക്കുക, സ്ത്രീവർഗ്ഗത്തിന്റെ ആധ്യാത്മികത ഉണർത്തുക, ആതുരസേവനം നിർവ്വഹിക്കുക, വിജാതീയ സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും ഇടയിൽ സുവിശേഷം പ്രസംഗിക്കുക എന്നിവ കന്യാസ്ത്രീകളെക്കൊണ്ടു സാധിക്കുമെന്നു് അദ്ദേഹം മനസ്സിലാക്കി. അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിക്കുക: ''ഒരു ഗൃഹത്തിന്റെയും വിശുദ്ധസഭയുടെയും ഉള്ളറയിൽ ദൈവത്തിനുള്ള സ്ഥാനം സ്ത്രീജനങ്ങളുടെ മനോഗതിയുടെ ആനുകൂല്യമനുസരിച്ചാകയാൽ തങ്ങളെത്തന്നെ ദൈവത്തിനായി നല്കിയിട്ടുള്ള കന്യാസ്ത്രീകൾ ഉണ്ടായിരിക്കുന്നതു മലങ്കരസഭയുടെ പുരോഗതിക്കു അത്യാവശ്യമാണു്. ''14 സുചിന്തിതമായ ഈ നിഗമനത്തിലെത്തിയ ആബോ ഗീവറുഗീസ് ഏതാനും യുവതികളെ ബാരിസോളിലും കൽക്കത്തയിലും താമസിപ്പിച്ചു ഉപരിവിദ്യാഭ്യാസവും സന്ന്യാസപരിശീലനവും നല്കി.

തിരുമൂലപുരത്തു നിരുപയോഗമായിക്കിടന്ന ബാലികാമഠംസ്കൂൾകെട്ടിടം പെൺകുട്ടികൾക്കു പരിശീലനം കൊടുക്കുന്ന ഉത്തമവിദ്യാലയമായി ഉയർത്തി.15 മിസ് ബ്രൂക്ക്സ്മിത്തു്, മിസ്സിസ് ഹോംസ് എന്നിവ

---

14. ഗിരിദീപം, p. 90.

15. കണ്ടത്തിൽ വറുഗീസുമാപ്പിളയാണു് ഇതിന്റെ സ്ഥാപകൻ.

www.malankaralibrary.com



രുടെ സേവനംകൊണ്ടു അതിനെ ധന്യമാക്കുകയും ചെയ്തു. വി. അമ്മത്രേസ്യാ ഒരിക്കൽ പറഞ്ഞു: ''ത്രേസ്യാ യും നാലു ഡക്കററസും (ഒരു നാണയം) കൂടിയാൽ ഈ കെട്ടിടം പണിയിക്കയില്ല. എന്നാൽ, ത്രേസ്യായും നാലു ഡക്കററസും ഈശോയുംകൂടി ഈ കെട്ടിടം പണിയിക്കും'' എന്ന മനോഭാവക്കാരനായിരുന്നു മാർ ഈവാനിയോസ് തിരുമേനി. തിരുമൂലപുരത്തെ കൊച്ചുകെട്ടിടത്തിൽ തിരുമേനി കിടക്കുന്ന മുറിയുടെ തൊട്ടടുത്തുള്ള വരാന്തയിൽ ശ്രീ. എ. പിലിപ്പോസ് ജഡ്ജി പലപ്പോഴും രാത്രി കഴിച്ചുകൂട്ടേണ്ടി വന്നിട്ടുണ്ട്. അപ്പോഴത്തെ അനുഭവം അദ്ദേഹം അനുസ്മരിക്കുന്നു: ''രാത്രിയിൽ എല്ലാവരും ഉറക്കംപിടിച്ചു എന്നു വിചാരിക്കാവുന്ന സമയത്തു് അദ്ദേഹം കൈകൊണ്ടു വലിയ ശബ്ദം കേൾക്കത്തക്കവിധത്തിൽ നെഞ്ചത്തടിച്ചു വളരെനേരം പ്രാർത്ഥിക്കുന്നതു കേട്ടിട്ടുണ്ടു്. നെഞ്ചുപൊട്ടിപ്പോകുമോ അദ്ദേഹത്തോടു പറയട്ടോ എന്നൊക്കെ തോന്നിയിട്ടുണ്ടെങ്കിലും എനിക്കു ധൈര്യം തോന്നാത്തതുകൊണ്ടു ഞാൻ അദ്ദേഹത്തോടു അതു പറഞ്ഞില്ല.''16 പ്രായശ്ചിത്തത്തോടുകൂടിയ പ്രാർത്ഥനയായിരുന്നു ആ മഹാനുഭാവന്റെ ജീവിതവിജയത്തിനു നിദാനം.

## *സഭാസ്വാതന്ത്ര്യസമരത്തിൽ*

1910-ൽ ശീമയിലെ അബ്ദുള്ളാബാവാ കേരളത്തിൽ ആഗതനായി. തുടർന്നുണ്ടായതു കോളിളക്കങ്ങളാണു്: ബാവാമെത്രാന്മാർ അധികാരത്തിനുവേണ്ടിയുള്ള വടംവലി തുടങ്ങി. വട്ടശ്ശേരി മെത്രാപ്പോലീത്താ വള

---

16. എ. പിലിപ്പോസ്, ആത്മകഥ, pp. 76, 77.

www.malankaralibrary.com



ഞ്ഞുകൊടുത്തില്ല. സഭയിൽ ചേരിതിരിവുണ്ടായി. രണ്ടു പാർട്ടിയിലും ആളുകൾ ചേർന്നു. പഴയസെമിനാരി വിപ്ലവരംഗമായി. ചട്ടമ്പികളുടെയും ആഭാസന്മാരുടെയും വിഹാരരംഗമായി ആ സ്ഥലം.

അർദ്ധരാത്രിക്കു ചട്ടമ്പികൾ അവിടെ മൽപ്പിടിത്തം നടത്തിയിട്ടുണ്ടു്; ഉറങ്ങിക്കിടക്കുന്ന വന്ദ്യപിതാക്കന്മാരെ ലക്ഷ്യമാക്കി വെട്ടുകത്തിയുയർത്തിയിട്ടുണ്ടു്; റിക്കാർഡുപെട്ടികൾ അവിടെനിന്നു മോഷണം പോയിട്ടുണ്ടു്. ''ആനപ്പാപ്പി''യുടെ തലയോട്ടി പതിമൂന്നുകഷണങ്ങളായി പൊട്ടിച്ചിതറുന്നതു വരെയെത്തി അവിടത്തെ അക്രമം. വട്ടശ്ശേരിൽ തിരുമേനി മുടക്കപ്പെട്ടു. സെമിനാരിസമരിക്കേസും വട്ടിപ്പണക്കേസും സമുദായവ്യവഹാരവും എല്ലാം ഉണ്ടായി. ഇതിലെല്ലാം വട്ടശ്ശേരി മെത്രാപ്പോലീത്തായുടെ മുഖ്യസഹായിയായി മാർ ഈവാനിയോസ് നിലകൊണ്ടു. ജീവൻ തുലാസിൽ ആടിയ സന്ദർഭങ്ങളാണു് ഇതിനിടയിൽ പലപ്പോഴും അദ്ദേഹത്തിനുണ്ടായതു്. സമുദായസേവനത്തിൻെറ കഠോരാനുഭവങ്ങളെ തികഞ്ഞ നെഞ്ഞൂറ്റത്തോടെ അഭിമുഖീകരിച്ചിട്ടുള്ള ഇത്തരം വ്യക്തികൾ മലങ്കരയിൽ വേറെ ആരുണ്ടു് ? ''മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമെന്നും അപ്പസ്തോലികവും കാതോലികവുമായ സത്യവിശ്വാസത്തെ ഉപദേശിക്കുന്നതെന്നും അഭിമാനിച്ചുവരുന്ന മലങ്കരസഭയുടെ അടിത്തട്ടിൽ ഊറിക്കിടക്കുന്ന മ്ലേച്ഛതകൾ കാണുവാനും മണക്കുവാനും''17 അദ്ദേഹത്തിനു ഇടയായി.

---

17. ഗിരിദീപം, p. 1.

www.malankaralibrary.com



## കാതോലിക്കാസിംഹാസനം

വട്ടശ്ശേരിത്തിരുമേനിക്ക ലഭിച്ച മുടക്ക മലങ്കരസഭയുടെ ചങ്കിനാണേററത്. ആ പ്രതിസന്ധി തരണം ചെയ്യാൻ ധീരതയോടെ യത്നിച്ചതു മാർ ഈവാനിയോസത്രേ. പരിചയിച്ച വിശ്വാസപാരമ്പര്യങ്ങൾ ഉപേക്ഷിക്കുക ആ ഗുരുശിഷ്യന്മാർക്ക സമ്മതമല്ലായിരുന്നു; സഭാസ്വാതന്ത്ര്യം സംരക്ഷിക്കയും വേണം — പാത്രിയർക്കീസിൻെറ നീക്കം പ്രതിബന്ധം സൃഷ്ടിച്ചിരിക്കയാണ്. തീർപ്പില്ലാത്ത പ്രതിസന്ധി!

തീഗ്രിസിൽ മഫ്രിയാന ഉണ്ടായിരുന്നു. പൗരസ്ത്യദേശത്തെ പ്രധാനമേൽപ്പട്ടക്കാരൻ. മെത്രാപ്പോലീത്തന്മാരെയും മെത്രാന്മാരെയും വാഴിക്കാൻ ആ സ്ഥാനിക്ക അധികാരമുണ്ട്. ഇപ്പോൾ മഫ്രിയാന തീഗ്രീസിലില്ല. അന്ത്യോകൃയിലെ പാത്രിയർക്കാസിംഹാസനം മർദീനിലേക്ക നീക്കപ്പെട്ടല്ലൊ. അതുപോലെ തീഗ്രീസിലെ മഫ്രിയാനാസ്ഥാനം ഇന്ത്യയിലേക്ക മാററപ്പെട്ടാൽ കൊള്ളാമെന്ന മലങ്കരസ്സ മോഹമുണ്ട്. പക്ഷേ, അബ്ദുള്ളായും കൂട്ടരും വഴിപ്പെടുമോ? മാർ ദീവന്യാസ്യോസ് മുടക്കപ്പെട്ട ഇപ്പോഴത്തെ സന്ദർഭത്തിൽ പ്രത്യേകിച്ചും.

മാർ അബ്ദുള്ളായുടെ എതിരാളികളിൽ നിന്നേ സഹായം കിട്ടു. അങ്ങനെയുള്ള ആളാണ് അബ്ദുൽമശീഹോ. തുർക്കിസുൽത്താൻ ഫെർമാൻ (അംഗീകാരപത്രം) പിൻവലിക്കയാൽ സ്ഥാനഭ്രഷ്ടനായ പാത്രിയർക്കീസാണദ്ദേഹം. സഹായാഭ്യർത്ഥനയുമായി ബഥനിമെത്രാൻ ആ വന്ദ്യനേതാവിനെ സമീപിച്ചു. അദ്ദേഹം മലങ്കരയിൽ എഴുന്നെള്ളി; മുറിമററത്തിൽ പൗലൂസ് മാർ ഈവാനിയോസിനെ കാതോലിക്കയായി അഭിഷേകം

www.malankaralibrary.com



ചെയ്തു; തുടർന്നു് ഇങ്ങനെ കല്പനയെഴുതി: "............ മെത്രാപ്പോലീത്താമാരോടുകൂടി കാതോലിക്കാ നമ്മുടെ വിശുദ്ധ പിതാക്കന്മാരുടെ കാനോനുകൾക്കനുസൃതമായി നിങ്ങൾക്ക മേൽപ്പട്ടക്കാരെ വാഴിച്ചുതരികയും വിശുദ്ധമൂറോൻകൂദാശ ചെയ്തുതരികയും ചെയ്യും......"18

അന്ത്യോക്യാ പാത്രിയർക്കീസിന്റെ വിപ്രതിപത്തി വരുത്തിവെച്ച ദുർന്നിമിത്തങ്ങൾ പ്രതിരോധിക്കാൻ കെൽപ്പുററതായി കാതോലിക്കാസ്ഥാപനം.19

## അനർഘനേട്ടം

സുസ്ഥിതി കൊതിച്ചത്രേ കാതോലിക്കാസ്ഥാപനത്തിനു തുനിഞ്ഞതു്; പിണഞ്ഞതോ ദുസ്ഥിതിയും. വിഘ്നാതങ്ങൾ നിരന്നപ്പോൾ ആ സ്ഥാപനം കലുങ്ങിപ്പോയി. ഒരു ദുർവ്വഹ പ്രതിസന്ധിയാണു് സമുദായം നേരിടേണ്ടിവന്നതു്. പാത്രിയർക്കീസു വാദിച്ചു: "അബ്ദേദ്മശിഹോ സ്ഥാനഭ്രഷ്ടനാണു്. അദ്ദേഹം കൊടുത്ത പട്ടം പട്ടമല്ല. അദ്ദേഹത്തിൽനിന്നു സ്ഥാനം സ്വീകരിച്ച കാതോലിക്കാ വെറും ചുവപ്പുവേഷധാരിയാണു്." നിൽക്കക്കള്ളിയില്ലാത്ത അവസ്ഥ.

കാതോലിക്കായുടെ പട്ടം വകവെച്ചുകൊടുക്കുന്ന ഒരു സഭാകേന്ദ്രം വേണം. അതു പുരാതന സഭാസംസ്ഥാ

---

18. ഫാ. ഇഞ്ചക്കലോടി, മാർ ഈവാനിയോസ് 1–ാം ഭാഗം, p. 122.

19. കാതോലിക്കാസിംഹാസനത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക "വിസ്മരിക്കപ്പെടുന്ന നഗ്നയാഥാർത്ഥ്യം" എന്ന 5–ാം അദ്ധ്യായം കാണുക.

www.malankaralibrary.com



രവുമായിരിക്കണം. അന്നത്തെ അപ്രേംറഹമ്മാനി അതിനു സന്നദ്ധനായി. അന്ത്യോക്യയിലെ പുനരൈക്യപ്പെട്ടവരുടെ പാത്രിയർക്കീസാണ് അദ്ദേഹം. ഓർത്തഡോക്സു മേൽപ്പട്ടക്കാരെ സ്വീകരിക്കാൻ അദ്ദേഹം വിസമ്മതിക്കേണ്ടതില്ലല്ലോ. ഈ മഹാമനസ്കത സ്വീകരിക്കാൻ ഇലഞ്ഞിക്കൽ ശ്രീ. ഇ. ജെ. ജോണും മററും മടിച്ചു. അന്ത്യോക്യക്കാരുടെ ദൗർഗ്ഗാഠ്യം ഏതു ഗ്രൂപ്പിൽപ്പെട്ടവർക്കും ഉണ്ടാകാതിരിക്കയില്ലെന്നത്രേ അവരുടെ നിഗമനം; റോമുമായി നേരിട്ടുള്ള ബന്ധപ്പെടലാണ് അഭികാമ്യമെന്നു അവർ കരുതി.

കത്തുകാരാക്കു മാർ ഈവാനിയോസ് നിയുക്തനായി. റോമിൻെറ നയവിശേഷം അറിയുന്നതിനായിരുന്നു പ്രഥമത: അദ്ദേഹം ശ്രദ്ധിച്ചതു്. അതിനുവേണ്ടി ഫാദർ റിബെയിരോ വഴിയായി ഒരു കത്തയച്ചു. കൊല്ലം രൂപതയിലെ ഒരു മിഷനറിയായിരുന്നു പ്രോപ്പഗാന്താകോളജിലെ ഒരു പൂർവ്വവിദ്യാർത്ഥിയായ ആ വൈദികൻ. പ്രോത്സാഹനജനകമായ മറുപടിയാണ് റോമിൽനിന്നു ലഭിച്ചതു്. ഓർത്തഡോക്സുകക്ഷിയിലെ മേൽപ്പട്ടക്കാരെല്ലാം ഒപ്പിട്ട ഒരപേക്ഷ തുടർന്നു റോമിലേക്കയച്ചു. മലങ്കരസ്സ അനുകൂലമായ തീരുമാനമാണ് ഇക്കാര്യത്തിൽ 11-ാംപീയൂസ് മാർപ്പാപ്പാ സ്വീകരിച്ചതു്. അന്ത്യോക്യൻ സുറിയാനിറീത്തു പാലിക്കുവാൻ അനുവദിച്ചും ഇവിടെയുള്ള മേൽപ്പട്ടക്കാരെ സ്ഥാനത്തിലും അധികാരത്തിലും സ്ഥിരപ്പെടുത്തിയും കൊണ്ടുള്ളതായിരുന്നു തീരുമാനം. 1930 ആഗസ്റ്റുമാസത്തിൽ ആ കത്തു മാർ ഈവാനിയോസിനു ലഭിച്ചു.[20]

---

20. Ref. മോൺ. വടശ്ശേരി, കത്തോലിക്കാസഭയും യാക്കോബായ വാദങ്ങളും, pp. 419 - 423.

www.malankaralibrary.com



പുത്തൻകൂർ പഴയകൂർ ഭിന്നത തീർക്കുന്നതിനുള്ള രാജവീഥി ഉൽഘാടിതമായി. ഇത്രമാത്രമല്ല ഇതിൻെറ ഫലം. മലങ്കരറീത്തു അംഗീകൃതമായി; ഇവിടത്തെ മേൽപ്പട്ടക്കാരുടെ സ്ഥാനവും അധികാരവും സ്ഥിരപ്പെടുത്തപ്പെടുകയും ചെയ്തു. ഇവ നിസ്സാരകാര്യമല്ല. അതിൻെറ ആഴം മനസ്സിലാക്കാൻ കഴിയുന്നവർക്കേ മാർ ഈവാനിയോസ് നിർവ്വഹിച്ച സമുദായസേവനത്തിൻെറ അനർഘത വ്യക്തമാകൂ.[21]

21. മലങ്കരറീത്തിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക 5, 6, 7, 8 എന്നീ അദ്ധ്യായങ്ങൾ കാണുക.

www.malankaralibrary.com

# II

# ഗുരുവും ശിഷ്യനും ഇരുവഴികളിലേക്ക്

യുഗപ്രഭാവന്മാരെന്ന വിശേഷണമത്രേ മലങ്കരയിലെ വട്ടശേരിൽ മാർ ദീവന്നാസ്യോസും ബഥനിയുടെ മാർ ഈവാനിയോസും അർഹിക്കുന്നത്. മലങ്കര ഭാസുരൻ എന്ന പേരിൽ ഒരാൾ പ്രകീർത്തിതൻ, ഭാരതന്യുമാൻ എന്ന് അപരൻ പ്രഖ്യാതൻ. ഗുരുവും ശിഷ്യനുമാണിരുവരും. ദൂരവ്യാപകഫലമത്രേ രണ്ടുപേരുടെയും പ്രവർത്തനങ്ങൾക്കുള്ളത്. ഇരുവരും ഒരേവഴിക്ക് ഏകമനസ്സോടെ ചിന്തിച്ചു, ഒരേവഴിക്ക് ഏകമനസ്സോടെ പ്രവർത്തിച്ചു. ഒരുവൻ അറിയാത്ത തീരുമാനം അപരൻ സ്വീകരിച്ചില്ല. മാർ ദീവന്നാസ്യോസിനെക്കാൾ ഉപരിയായി മറ്റൊരു ഗുരുവിനെ മാർ ഈവാനിയോസ് സ്നേഹിച്ചിട്ടില്ല: ഈവാനിയോസിനെക്കാൾ പ്രിയംകരനായ ഒരു അനുയായി മാർ ദീവന്നാസ്യോസിനുണ്ടായിരുന്നില്ല. മാർ ദീവന്നാസ്യോസ് എഴുതുന്നു: 'ഇഹലോകത്തിൽ നമ്മുടെ ബഥനിമെത്രാച്ചനെപ്പോലെ നാം ആരെയും സ്നേഹിക്കയും വിശ്വസിക്കയും ഉണ്ടായിട്ടി

www.malankaralibrary.com



ല്ല'[1] ഗുരുഭ്രതനെക്കുറിച്ചു മാർ ഈവാനിയോസു പറയുന്നു: 'തിരുമനസ്സുകൊണ്ടു് എന്റെ പിതാവും ഗുരുവുമാകുന്നു. യാതൊരു കളങ്കവും കൂടാത്തതായ സ്നേഹത്തോടും വിശ്വാസത്തോടും കൂടെയാണ് എന്റെ ബാല്യം മുതൽ ഇന്നോളം തിരുമേനിയെ ഞാൻ സ്നേഹിച്ചിട്ടുള്ളതു്'[2]

മലങ്കരസഭയുടെ സുസ്ഥിതിയായിരുന്നു ഇരുവരുടെയും ഒരേ ഒരു ലക്ഷ്യം. അബ്ദുള്ളാബാവയെ സ്വീകരിച്ചപ്പോഴും അദ്ദേഹത്തിന്റെ മുടക്കിനെ നേരിട്ടപ്പോഴും തുടർന്നുണ്ടായ കോളിളക്കങ്ങളിൽ പങ്കെടുത്തപ്പോഴും കതോലിക്കാസിംഹാസനം പുനഃസ്ഥാപിച്ചപ്പോഴും വട്ടിപ്പണക്കേസും സെമിനാരിസമരിക്കേസും എല്ലാം നടത്തിയപ്പോഴും ഒരേമനസ്സോടെ ഉള്ളഴിഞ്ഞുപ്രവർത്തിക്കാൻ രണ്ടുപേരെയും പ്രേരിപ്പിച്ചതു് ഈ ലക്ഷ്യം മാത്രമാണ്. മലങ്കരസഭയുടെ ഉന്നമനമെന്ന ഈ ലക്ഷ്യം തന്നെയാണ് ദൃഢബദ്ധരായ ഈ ഗുരുശിഷ്യന്മാർ തമ്മിൽ നിർഭാഗ്യംകൊണ്ടുണ്ടായ ഒരേ ഒരു അഭിപ്രായവ്യത്യാസത്തിനു ഹേതു.

'മലങ്കരയുടെ അടിത്തട്ടിൽ ഊറിക്കിടക്കുന്ന മ്ലേഛതകളെ കാണുവാനും മണക്കുവാനും' അനുഭവത്തിലൂടെ അവസരം കിട്ടിയ മാർ ഈവാനിയോസ് സമുദായത്തെക്കുറിച്ചു് ഒരു ഉറച്ച അഭിപ്രായത്തിലെത്തി: 'വഴക്കും വ്യവഹാരവും അന്തശ്ഛിദ്രവും കുഴപ്പവും നീങ്ങി, മേലിൽ ഒരുതരത്തിലും അവയൊന്നും തലപൊങ്ങാത

1 ഫാ. തോമസ് ഇഞ്ചയ്ക്കലോടി, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, ഒന്നാംഭാഗം, p. 336.

2 Ibid., p. 335.

www.malankaralibrary.com



വണ്ണം മലങ്കരസഭ ആയിത്തീരണമെങ്കിൽ, ദൈവമഹത്വത്തെയും ആത്മരക്ഷയേയും ജീവിതപ്രമാണമാക്കി അതിനു ജീവിക്കണമെങ്കിൽ, ക്രിസ്തീയസഭകളുടെ യോജിപ്പു പ്രായോഗികമായിത്തീരണമെങ്കിൽ, സർവ്വോപരി മലങ്കരസഭ ഉദ്ധരിക്കപ്പെടണമെങ്കിൽ, കാതൊലിക്കാ പുനരൈക്യം കൊണ്ടല്ലാതെ സാദ്ധ്യമല്ല'.3

മാർ ഈവാനിയോസിന്റെ സമുദായാനുഭവങ്ങൾ ഒററപ്പെട്ടവയല്ല. അവയെല്ലാം മാർ ദീവന്നാസ്യോസിനും ഉണ്ടായിട്ടുള്ളവയാണ്. അതികർക്കശങ്ങളായ പ്രതിബന്ധങ്ങളെ ഒരേമനസ്സോടും ഹൃദയത്തോടുമത്രേ ആ ധീരവ്യക്തികൾ നേരിട്ടതു്. മലങ്കരയുടെ സുസ്ഥിതിക്കു 'കാതോലികഐക്യ'മാണു പോംവഴിയെന്ന ആശയത്തിനു മാർ ദീവന്നാസ്യോസിന്റെ അറിവോ അംഗീകരണമോ ഉണ്ടായിരുന്നോ? വസ്തുതകൾ സംസാരിക്കട്ടെ!

1 കാതൊലിക്കയുടെ പട്ടം അസാധുവെന്ന പാത്രിയർക്കീസിന്റെ പ്രഖ്യാപനവും മാർ ദീവന്നാസ്യോസിന്റെ മുടക്കു സാധുവെന്നു ചീഫ് ജസ്റ്റീസ് വീരരാഘവയ്യങ്കാരുടെ കോടതിവിധിയും4 മൂലം അന്നു് ഓർത്തഡോക്സ്സമൂഹം ഗതിമുട്ടിയ സ്ഥിതിയിലെത്തി.

2 അന്ത്യോക്യയിലെ റഹമാനി പാത്രിയർക്കീസിന്റെ ഭരണത്തിലുള്ള സുറിയാനികത്തോലിക്കാ മെ

3 പുലിക്കോട്ടു ചേപ്പാട്ടു റമ്പാന്മാർ, മലങ്കരസഭയുടെ കഴൽ കണ്ണാടി p. 79.

4 1098 മീനം 10-ാം തിയതിയിലെ കോടതിവിധി.

www.malankaralibrary.com



ത്രാപ്പോലീത്തായെ മാർ ദീവന്നാസ്യോസ് സന്ദർശിച്ചു.[5]

3 അന്ത്യോക്യയിലെ റഹമാനി പാത്രിയർക്കീസിന്റെ ഒരു കത്ത് പരുമലവെച്ചു മാർ ദീവന്നാസ്യോസിനു കിട്ടി. പുനരൈക്യം സംബന്ധിച്ചുള്ളതായിരുന്നു ആ കത്ത്. അതിനു മറുപടിയെഴുതാൻ ഏർപ്പെടുത്തിയത് മാർ ഈവാനിയോസിനെയത്രേ. മറുപടിക്കു ചുമതലപ്പെടുത്തിക്കൊണ്ടു മാർ ദീവന്നാസ്യോസ് പറഞ്ഞു: 'യോജിക്കുന്നതിന് എനിക്കു സമ്മതമാണ്. സഹോദരന്മാരായ മേല്പട്ടക്കാരോടും പട്ടക്കാരിലും അൽമായക്കാരിലും പ്രധാനന്മാരായവരോടും ആലോചിച്ചശേഷമേ അവസാനതീരുമാനം എഴുതാൻ സാധിക്കയുള്ളു.[6]

4 രണ്ടാമത്തെ കാതോലിക്കാബാവാ മാർ പീലക്സിനോസ് (വാകത്താനം), കണ്ടനാട്ടമെത്രാൻ മാർ ഗ്രീഗോറിയോസ് (പിന്നീടു മൂന്നാമത്തെ കാതോലിക്കാ), മാർ ഈവാനിയോസ് എന്നിവരെ പരുമലസെമിനാരിയിലേക്കു മാർ ദീവന്നാസ്യോസ് ക്ഷണിച്ചുവരുത്തി. ആ ദുർഘടഘട്ടത്തിൽ സഭയുടെ ഭാവിനടപടികളെക്കുറിച്ചു മൂന്നുപേരുംകൂടി ആലോചിച്ചു തീരുമാനിക്കണമെന്നു നിർദ്ദേശിച്ചു; തീരുമാനം അദ്ദേഹം സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. റഹമാനി പാത്രിയർക്കീസിന്റെ കത്തു മാർ ദീവന്നാസ്യോസ് തന്നെ തിരുമേനിമാരെ കാണിച്ചു സംസാരിച്ചു. കാതൊ

---

5 മാർ ഈവാനിയോസിന്റെ ആത്മകഥാകഥനം, ഫാ. ഇഞ്ചയ്ക്കലോടിയുടെ മാർ ഈവാനിയോസ്, ഒന്നാം ഭാഗം p. 262.

6 Ibid., p. 264.

www.malankaralibrary.com



ലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ തിരുമേനിമാർ യോഗംകൂടി. സെക്രട്ടറിയായി മാർ ഈവാനിയോസ് പ്രവർത്തിച്ചു. അന്ത്യോക്യായുടെ കാനോനാകളും നടപടികളും അംഗീകരിക്കയും മലങ്കരയ്ക്കു സ്വദേശികളായ മേൽപ്പട്ടക്കാരെ തലമുറതലമുറയായി ലഭിക്കയും ചെയ്യുന്നവിധത്തിൽ കാതൊലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിന് വേണ്ട എഴുത്തുകുത്തുകൾ നടത്തുവാൻ സൂന്നഹദോസ് മാർ ഈവാനിയോസിനെ ചുമതലപ്പെടുത്തി.7

5 റഹമാനി പാത്രിയർക്കീസ് അയച്ചുകൊടുത്ത കുർബ്ബാനതക്സാ മാർ ഗ്രീഗോറിയോസും മാർ ഈവാനിയോസും കൂടി തിരുവല്ലാ പാലിയേക്കര ബഥനിപ്പള്ളിക്ക പടിഞ്ഞാറുവശമുള്ള ബഥനി അച്ചടിശാലയിൽ വച്ചു പരിശോധിച്ചു 8

6 റഹ്മാനി പാത്രിയർക്കീസിൻെറ കത്തു മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ വായിക്കുകയും കാതോലിക്കാ ബാവായുമായി ആലോചിച്ചു മറുപടി അയയ്ക്കാൻ മാർ ഈവാനിയോസിനെ ചുമതലപ്പെടുത്തുകയും ചെയ്തു.9

7 മി. കെ. വി. ചാക്കോ, ഫാ. മാത്യൂസ് പാറേട്ട് (പിന്നീട് മാത്യൂസ് മാർ ഈവാനിയോസ്) എന്നിവരൊത്ത് മാർ ഈവാനിയോസ് വാകത്താനത്തു

---

7 Ibid.

8 Ibid., p. 265.

9 Ibid.

www.malankaralibrary.com



പോയി കാതോലിക്കായെ സന്ദർശിക്കുകയും റഹമാനി പാത്രിയർക്കീസിന്റെ കത്തുകാണിച്ച് മറുപടി തയ്യാറാക്കുകയും ചെയ്തു 10 (മാർ ബസേലിയൂസ് ദ്വിതീയൻ കാതോലിക്ക സ്വന്തം കൈപ്പടയിൽ തയ്യാറാക്കിയ പ്രസ്തുത മറുപടിക്കത്തിന്റെ ബ്ലോക്കും പരിഭാഷയും ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് എന്ന പുസ്തകത്തിന്റെ 286, 287 എന്നീ പുറങ്ങളിലുണ്ട്)

8 പുനരൈക്യത്തിന്റെ ആവശ്യകത കാണിച്ചുകൊണ്ട് കണ്ടറ അരമനയിൽനിന്നു മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ 1102 ചിങ്ങം 15-ാം തിയതി മാർ ഈവാനിയോസിനു് എഴുതി11 (ഈ കത്തിന്റെ ബ്ലോക്ക് ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് എന്ന ഈ ഗ്രന്ഥത്തിൽ കാണാവുന്നതാണു്).

9 പുനരൈക്യത്തെക്കുറിച്ച് കാതോലിക്കാബാവയുമായി നടത്തിയ സംഭാഷണവിവരം ശ്രീ കെ. വി. ചാക്കോ മാർ ഈവാനിയോസിനെഴുതുന്നു: 'Bava assures that he is prepared to promote reunion with Rome provided he is not asked to anathematize any of the fathers or abjure any part of the faith he holds.' (പിതാക്കന്മാരിൽ ആരെയെങ്കിലും ശപിക്കുന്നതിനോ താൻ സ്വീകരിക്കുന്ന വിശ്വാസത്തിൽ ഏതെങ്കിലും ഭാഗം പരിത്യജിക്കുന്നതിനോ ആവശ്യപ്പെടാത്ത പക്ഷം റോമുമായുള്ള പുനരൈക്യത്തിനു താൻ സന്നദ്ധനാണെന്നു ബാവാ ഉറപ്പുനല്കുന്നു.)12

---

10 Ibid., p. 266. 11 Ibid., p. 268.
12 Ibid., p. 341.

www.malankaralibrary.com



ഈ വസ്തുതകൾ എന്താണ് വെളിപ്പെടുത്തുന്നത്? മാർ ദീവന്നാസ്യോസ് പുനരൈക്യത്തെ അറിഞ്ഞ് അംഗീകരിച്ചിരുന്നു. മററു മേൽപ്പട്ടക്കാർക്കും സമുദായ പ്രമുഖന്മാർക്കും ഇക്കാര്യം അറിയാമായിരുന്നു. അന്നത്തെ സാഹചര്യം ഇതിനു പ്രേരിപ്പിക്കുന്നതായിരുന്നു. എങ്കിൽ, എന്തിന് മാർ ദീവന്നാസ്യോസ് പുനരൈക്യത്തെ ചെറുത്തു? അഭിപ്രായവ്യത്യാസത്തിലൂടെ തനിക്കും ആപ്തമിത്രത്തിനും മനോവേദന ഉളവാക്കാൻ എങ്ങനെ ഇടവന്നു?

## അനുകൂലമായ കോടതിവിധി

4–7–1928–ൽ ചീഫ് ജസ്റ്റിസ് ചാററ് ഫീൽഡിന്റെ സമുദായക്കേസു വിധിയുണ്ടായി. മാർ ദീവന്നാസ്യോസിന്റെ മുടക്ക് അസ്ഥിരപ്പെടുത്തിക്കൊണ്ടായിരുന്നു വിധി. മാർ ദീവന്നാസ്യോസ് സംതൃപ്തനായി; സമാധാനത്തിനും കീഴ്പ്പെടലിനും ഒരുങ്ങി; വിട്ടുവീഴ്ചകൾക്കു തയ്യാറായി: അടുത്ത കാതോലിക്കായെ വാഴിക്കാതെ സമാധാനം സ്ഥാപിക്കാൻവരെ ഒരുങ്ങി. പുനരൈക്യാലോചനയിൽ നിന്ന് അങ്ങനെ പിന്തിരിയാനും ഇടയായി.

വ്യക്തിപരമായ സംതൃപ്തിക്കേ ഈ കോടതിവിധികൊണ്ടു കാരണമുള്ളൂ എന്നും സമുദായത്തിന്റെ ഭാഗധേയത്തെ ഇതു ബാധിക്കയില്ലെന്നുമായിരുന്നു മാർ ഈവാനിയോസിന്റെ പക്ഷം. പരിപൂർണ്ണഅധികാരത്തോടുകൂടിയ ദേശീയകാതോലിക്കായെ ശാശ്വതമായി ലഭിക്കുക, എ അക്കം കാനോൻ യഥാർത്ഥകാനോൻ എന്നു സ്ഥാപിക്കപ്പെടുക എന്നിവ സഭയുടെ സുസ്ഥിതി

www.malankaralibrary.com



ക്ക് അപരിഹാര്യമായി അദ്ദേഹം കരുതി. ഇവയൊന്നും തന്നെ കോടതി വിധികൊണ്ടു സാധിച്ചിട്ടില്ല.

അരശതാബ്ദക്കാലത്തെ ദുർവ്യവഹാരം വിലയായി കൊടുത്തിട്ടേ വട്ടശ്ശേരിത്തിരുമേനിയുടെ ഈ അന്ത്യോക്യാകീഴ്വഴക്കം സമുദായത്തിനു വരുത്തിവെച്ച കെടുതി ഒട്ടൊന്നു പരിഹരിക്കാൻ കഴിഞ്ഞുള്ളുവെന്നു ചിന്തകന്മാർ സമ്മതിക്കുന്നുണ്ട്. ശ്രീ എൻ. എം. ഏബ്രഹാം എഴുതുന്നു:

'വട്ടശ്ശേരിത്തിരുമേനിയുടെ ശ്രമങ്ങൾ ഫലപ്രദമായിപ്പോയെങ്കിൽ കാതോലിക്കാസ്ഥാപനം സജീവമായി നിലനിൽക്കുമായിരുന്നോയെന്നു സംശയിക്കുകയാണ്. അടുത്ത കാതോലിക്കായെ വാഴിക്കാതെ സമാധാനം സ്ഥാപിക്കാൻവരെ അദ്ദേഹം സന്നദ്ധനായതാണ്. പരിമിതമായ ഉൾഭരണസ്വാതന്ത്ര്യംകൊണ്ട് സഭ തൃപ്തിപ്പെടേണ്ടി വരുമായിരുന്നു.'13

'ഇപ്പോൾ നടക്കുന്ന വ്യവഹാരങ്ങളുടെ ഫലമായി ഉണ്ടാകാൻ പോകുന്നത് നാലു ശതാബ്ദങ്ങളായി നിലനിന്നു പോന്നവിധത്തിലുള്ള അന്ത്യോക്യാബന്ധം പൂർണ്ണമായി അവസാനിക്കുകയെന്നതാണ്''14

## *കടുത്ത ഭയവും തികഞ്ഞ തെററിദ്ധാരണയും*

കാതൊലികഐക്യത്തിൽ നിന്നു മാർ ദീവന്നാ

13 20-ാം നൂററാണ്ടിലെ മലങ്കരസഭ, p. 301.

14 Ibid.

www.malankaralibrary.com



സ്യോസിനെ പിന്തിരിപ്പിച്ച വേറൊരുകാരണം റോമായോടുള്ള കടുത്ത ഭയപ്പാടാണ്. ഐക്യമുണ്ടായാൽ റോമാ വഞ്ചിക്കും; മലങ്കരസഭയെ റോമയിൽ ലയിപ്പിക്കും; അങ്ങനെ മലങ്കരയുടെ വ്യക്തിത്വം കളഞ്ഞുകുളിക്കേണ്ടിവരും.

1 പുനരൈക്യ സന്ദേശവുമായി സമീപിച്ച പാറേട്ടച്ചനോട് അദ്ദേഹം പറയുന്നതു ശ്രദ്ധിക്കുക: 'കത്തനാരച്ചാ, നമ്മുടെ കഴുത്ത് അറുത്തു വേർപെടുത്തിയാലും നാം ഇതിനു് അനുകൂലിക്കയില്ല. റോമാസഭയുടെ വഞ്ചനകൾ നിങ്ങൾ അറിഞ്ഞിട്ടില്ല. അവർ ഒരു കാലത്തും നാം ആഗ്രഹിക്കുന്ന രീതിയിലുള്ള ഐക്യത്തിനു വഴങ്ങുകയില്ല. ഇതു നമ്മെ റോമയിൽ ലയിപ്പിക്കുന്നതിനുള്ള തന്ത്രമാണ്. നാം അനുവദിക്കുകയില്ല. റോമയിൽ ചേരുന്നവർ അതിൻെറ ഫലം അനുഭവിച്ചുകൊള്ളും.[15]

മലങ്കരയുടെ വ്യക്തിത്വം നഷ്ടപ്പെടുമെന്നുള്ള ഭയമാണ് മാർ ദീവന്നാസ്യോസിനെ കുഴയ്ക്കുന്നതു്. മാർ ഈവാനിയോസ് ആസൂത്രണം ചെയ്ത സഭൈക്യസംവിധാനത്തിൻെറ സവിശേഷത അദ്ദേഹം തെല്ലും മനസ്സിലാക്കിയില്ല. അത്തരക്കാർ വേറെയുണ്ട്. മാർ ദീവന്നാസ്യോസിൻെറ ജീവചരിത്രമായ 'നിത്യാക്ഷരങ്ങ'ളുടെ കർത്താവു് മാർ ഈവാനിയോസിനെ ഹസിച്ചുകൊണ്ടെഴുതുന്ന വാക്യങ്ങൾ ഈ വസ്തുത വെളിപ്പെടുത്തുന്നു:

2 ''മലങ്കരയിൽനിന്നുമാറി എന്നു പറയാനില്ല. അ

15 ഫാ. ലാസറസിൻെറ ഡയറി, നിത്യാക്ഷരങ്ങൾ II, p. 428.

www.malankaralibrary.com



ന്ത്യോക്യാപാത്രിയർക്കീസിന്റെ പേരു് തുബ്ദേനിൽ പറയേണ്ട സ്ഥാനത്തു പാപ്പായുടെ പേരുപറയുന്നു എന്നേയുള്ള. എന്നിങ്ങനെ പൂർണ്ണമായും ശരിയല്ലാത്ത പല വാദങ്ങളോ യുക്തികളോ തന്റെ നടപടിയെ നീതീകരിക്കാൻ ഈവാനിയോസ് ആവുംമട്ടു ശ്രമിച്ചു.''16

3 ''റോമാസഭയിൽ ചേരുന്നതു മോക്ഷത്തിനാണോ എന്ന ചോദ്യത്തിനു മാർ ഈവാനിയോസിന്റെ മറുപടി, 'Not for salvation, but for perfection (മോക്ഷത്തിനല്ല, പൂർത്തീകരണത്തിനാണു്)'' വീണ്ടും വീണ്ടും ഈ വാക്യങ്ങൾ എടുത്തുപറഞ്ഞു് ഇതിന്റെ അപഹാസ്യത വെളിപ്പെടുത്താൻ ''നിത്യാക്ഷര''ക്കാരൻ തത്രപ്പെടുന്നു.17

4 ''റോമായിലേക്കു പുറപ്പെട്ടവർ വെണ്ണിക്കുളത്തു് ഒരു സ്കൂളിൽ താമസിക്കുമ്പോൾ...''18

കൊടിയ തെററിദ്ധാരണയുടെ ആവർത്തിച്ചുള്ള തീക്കട്ടലുകളത്രേ മേലുദ്ധരിച്ച പ്രസ്താവനകൾ. തനിമയുള്ള മലങ്കരസഭയ്ക്കുള്ള സാദ്ധ്യത പുനരൈക്യത്തിലൂടെ ലഭ്യമല്ലെന്നത്രേ ഈ തെററിധാരണയുടെ സാരം. ''മലങ്കര റീത്തിലൂടെ തനിമയുള്ള മലങ്കരസഭ (Individual Church) യാണു് അംഗീകൃതമായിട്ടുള്ളതെന്നു് അവർ മനസ്സിലാക്കുന്നില്ല. മാർ ഈവാനിയോസിന്റെ പ്രസ്താവനകൾ തനിമയുള്ള മലങ്കരസഭയുടെ ലബ്ധിയെ

16 നിത്യാക്ഷരങ്ങൾ II, p. 401.

17 Ibid., pp 400, 433. 437, 440.

18 Ibid., p. 401.

www.malankaralibrary.com



യാണ് വെളിപ്പെടുത്തുന്നത്. "അവിടുന്ന് റോമയിൽ പോകുന്നുവോ?" എന്ന് അവസാനകൂടിക്കാഴ്ചയുടെ വേളയിൽ മാർ ദീവന്നാസ്യോസ് ചോദിച്ചതിനു മാർ ഈവാനിയോസ് മറുപടി പറഞ്ഞു: "ഞാൻ റോമയിൽ പോകാൻ നിശ്ചയിച്ചിട്ടില്ല. എന്നാൽ മാർപ്പാപ്പായും പാത്രിയർക്കീസും തിരുമേനിയും നാം എല്ലാവരുംകൂടി യോജിച്ച് കർത്താവിന്റെ ഏകസഭയായിത്തീരണം. ഈ വഴക്കും ഭിന്നതകളും ദൈവികമല്ല."[19]

മാർ ഈവാനിയോസിനോടു ഫാ. മാത്യു പാറേട്ടു പറഞ്ഞു: "നമ്മുടെ വിശ്വാസത്തിൽനിന്ന് അണുപോലും വ്യതിചലിക്കാതെയും പാത്രിയർക്കീസിനു നാം നല്കിയിട്ടുള്ള സ്ഥാനം മാത്രം പാപ്പാ സ്വീകരിച്ചുകൊണ്ടും നമ്മുടെ പാവപ്പെട്ട സഭയുമായി ഐക്യത യിൽ വരാൻ റോമാസഭ സമ്മതിക്കുമെങ്കിൽ അതു് അഭികാമ്യമായിരിക്കും."[20]

"റോമാസഭ" പ്രയോഗം ചിലർക്കു പ്രിയമുള്ളതാണ്. മലങ്കരറീത്തു മലങ്കരസഭയായിരിക്കുന്നതുപോലെ റോമൻ റീത്തു(ലത്തീൻറീത്ത്) റോമാസഭയാണ്. റോമാസഭയും കത്തോലിക്കാസഭയും ഒന്നല്ല. കത്തോലിക്കാസഭയിലെ തനിമയുള്ള ഒരു പ്രാദേശിക സഭയാണ് റോമാസഭ. മലങ്കരസഭ തനിമയുള്ള വേറൊരു പ്രാദേശികസഭയാണ്. മാർ ഈവാനിയോസ് റോമാസഭ

---

19 ഫാ. തോമസ് ഇഞ്ചക്കലോടി, മാർ ഈവാനിയോസ്, ഒന്നാംഭാഗം, p. 350.

20 നിത്യാക്ഷരങ്ങൾ II, p. 426.

www.malankaralibrary.com



യിൽ ചേർന്നെന്ന പ്രയോഗം ഈ വിഷയത്തിലുള്ള അറിവുകേടാണ് പ്രകടിപ്പിക്കുന്നത്.

മലങ്കരസഭ ഗ്ലൈഹികംതന്നെ. ഗ്ലൈഹികസഭ സാ്വതന്ത്രികമായിരിക്കണമെന്നില്ല. കാതോലികഐക്യം കൊണ്ടേ അതിനു പൂർണ്ണത ഉണ്ടാകൂ "റീശോദ് റാബോദ കുലഹ്ഹൻ ഹാവ്ദ്റൂമി" എന്ന ഹൂദായ കാനോൻ വാക്യം വിശദീകരിക്കുമ്പോൾ വട്ടശ്ശേരിത്തിരുമേനിതന്നെ ഇക്കാര്യം വെളിപ്പെടുത്തുന്നുണ്ട്.21 ഔദ്യോഗിക കാനോന്റെ നിർദ്ദേശപ്രകാരം റീശ്ശ പാത്രിയർക്കീസിനെ സ്വീകരിക്കാത്തിടത്തോളം ബുദ്ധിജീവികൾ പ്രസ്തുത സഭയിൽ അപൂർണ്ണത കണ്ടെത്തും. ഈ അപൂർണ്ണത നികത്തുകയാണ് മാർ ഈവാനിയോസ് ചെയ്തത്.

ഭീകരമായ തെററിദ്ധാരണയുടെ ദുർഭൂതമാണ് മാർ ദീവാന്നാസ്യോസിനെയും അനുയായികളെയും കുഴച്ചത്. വനാന്തരത്തിലൂടെ കൂരിരുട്ടത്ത നീങ്ങിയ ഒരു യാത്രക്കാരൻ ഒരു ഭൂതത്തെ കാണുകയും മോഹാലസ്യപ്പെട്ടു വീഴുകയും ചെയ്തു. മിന്നലിന്റെ വെളിച്ചത്തിൽ മാത്രമേ അതൊരു കൈചൂണ്ടിപ്പലകയാണെന്നു മനസ്സിലായുള്ളു. മാർഗ്ഗദർശനത്തിനു സഹായകമായ ചൂണ്ടുപലകയാണ് ഭൂതമെന്നു തെററിദ്ധരിച്ച് ബോധംകെട്ടു വീണത്. "തനിമയുള്ള സഭ" (Individual Church) യായി നീങ്ങുന്നതിനുള്ള അവകാശമാണ് "മലങ്കരറീത്തി"ലൂടെ മാർ ഈവാനിയോസ് നേടിയിട്ടുള്ളതെന്നു നിർഭാഗ്യമേ, ഇന്നും പലരും മനസ്സിലാക്കുന്നില്ല.

---

21 Cfr. വട്ടിപ്പണക്കേസ്, മലയാളമനോരമ പ്രസ്സ്, p. 1022.

www.malankaralibrary.com



## മാർ ദീവന്നാസ്യോസിൻെറ ഉററവർപോലും മാർ ഈവാനിയോസിൻെറ പാതയിൽ

മലങ്കരയുടെ സുസ്ഥിതിക്കുള്ള ഉത്തമമാർഗ്ഗം മാർ ഈവാനിയോസു നിർദ്ദേശിക്കുന്നതാണെന്നുള്ള ദൃഢബോദ്ധ്യം മാർ ദീവന്നാസ്യോസിൻെറ ഉററവരിൽ തന്നെയുണ്ടായി. സഭയുടെ അടിത്തട്ടിലേക്കിറങ്ങുവാനും മാർ ദീവന്നാസ്യോസും മാർ ഈവാനിയോസും ചൂണ്ടിക്കാട്ടുന്ന പദ്ധതികളെ ആത്മാർത്ഥമായി കണ്ടറിയുവാനും കഴിഞ്ഞിട്ടുള്ളവരാണവർ.

## 1 വി. എ. വറുഗീസ് വട്ടശേരിൽ ബി. എ. എൽ. ററി.

മാർ ദീവന്നാസ്യോസിൻെറ ജ്യേഷ്ഠസഹോദരപുത്രനായ ഇദ്ദേഹം ഇരുതിരുമേനിമാരും തമ്മിലുള്ള ദൃഢബന്ധം മനസ്സിലാക്കിയിട്ടുണ്ട്; രണ്ടുപേരുടെയും കത്തിടപാടുകളിൽ ഇടനിലയായി നിന്നിട്ടുണ്ട്; ഇവർ നടത്തിയ പുനരൈക്യാലോചനയുടെ സൂക്ഷ്മരഹസ്യങ്ങൾ അറിഞ്ഞിട്ടുണ്ട്. റഹമാനി പാത്രിയർക്കീസിനയയ്ക്കാൻ മാർ ഇവാനിയോസ് തയ്യാറാക്കിയ മറുപടിക്കത്തു മാർ ദീവന്നാസ്യോസിനെ കാണിച്ചതും രജിസ്റ്റർചെയ്തയച്ചതും ശ്രീ വി. എ. വറുഗീസാണ്. കുടുംബത്തലവനായ അഭിവന്ദ്യവ്യക്തിയോട് അതീവഭക്തനായ ഈ സമുദായസ്നേഹി, മലങ്കരയിലെ അനർത്ഥങ്ങൾ നികത്തുന്നതിനു മാർ ഈവാനിയോസ് കാട്ടുന്നതാണ് സ്വീകാര്യമാർഗ്ഗമെന്നു സമ്മതിച്ചേററുപറകയും ആ പാതയിൽ അണിനിരക്കയും ചെയ്തു.

www.malankaralibrary.com



## 2 ശ്രീ എ. പിലിപ്പോസ് എം. എ. ബി. എൽ.

ഹൃദ്യമായ അടുപ്പമാണ് റിട്ട. ജഡ്ജ് മാരേട്ട് എ പിലിപ്പോസിനു മാർ ദീവന്നാസ്യോസുമായുണ്ടായിരുന്നതു്. അദ്ദേഹം തിരുമേനിക്കെഴുതുന്നു: ''തിരുമേനിയോടുള്ള സ്നേഹം അടിയന്റെ ജീവിതത്തിന്റെ ഒരംശം ആകുന്നു. അടിയന്റെ ജീവിതത്തിൽനിന്നും അതു് വേർപെടുത്താവുന്നതല്ല.''22 എങ്കിലും, മാർ ഈവാനിയോസിന്റെ മാർഗ്ഗം മാത്രമേ സഭയെ ഉദ്ധരിക്കു എന്ന ബോദ്ധ്യം ആ ചിന്തകനെ കാതോലികൈക്യത്തിൽ ഉറപ്പിച്ചു.

22 എ. പിലിപ്പോസ്, കാതൊലിക പുനരൈക്യചിന്തകൾ p. 160.

www.malankaralibrary.com

# III

# ദുർഘടപാതയിലൂടെ 50 വർഷം

ഏകയോഗമായി പ്രവർത്തിച്ച രണ്ടു പ്രതിഭാശാലികൾ ഇരുവഴികളിലേക്കു തിരിഞ്ഞു. മാർ ദീവന്നാസ്യോസും മാർ ഈവാനിയോസും വ്യത്യസ്തപാതകളിലായി. അടി തെററിയാൽ ആനയും വീഴുമെന്നാണല്ലോ പ്രഗത്ഭമതിയായ മാർ ദീവന്നാസ്യോസിൻെറ താരയിലൂടെ നീങ്ങിയവർക്കുണ്ടായ അനുഭവം. കയ്പേറിയ പരിണതഫലങ്ങളായിരുന്നു അവരുടേതു്. 50 വർഷത്തിനിടയിൽ സമുദായസ്വസ്ഥതയുടെ മുഹൂർത്തങ്ങൾ അവിടെ അധികമുണ്ടായിട്ടില്ല.

### *വ്യവഹാര പരമ്പര*

1. തിരുവിതാംകൂർ ഹൈക്കോടതി ജഡ്ജിയായ ജി. ശങ്കരപ്പിള്ളയുടെ കാലത്തു് വട്ടിപ്പണക്കേസിൻെറ ഒരു വിധിയുണ്ടായി. മാർ ദീവന്നാസ്യോസിനു് അനുകൂലമായിരുന്നു അതു്. എ. അക്കമൊണു് ശരിയായ കാനോനെന്നും മുടക്കു് അസാധുവെന്നും വിധിച്ചു.

2. 1098 മീനം 10-ാംതീയതിയിലെ ചീഫ്

www.malankaralibrary.com



ജസ്റ്റീസ് വീരരാഘവയ്യങ്കാരുടെ വിധി വട്ടശ്ശേരിത്തിരുമേനിയുടെ മുടക്ക് സാധുവാണെന്ന് തീർപ്പുകല്പിച്ചു.

3. മെത്രാപ്പോലീത്തായുടെ മുടക്ക് അസാധുവാണെന്നും അദ്ദേഹവും കൂട്ടട്രസ്റ്റികളും വട്ടിപ്പണത്തിനു് അർഹരാണെന്നുമായിരുന്ന 4-7-1928-ലെ ചീഫ് ജസ്റ്റിസ് ചാററ്ഫീൽഡിൻെറ വിധി.

4. 1938 മാർച്ച് 10-ാംതീയതി പാത്രിയർക്കീസുഭാഗം ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കായുടെയും കൂട്ടട്രസ്റ്റികളുടെയും പേരിൽ സമുദായക്കേസ് കോട്ടയം ജില്ലാക്കോടതിയിൽ ഫയൽചെയ്തു. സ്പെഷൽ ജഡ്ജി ബി. കൃഷ്ണയ്യരാണ് കേസു വിസ്തരിച്ചതു്. 18-1-1943-ൽ അന്യായം ചെലവുസഹിതം തള്ളി.

5. പാത്രിയർക്കീസുപക്ഷം തിരുവിതാംകൂർ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിച്ചു. ചീഫ് ജസ്റ്റീസ് ററി. എം. കൃഷ്ണസ്വാമി അയ്യരും ജസ്റ്റീസ് നോക്സും ജസ്റ്റീസ് സത്യനേശനും ഉൾപ്പെട്ട ഫുൾബെഞ്ചു് വാദം കേട്ടു. 3-8-1946-ൽ പാത്രിയർക്കീസുഭാഗത്തേക്കു് അനുകൂലമായ വിധി പ്രസ്താവിക്കപ്പെട്ടു.

6. ഈ വിധി റിവ്യൂ ചെയ്യുന്നതിനു് ഓർത്തഡോക്സ്പക്ഷം അപേക്ഷിച്ചു. 21-12-1951-ൽ ഹൈക്കോടതി റിവ്യൂ ഹർജി തള്ളി. തിരുകൊച്ചി ഹൈക്കോടതിയിലെ ചീഫ്ജസ്റ്റീസ് കഞ്ഞിരാമനും ജസ്റ്റീസുമാരായ ജോസഫ് വിതയത്തിലും പി. കെ. സുബ്രഹ്മണ്യയ്യരും ഉൾപ്പെട്ട ഫുൾബെഞ്ചാണു് വാദം കേട്ടതു്..

7. 31-12-1956-ൽ കേരളാഹൈക്കോടതിയി

www.malankaralibrary.com



ലെ ജസ്റ്റീസ് ശങ്കരൻെറ വിധി കാതോലിക്കാസ്ഥാപനം അസാധുവെന്നു പ്രഖ്യാപിച്ചു. ഭരണഘടനമൂലം ഓർത്തഡോക്സ് കക്ഷി ഒരു പുതിയ സഭ സൃഷ്ടിച്ചിരിക്കയാൽ അവർ സഭസ്ഥിതരന്മാരായി ഭവിച്ചിരിക്കുന്നു. വസ്തുക്കളെ നടത്തിയെടുക്കാൻ പാത്രിയർക്കീസു കക്ഷിയെ കോടതി നിർദ്ദേശിച്ചു.

8. 1958-ൽ സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. ഹൈക്കോടതിയുടെ തീരുമാനത്തെ അസ്ഥിരപ്പെടുത്തി വിധിയുണ്ടായി. എല്ലാ കോടതികളിലെയും ചെലവു പ്രതികക്ഷികൾ കൊടുക്കാൻ ഉത്തരവിട്ടു. 1

9. കേരളാ ഹൈക്കോടതിയിലെ ബ. ജസ്റ്റീസ് ശ്രീ. ററി. ചന്ദ്രശേഖരമേനോൻ 1980 ജൂൺ 6-ാംതീയതി പ്രഖ്യാപിച്ച സ്പെഷൽകോടതിവിധി ശ്രദ്ധേയമാണ്. രണ്ടു കൂട്ടർക്കും വിജയം അവകാശപ്പെടാവുന്ന പ്രസ്തുത വിധിമൂലം മൂന്നു സാദ്ധ്യതകളാണ് സമുദായത്തിൻെറ മുമ്പിലുള്ളതു്. 1) വ്യവഹാരം തുടരുക; 2) ഭാഗംചെയ്തു വേർപിരിയുക; 3) പരസ്പരം യോജിക്കുക. ഏതു പാതയിലൂടെ നീങ്ങിയാലും പതിവിരിച്ചു പതിയിരിക്കുന്ന അപകടങ്ങളാണ് സൂക്ഷ്മദൃക്കുകൾ കാണുന്നതു്.

## സന്ധിശ്രമങ്ങൾ

അനുരഞ്ജനത്തിനു നടത്തിയിട്ടുള്ള ശ്രമങ്ങളും കുറച്ചൊന്നുമല്ല.

---

1. Cfr. 20-ാം നൂററാണ്ടിലെ മലങ്കരസഭ pp. 200-255.

www.malankaralibrary.com



1 വട്ടശ്ശേരിൽ തിരുമേനിയും സി. ജെ. കുര്യനും ജോൺ വക്കീലുമായി നടത്തിയ ആലോചന;

2 വട്ടശ്ശേരി തിരുമേനിയുടെ മർദ്ദീൻ യാത്ര;

3 ഇൻഡ്യാ വൈസ്രോയിയായിരുന്ന ഇർവ്വിൻ പ്രഭുവിൻെറ മദ്ധ്യസ്ഥാലോചന;

4 ഏലിയാസ് തൃതീയൻ പാത്രിയർക്കീസു ബാവായുടെ മലങ്കരസന്ദർശനം;

5 ആലുവാ പള്ളിപ്രതിപുരുഷയോഗം;

6 ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവായുടെ ഹോംസു യാത്ര;

7 ആലുവാ വട്ടമേശസമ്മേളനം;

8 ബിഷപ്പു പെക്കൻഹാംവാഷ് തിരുമേനിയുടെ ശ്രമങ്ങൾ;

9 ആർച്ചുബിഷപ്പ് ഗോറിൻെറയും കൽക്കട്ടാ മെട്രോപ്പോലീററൻ ബിഷപ്പ് വെസ്റ്റുകോട്ടിൻെറയും ശ്രമങ്ങൾ;

10 തിരുവനന്തപുരം വ്യവസ്ഥകൾ;

11 കെ. സി. ചാക്കോയുടെ അന്ത്യശ്രമങ്ങൾ;

12 പീസ്‌ലീഗിൻെറ സത്യാഗ്രഹ സംരംഭം;

13 സുപ്രീംകോടതി വിധിക്കുശേഷം കോട്ടയത്തെ സന്ധി സംഭാഷണങ്ങൾ;

14 കെ. എം. ചെറിയാൻെറ സന്ധിശ്രമങ്ങൾ. 2

2. Ibid., pp. 264, 265;

www.malankaralibrary.com



## എന്തൊരു വീഴ്ച!
## എത്ര വലിയ തകർച്ച!!

> ''ഒന്നു ശമിച്ചീടിൽ മററൊന്നുണ്ടീവണ്ണം
> പിന്നെയും പിന്നെയും വിപ്ലവമായ്
> പുത്തൻകൂർ നസ്രാണിമാരെത്രബീഭത്സ-
> ഗർത്തത്തിലേക്കു മറിഞ്ഞുവീണു!!'' 3

'സഭ ചപ്പ'യായി എന്നു വന്ദ്യ പുലിക്കോട്ടുറമ്പാൻ പറയുമ്പോൾ വ്യവഹാരം കാർന്നു്, നീരും മജ്ജയും വററിയ ആദ്ധ്യാത്മിക സമൂഹത്തെയാണു് സൂചിപ്പിക്കുന്നതു്. ഒററ നോട്ടത്തിൽ അതിൻെറ ദയനീയത വെളിപ്പെട്ടു.

### 1. വ്യവഹാര പ്രമത്തത

സുവിശേഷചൈതന്യമോ ആദ്ധ്യാത്മികാവേശമോ എന്നതിനേക്കാൾ അതിനെ നയിക്കുന്ന ഘടകം വ്യവഹാരപ്രമത്തതയായിരിക്കും.

> ''പള്ളികൾതോറും ഭിന്നകക്ഷികൾ ചിന്തും ചോര-
> ത്തുള്ളിയിൽ സ്നേഹത്തിൻെറ സന്ദേശം കുതിരുമ്പോൾ,
> ഈടാന്ന വിശ്വാസത്തിൻ സങ്കീർണ്ണ സത്യം നാനാ-
> കോടതി വരാന്തയിൽപ്പിന്നെയും കുരുങ്ങുമ്പോൾ,

---

3. വറുഗീസ് കിളിച്ചിമല, ധീരജേതാവു് p. 85.

www.malankaralibrary.com



ശക്തിയും മഹത്വവും തങ്ങടെ തൻ കക്ഷിക്കെന്ന
സത്യമേവക്കും ബോദ്ധ്യമാക്കുവാൻ, പക്ഷം രണ്ടും,
നിശ്ചയം ചെയ്തു ചേരാൻ, പട്ടണം നടുക്കും മ-
ട്ടുജ്ജ്വലതരമുഗ്രനശിരൻ സമ്മേളനം!''
''വാശിയാണെങ്കിൽ വാശി രണ്ടു കൂട്ടർക്കും;
വേണ്ടും
കാശിന്നുകാ; ശീഘ്രം ജയിച്ചു കണ്ടേ പറ്റൂ!'' 4

## 2. ആശാനു കൊടുക്കാത്തത് വൈദ്യനു്;

കാതോലിക ഐക്യത്തിനു വഴങ്ങാൻ മനസ്സില്ല. തന്മൂലം, വിശ്വാസവിഷയങ്ങടെ കോടതിത്തിണ്ണയിൽ അടിയറവു വെയ്ക്കേണ്ടിവരുന്നു. ശ്രീ. എ. പിലിപ്പോസ് പറയുന്നു: ''കാതോലികതത്ത്വങ്ങളും കാതോലിക ഭരണരീതിയും നിയന്ത്രിക്കുവാനുള്ള വാഹനം കോടതിയായിട്ടാണ് ഇപ്പോടെ നമുക്ക തീർന്നിരിക്കുന്നതു്. ഈ സംഗതികടെ കോടതിയുടെ കൈകളിൽ ഒരിക്കലും കൊടുക്കാവുന്നതല്ല. ഈ സംഗതികളെല്ലാം ദൈവിക കാര്യങ്ങളാണു്. ഇവയെല്ലാം മനസ്സാക്ഷിയെ ബന്ധിക്കുന്ന കാര്യങ്ങളാണു്. കോടതികടെ മനസ്സാക്ഷിയെ ബന്ധിക്കയില്ല. മനസ്സാക്ഷിയെ ബന്ധിക്കാൻ അധികാരമുള്ളവരുടെ കൈകളിലാണു് ഈ സംഗതികടെ തീരുമാനത്തിനായി വിട്ടുകൊടുക്കേണ്ടതു്.'' 5

കോടതിയും ഇതേ അഭിപ്രായം പുറപ്പെടുവിച്ചിട്ടു

---

4. ചെമ്മനം ചാക്കോ, വീണ്ടും കരിശിൽ
5. എ. പിലിപ്പോസ്, കാതോലിക പുനരൈക്യചിന്തകടെ p. 84.

www.malankaralibrary.com



ണ്ട്. ജസ്റ്റീസ് ശ്രീ. ചന്ദ്രശേഖരമേനോൻ തൻെറ വിധിയുടെ ആമുഖത്തിൽ പറയുന്നു: "മഹത്തായ ഈ സഭയിലെ രൂക്ഷമായ ഈ ഭിന്നതയ്ക്കു സന്തോഷകരമായ ഒരന്ത്യം ഉണ്ടാകുന്നതിനു് ഏകമാർഗ്ഗം ബന്ധപ്പെട്ട കക്ഷികൾ തമ്മിൽ കോടതിക്കു പുറത്തു് ഒത്തുതീർപ്പുണ്ടാകുക എന്നതു മാത്രമാണു്. ജീവിതത്തിൻെറ എല്ലാ മേഖലകളിലും ഒട്ടേറെ പ്രഗത്ഭമതികളെ സൃഷ്ടിച്ചിട്ടുള്ള ഈ സമുദായത്തിൻെറ നേതാക്കൾക്കു് ഇതു സാധിക്കാത്തതിൽ ഞാൻ അത്ഭുതപ്പെടുന്നു." 6

"...അതു് ഒരു വൈദികകോടതി തീരുമാനിക്കേണ്ട പ്രശ്നമാണെന്നും അങ്ങനെ ഒരു തീരുമാനത്തിൻെറ അഭാവത്തിൽ സിവിൽ കോടതികൾക്കു മെത്രാപ്പോലീത്തായും അനുയായികളും സഭയ്ക്കു് ഇതരരോ ശീശ്മക്കാരോ എന്നു പറയാൻ അധികാരമില്ലെന്നും കോടതി വിധിച്ചു." 7

ആശാനു കൊടുക്കാത്തതു വൈദ്യനും ഭാര്യയ്ക്കു കൊടുക്കാത്തതു വേശ്യയ്ക്കും ദൈവത്തിനു കൊടുക്കാത്തതു മാമോനും കൊടുത്തേ പററൂ എന്നാണീ ദയനീയതകൾ തെളിയിക്കുന്നതു്.

## 3. കാററു വിതച്ചു കൊടുങ്കാററ്

വ്യവഹാരത്തിൽ തഴങ്ങിയ സമൂഹത്തിലെ പള്ളികളും കീഴ്ഘടകങ്ങളും കലഹത്തിൽ ആവോളം ഉല്ല

6. ജസ്റ്റീസ് ശ്രീ. ററി. ചന്ദ്രശേഖരമേനോൻ സ്പെഷൽ ക്കോടതി വിധി, ആമുഖം.

7. Cfr. 4-7-1928-ലെ ഹൈക്കോടതി വിധി.

www.malankaralibrary.com



സിക്കുകയാണ്. സംയമനം പാലിക്കണമെന്നത്രേ 'ചർച്ച്വവീക്ക്ലിയുടെ അപ്പോഴത്തെ ഉൽബോധനം: ''കേസുവിധിയെ തുടർന്നു കട്ടപ്പുറം, മുളന്തുരുത്തി മുതലായ പള്ളികളെ പൊല്ലിയുണ്ടായ തർക്കങ്ങളും സംഘർഷാവസ്ഥയും ഹീനമായ കൈയേററശ്രമങ്ങളും തെററായ ക്രൈസ്തവസാക്ഷ്യത്തിന്റെ ഏററവും ഒടുവിലത്തെ പ്രകടനങ്ങളാണ്...'' 8 ശ്രീ. എ. പിലിപ്പോസ് വിലപിക്കുകയാണ്: ''...എല്ലാ പള്ളികളിലും കലഹങ്ങളും വഴക്കുകളും കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. എത്രയായിരം രൂപാ ഓരോ പള്ളിക്കും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഓരോ പള്ളിയിലും എത്രയെത്ര വ്യവഹാരമുണ്ടാകുന്നു. സാന്മാർഗ്ഗികമായും സാമ്പത്തികമായും ഇതുനിമിത്തം ഉണ്ടാകുന്ന നഷ്ടം പറയാൻ പ്രയാസമാണ്.'' 9

## 4. വിശ്വാസ ശുഷ്കത

സഭാസന്താനങ്ങളിൽ ഉണ്ടാകുന്ന ജീവിതത്തകർച്ചയും വിശ്വാസശുഷ്കതയുമാണ് ഏററം ദയനീയം. ശ്രീ. എ. പിലിപ്പോസ് എഴുതുന്നു: ''സത്യവിശ്വാസവും അതിനടുത്ത ആചാരങ്ങളും കുറഞ്ഞുകുറഞ്ഞു വരുന്നു... നിത്യജീവനെ നല്കുന്നതിനായി സഭയിൽ കർത്താവു ഭരമേൽപ്പിച്ചിട്ടുള്ള വി. കുമ്പസാരവും കർബ്ബാനയും അനുഷ്ഠിക്കുന്നവർ കുറഞ്ഞുവരുന്നു. അൽമേനികളിൽ സഭയുടെ നായകന്മാരായിരിക്കുന്നവർക്ക് അവ

---

8. ചർച്ച്വവീക്ക്ലി, മുഖപ്രസംഗം, 26 ഒക്ടോബർ 1980.
9. എ. പിലിപ്പോസ്, കാതോലിക പുനരൈക്യചിന്തകൾ p. 83.

www.malankaralibrary.com



യിൽ വിശ്വാസമില്ല, അവ അനുഷ്ഠിക്കുന്നുമില്ല. ആണ്ടു കുമ്പസാരവും കുർബ്ബാനയും പോലും അനുഷ്ഠിക്കാത്തവർ ഓരോ ഇടവകയിലും അസംഖ്യമുണ്ട്. ...ദൈവിക അനുസരണം ഇല്ലെന്നതാണ് മറ്റൊരു ദോഷം.''10

## 5. രാഷ്ട്രീയമോഡൽ സന്നദ്ധസേന

സഭ രാഷ്ട്രീയമോഡലിലേക്കു തരംതാണിരിക്കുന്നു. പള്ളി സംരക്ഷണത്തിനു രാഷ്ട്രീയമോഡൽ സന്നദ്ധസേന രൂപപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽകൂടിയ ഓർത്തഡോക്സ് സഭാമാനേജിംഗ് കമ്മിററിയാണ് ഈ തീരുമാനമെടുത്തത്. ഇതിനെക്കുറിച്ച് 'ചർച്ചുവീക്കിലി' വിലപിക്കുകയാണ്. സുവിശേഷപ്രചാരണത്തിനും ആതുരസേവനപ്രവർത്തനങ്ങൾക്കും മററും സന്നദ്ധസംഘങ്ങൾ രൂപവൽക്കരിക്കേണ്ട സ്ഥാനത്തു പ്രതിരോധസേനയ്ക്കു രൂപംകൊടുക്കുന്നതു് ന്യായപ്രമാണ കാലഘട്ടത്തിലേക്കുള്ള ഒരു തിരിച്ചുപോക്കല്ലേ എന്നു ചിന്തിക്കുന്നവർ കുറവല്ല. ക്രൈസ്തവസഭയുടെ നിലനില്പിലും വളർച്ചയിലും പുരാതനകാലം മുതൽതന്നെ ഇത്തരം സന്നദ്ധസംഘടനകൾക്കു സ്ഥാനമില്ലെന്നു ചരിത്രം വിളിച്ചറിയിക്കുന്നുണ്ട്, ത്യാഗത്തിന്റേയും സേവനത്തിന്റേയും പീഡകളുടേയും രക്തസാക്ഷിത്വത്തിന്റേയും ചരിത്രമാണ് സഭയുടേത്. ഈ മാനദണ്ഡം വെച്ചുനോക്കുമ്പോൾ ഗ്രേററുമാർച്ചും സത്യാഗ്രഹവും ഭീഷണികളും സന്നദ്ധസേനാരൂപവൽക്കരണവും മററും ക്രൈസ്തവമൂല്യങ്ങൾക്കും തത്ത്വങ്ങൾക്കും നിരക്കുന്നതല്ല. ഈ യാഥാർത്ഥ്യം മന

4 10. Ibid., pp. 81, 82,

www.malankaralibrary.com



സ്സിലാക്കാതെയുള്ള നീക്കങ്ങൾ ക്രൈസ്തവസാക്ഷ്യത്തെ ഒരു അക്രൈസ്തവരാജ്യത്തു കൂടുതൽ ബലഹീനമാക്കുകയേയുള്ളു.''11

## 6. സ്വതന്ത്രസഭയായി ഭാഗംപിരിയൽ

സ്പെഷ്യൽ കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഭാഗംപിരിഞ്ഞു സ്വതന്ത്രസഭയായി നിൽക്കുന്നതിൻെറ ഭംഗി ചിലരെങ്കിലും കാണുന്നുണ്ട്. നല്ലതു തന്നെ. ഇപ്പോൾതന്നെ നൂറുനൂറായി കീറിമുറിഞ്ഞിരിക്കുന്ന ക്രിസ്തീയതയിൽ ഒരു പുതിയ മുറിവിൻെറ കഷണംകൂടി ഉണ്ടാക്കുകയായിരിക്കും അതിൻെറ ഫലം. സഭൈക്യത്തിൻെറ ഘട്ടത്തിൽ ഒന്നുകൂടി വിഘടിതത്വമല്ലേ അതു വരുത്തുക? ആ പുതുസഭയിൽ സ്വസ്ഥത പ്രതീക്ഷിക്കാമോ? പരുമല സെമിനാരിയിലും തിരുവനന്തപുരം ഇടവകയിലും ഉത്ഭൂതമായിട്ടുള്ള വ്യവഹാരം നൽകുന്ന സൂചന എന്താണ്? ''പടപേടിച്ചു പന്തളത്തുചെല്ലുമ്പോൾ പന്തോം കുത്തിപ്പട'' ആയാലത്തെ സ്ഥിതി ഓർക്കേണ്ടതാണ്.

### അനുഭവപാഠം

''തെററിപ്പോയ് നമ്മളെന്നോർപ്പിക്കാനല്ലേയീ-
ശിക്ഷകളീശൻ തുടർന്നിടുന്നു''

ഈ ആശയം തന്നെ ശ്രീ. എ. പിലിപ്പോസ് പറയുന്നുണ്ട്. ''ഇപ്പോൾ സഭയിൽ കാണുന്ന അനിഷ്ടസംഭവങ്ങൾ ഒരു കാതോലികഐക്യത്തിൻെറ ആവശ്യ

---

11. ചർച്ചുവീക്ക്‌ലി, മുഖപ്രസംഗം, 26 ഒക്ടോബർ 1980.

www.malankaralibrary.com



കത നമ്മെ കാണിക്കാനായി ദൈവം നമ്മെ അടിക്കു ന്നതാകുന്നു. നാം കാണുകയില്ല എങ്കിൽ ദൈവം നമ്മെ കൂടുതൽ അടിക്കും.''12

കാലം ചെല്ലുന്തോറും ''ചാണക്കല്ലിലുരച്ച രത്നം'' പോലെ മാർ ഈവാനിയോസിൻെറ വീക്ഷണത്തിന് മാററും തെളിച്ചവും വർദ്ധിക്കുന്നു. സഭയിൽ വഴക്കും വ്യവഹാരവും കുഴപ്പവും നീങ്ങണമോ ?; ശാശ്വതശാന്തി അവിടെ പുലരണമോ ?; ദൈവമഹത്വവും ആത്മരക്ഷയും ജീവിതപ്രമാണമാക്കി അതിനു ജീവിക്കണമോ ?; മലങ്കരയിലെ അപ്പസ്തോലികസമൂഹം ഉദ്ധരിക്കപ്പെടണമോ ? എങ്കിൽ, കാതോലിക പുനരൈക്യം കൊണ്ടല്ലാതെ സാദ്ധ്യമല്ലെന്നാണ് ആ സൂക്ഷ്മദൃക്കിൻെറ നിഗമനം. അനുഗ്രഹത്തിൻെറ ഈ പാതയിൽ നിന്നു പിന്തിരിഞ്ഞതത്രേ മാർ ദീവന്നാസ്യോസിനെ പിഞ്ചെന്നവർക്കു പററിയ കുഴപ്പങ്ങൾക്കും ദയനീയതകൾക്കും ഹേതു.

★

★

12. എ. പിലിപ്പോസ്, കാതോലിക പുനരൈക്യചിന്തകൾ p. 80.

www.malankaralibrary.com

# IV

# വെട്ടിത്തുറന്ന വഴിയിൽ കുതിച്ചുകയററം

1. മലങ്കരറീത്തു തനിമയുള്ള മലങ്കരസഭ (Individual Church) ആണെന്നു പ്രസ്പഷ്ടമാക്കുവാൻ ഇക്കഴിഞ്ഞ 50 കൊല്ലംകൊണ്ടു സാധിച്ചിട്ടുണ്ട്. മലങ്കരയുടെ വ്യക്തിത്വം സംരക്ഷിക്കാൻ ഈ ഐക്യസംരഭത്തിനു സാധിക്കയില്ലെന്നായിരുന്നു പലരുടെയും പേടി. ഇതാ ചില പ്രസ്താവനകൾ.

സ്വന്തം വിശ്വാസത്തിൽനിന്നു വ്യതിചലിക്കാതെയും പാത്രിയർക്കീസിനു നൽകിയിട്ടുള്ള സ്ഥാനംമാത്രം പാപ്പാ സ്വീകരിച്ചുകൊണ്ടുമുള്ള ഒരു ഐക്യത്തെക്കുറിച്ചു ഫാ. മാത്യൂസ് പാറേട്ടു അറിയിക്കവേ മാർ ദീവന്നാസ്യോസ് ഉത്തരിച്ചു. "റോമാസഭയുടെ വഞ്ചനകൾ നിങ്ങൾ അറിഞ്ഞിട്ടില്ല. അവർ ഒരുകാലത്തും നാം ആഗ്രഹിക്കുന്ന രീതിയിലുള്ള ഒരു ഐക്യത്തിനു വഴങ്ങുകയില്ല. ഇതു നമ്മെ റോമയിൽ ലയിപ്പിക്കുന്നതിലുള്ള തന്ത്രമാണു്... റോമ്മിൽ ചേരുന്നവർ അതിൻെറ ഫലം അനുഭവിച്ചുകൊള്ളും."[1]

---

1 നിത്യാക്ഷരങ്ങൾ II, p. 428.

www.malankaralibrary.com



റീത്തനുവദിച്ചുകൊണ്ടുള്ള ഐക്യത്തെക്കുറിച്ചു മാർ ഈവാനിയോസ് സംഭാഷണം നടത്തവേ ഫാ. മാത്യു പാറേട്ടു പറഞ്ഞു: ''സഭകൾ ഒന്നായിത്തീരുക എന്നുള്ള ആദർശം സഫലമാകുന്നതിനു് എന്നാളും വിലങ്ങുതടിയായി നിൽക്കുന്നതു് റോമാസഭയാണു്. മററുള്ളവ എല്ലാം റോമാസഭയിൽ ലയിച്ചു സഭകൾ ഒന്നായിത്തീരണമെന്ന പിടിവാദം എന്നും പുറപ്പെടുവിച്ചിട്ടുള്ള അവർ നമ്മുടെ സഭയെ തുല്യയായി, സഹോദരിയായി അംഗീകരിച്ചു യോജിക്കുമെങ്കിൽ കുഴപ്പമില്ല. അവർ അതിനു തയ്യാറാകുമെന്നു് എനിക്കു തോന്നുന്നില്ല''.2

റീത്തനുവദിപ്പിച്ചുകൊണ്ടുള്ള യോജിപ്പിനെക്കുറിച്ചു മററു മേൽപ്പട്ടക്കാരുടെ അഭിപ്രായം: ''റോമാസഭ ഈ വിധമുള്ള ഒരു യോജിപ്പിനു തയ്യാറാവുമോ എന്നു് അവർ ഓരോരുത്തരും പാറേട്ടച്ചനെപ്പോലെതന്നെ സംശയാലുക്കളായി''.3

മലങ്കരസഭയുടെ വ്യക്തിത്വം പുലർത്താൻ കത്തോലിക്കാ ഐക്യംകൊണ്ടു സാധിക്കയില്ലെന്നത്രേ ഒട്ടുമിക്കവരും പേടിച്ചുവശായതു്. ഈ ഭീതി അസ്ഥാനത്താണെന്നു് ഇപ്പോൾ തെളിഞ്ഞുകഴിഞ്ഞു. മലങ്കര റീത്തെന്നാൽ തനിമയുള്ള മലങ്കരസഭ (Individual Church) തന്നെയെന്നു കരതലാമലകംപോലെ ഇന്നു പ്രസ്പഷ്ടമായിരിക്കുന്നു.4

---

2 Ibid., p. 426.

3 Ibid., p. 427.

4 Cfr. ഫാ. വറുഗീസ് കിളിച്ചിമല, മലങ്കര കത്തോലിക്കാ സഭയും ലക്ഷ്യബോധവും.

www.malankaralibrary.com



## 2 എതിരാളികളുടെ മനക്കണക്കുകൂട്ടൽ കാററിൽ പറത്തി

മലങ്കര സഭൈക്യത്തിന്ന സുനിശ്ചിതഭാവിയുണ്ടെന്നും അതു നാമാവശേഷമാകയില്ലെന്നും 50 വർഷത്തെ വളർച്ചകൊണ്ടു തെളിയിച്ചു. മാർ ഈവാനിയോസും അനുയായികളും കയറിയ വള്ളം അറബിക്കടലിലെ തിരമാലകളിൽ തകർന്നു തരിപ്പണമാകുമെന്നായിരുന്നു വലിയ കൊട്ടിഘോഷം. പുനരൈക്യപ്രസ്ഥാനമാകുന്ന വള്ളം മുങ്ങിത്താഴുന്നതു കാണാൻ കണ്ണിലെണ്ണയൊഴിച്ച് ആററുനോററിരുന്ന ''ഭൂതക്കണ്ണാടി''ക്കാരെ ശ്രദ്ധിക്കുക: ''...വള്ളം വെള്ളം കയറി നിറഞ്ഞു. കന്യാസ്ത്രീകളുടെ ആർത്തനാദം അന്തരീക്ഷത്തിൽ മാറെറാലിക്കൊണ്ടു...ഇനിയും അവർക്കു എന്തുചെയ്യാൻ സാധിക്കും. വള്ളം മുങ്ങിത്തുടങ്ങി. പുലിക്കോട്ടു റമ്പാൻ, 'വഞ്ചകപ്രഭോ! അവിടുന്നു പറഞ്ഞ വിമാനം എവിടെ? എന്നു പറഞ്ഞു തലചുററി വീണതു് മാർ ഈവാനിയോസിൻെറ പുറത്തു്''. അവിടെ കൂട്ടബഹളമായി. ഈ ബഹളങ്ങളെല്ലാം കൂടിയായപ്പോഠ സ്ത്രീകളും അമ്പരന്നു വശരായി. അതേ നീണ്ടകരപ്പാലത്തിങ്കൽ നിന്നു വിമാനത്തിൻെറ ആഗമനത്തെ പ്രതീക്ഷിച്ചു പുറപ്പെട്ട ആ ചെറുവള്ളം മു...ങ്ങി...പ്പോ...യി. ഹാ! എങ്ങനെ സഹിക്കും. മെത്രാനച്ചന്മാരും റമ്പാന്മാരും സാധുക്കളും കന്യാസ്ത്രീകളും അനാഥക്കുഞ്ഞുങ്ങളും കൂടി അതാ ജീവസംരക്ഷണത്തിനു വേണ്ടി ജീവകാരുണ്യമില്ലാത്ത ഭയങ്കരതിരമാലകളോടു മല്ലടിക്കുന്നു''[5] ഈ മനക്കണക്കുകൂട്ടൽ അമ്പേ, പൊളിഞ്ഞുപോയി. പുനരൈക്യ

---

5 മലങ്കരസഭയുടെ ഭൂതക്കണ്ണാടി, p. 87.

www.malankaralibrary.com



പ്രസ്ഥാനത്തിൻെറ 10കൊല്ലത്തെ പുരോഗതികണ്ട പ്പോാം സരസസാഹിത്യകാരനായ ശ്രീ വി. റ്റി ഐയ്പ് എഴുതി:

''പത്തേ പത്തിഹകൊല്ലം കൊണ്ടീ—
റീത്തിനണഞ്ഞൊരു ഭാവാന്തരമിത്ഥ
പാർത്താലിതിന്റെ ഭാവിസുനിശ്ചിത—
ഭാസുരമെന്നതിനല്ല വിവാദം''

സുവർണ്ണജൂബിലി ഘോഷിക്കുന്ന ഇന്നത്തെ സ്ഥിതിയോ? ഇതിൻെറ സുസ്ഥിരഭാവിയെ ഇന്നു സംശയിക്കാൻ ആക്ക കഴിയും?

## 3 വ്യവഹാരമില്ലാത്ത അമ്പതു വർഷം

മലങ്കര സമുദായത്തിൽ ജനിച്ച മേൽപ്പട്ടക്കാരും പട്ടക്കാരും ജനങ്ങളും ഉരംപ്പെടുന്ന ഈ സമൂഹം ഇക്കഴിഞ്ഞ 50 വത്സരക്കാലം വ്യവഹാരവും കോടതികയറലും കൂടാതെ കഴിഞ്ഞുവെന്നതു് ആശ്വാസകരമല്ലേ?

## 4. സാർവ്വത്രികഐക്യത്തിൻെറ സംതൃപ്തി

മലങ്കരസഭയുടെ തനിമ സംരക്ഷിച്ചുകൊണ്ടും മാർപ്പാപ്പായുടെ കീഴിലുള്ള ലത്തീൻസഭ, അലക്സാന്ത്രിയൻസഭ, മാറോനീത്താസഭ, അർമ്മോനിയൻസഭ, ബൈസൈൻെറൻസഭ എന്നിവകളോട്ടു് ഏകോദരസാഹോദര്യം പുലർത്തിക്കൊണ്ടും ക്രൈസ്തവസാർവ്വത്രികതയിൽ പങ്കുകൊള്ളുന്നതിൻെറ ആത്മസംതൃപ്തി അനുഭവവേദ്യമാക്കുവാൻ മാർ ഈവാനിയോസിനെ പിഞ്ചെന്നവക്ക സാധിച്ചു.

www.malankaralibrary.com



## 5 ആദ്ധ്യാത്മീക വളർച്ച

360 വൈദികരും 172 വൈദികവിദ്യാത്ഥികളും 712 സന്യാസികളും 714 ഇടവകകളും 3 ലക്ഷത്തോളം ജനങ്ങളുമാണു് ഇന്നു മലങ്കര കത്തോലിക്കാ സഭയിലുള്ളതു്. ദൈവവിളിയുടെ കാര്യത്തിൽ സമൂഹം ധന്യമെന്നു് ഈ കണക്കു കാണിക്കുന്നുണ്ടല്ലോ. എല്ലാ ഇടവകകളും തന്നെ ദൈവവിളികൊണ്ടു അനുഗ്രഹീതമാണു്. തിരുവല്ലാ രൂപതയിൽ പെട്ട 80 കുടുംബങ്ങൾ മാത്രമുള്ള കടമാൻകുളം ഇടവകയിൽ നിന്നു് ഒരു ആർച്ചുബിഷപ്പും 13 വൈദികരും 12 വൈദികവിദ്യാത്ഥികളും 12 കന്യാസ്ത്രീകളും ഇതിനകം ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടു്. 100 കുടുംബങ്ങളുള്ള ചെങ്ങരൂർ ഇടവക (തിരുവല്ലാരൂപത)യിൽ നിന്നു് 12 വൈദികരും 2 വൈദികവിദ്യാത്ഥികളും 17 സന്യാസികളും ഉണ്ടായിരിക്കുന്നു. ത്യാഗാത്മകജീവിതത്തിനുള്ള ഇത്തരം ദൈവവിളികൾ ആളും അത്ഥവും പ്രൗഢിയുമുള്ള സമീപത്തെ ഓർത്തഡോക്സു ഇടവകകളിൽ വളരെ വിരളമാണു്. ആദ്ധ്യാത്മിക വളർച്ചയുടെ അളവുകോലാണല്ലോ ദൈവവിളിവർദ്ധന.

## 6 ആഗോളസഭയ്ക്കു സംഭാവന

"ലോകസംസ്ക്കാരത്തിനു സംഭാവന ചെയ്യുവാൻ കൈമുതലൊന്നുമില്ലാത്തതു്"6 എന്നു മലങ്കരസഭയെ ചിലർ വിശേഷിപ്പിച്ചിട്ടുണ്ടു്. ഈ ആശയം ചർച്ചവീക്കിലിയും ഉയർത്തിക്കാട്ടുന്നു "ഇത്രയേറെ വർഷങ്ങൾ

---

6 റവ. ഡോ. സി. എ. എബ്രഹം, എസ്. എച്ച്. ലീഗ്, Sept. 1958 p. 35.

www.malankaralibrary.com



വ്യവഹാരം നടത്തി മുടിഞ്ഞുകൊണ്ടിരിക്കുന്നതിൽ ഒരു യുക്തിഭംഗവും നാം കാണുന്നില്ലേ? ക്രൈസ്തവസ്നേഹവും സൗമനസ്യവും ലോകത്തിനു നല്കുവാനും ലോകജനത്തിനു വെളിച്ചമായി പ്രകാശിക്കുവാനും ലോകത്തിലേക്ക അയയ്ക്കപ്പെട്ട മലങ്കര സുറിയാനി സഭയുടെ ഒരു നൂറ്റാണ്ടിലെ സാക്ഷ്യം എന്താണ്? ഒരു കമ്മീഷനെ നിയോഗിച്ച് യഥാതഥമായി അതിനെ വിലയിരുത്തുവാൻ ഉദ്യമം നടത്തുമോ?''[7] അഖിലലോകക്രിസ്തീയതയ്ക്ക് എളിയ സംഭാവന നല്കുന്ന കാര്യത്തിലും മലങ്കര കത്തോലിക്കാസഭയെ ദൈവം കരുവാക്കി. മലങ്കരസഭയും കത്തോലിക്കാസഭയുമായുള്ള ഗാഢവും ഹൃദ്യവുമായ സംശ്ലേഷണത്തിലൂടെ ആഗോളഎക്യുമെനിക്കൽ സംരംഭത്തിന് ഏററം സാരവത്തായ മാർഗ്ഗദർശനം നല്കുവാൻ മാർ ഈവാനിയോസ് വെട്ടിത്തുറന്ന വഴിത്താരയ്ക്കു കഴിഞ്ഞിരിക്കുന്നു.

## 7 ആത്മസംതൃപ്തി

വിവിധതലങ്ങളിലുള്ളവരാണ് കേരളത്തിലെ ക്രൈസ്തവൈക്യപ്രസ്ഥാനത്തിലണിനിരന്നത്. മാർ ഈവാനിയോസ്, മാർ തെയോഫിലോസ്, മാർ സേവേറിയോസ്, മാർ ദീയസ്കോറോസ് എന്നീ അഭിവന്ദ്യ തിരുമേനിമാരും വന്ദ്യദിവ്യശ്രീമാന്മാരായ ചേപ്പാട്ടു പിലിപ്പോസ്, പുലിക്കോട്ടു ജോസഫ് എന്നീ റമ്പാന്മാരും

---

7 ചർച്ചവീക്കിലി, മുഖപ്രസംഗം, 3 ആഗസ്റ്റ് 1980.

www.malankaralibrary.com



മാക്കീലച്ചൻ മാരേട്ടച്ചൻ
തൈക്കാട്ടച്ചൻ തൈക്കടവച്ചൻ
ചെറിയ മഠത്തിലെ രണ്ടച്ചന്മാർ
തറയപ്പട്ടയിലച്ചൻവേറെ
ചിററക്കാട്ടിലെ ബലവാനച്ചൻ
കഴിവുകളുള്ള കാലേക്കാട്ടച്ചൻ
നടുവിലെയിടമതിലച്ചൻ വന്ദ്യൻ

പാടവമേറിന ബി. ഡിയച്ചൻ തുടങ്ങിയവരെക്കൂടാതെ കരവട്ടു സൈമൺ കോർ എപ്പിസ്കോപ്പാ, വാലയിൽ വി. സി. ഗീവറുഗീസ് കോർ എപ്പിസ്‌സ്കോപ്പാ, ഫാ. ററി. വി. ജോൺ. ഡോ. സി. എ. ഏബ്രഹാം തുടങ്ങിയ പ്രഗത്ഭമതികളായ അനേകം വൈദികരും റിട്ടയാർഡു ജഡ്ജി മാരേട്ടു എ. പിലിപ്പോസ്, പി. എ ഏബ്രഹാം ബി. എ. ബി. എൽ., കെ വി. ചാക്കോ ബി. എ. എൽ. ററി., ബാരിസ്റ്റർ ജോർജ്ജ് ജോസഫ്, ഈ. എ. വറുഗീസ്, എം. എ. ബി. എൽ, റാവുസാഹിബ് പി. കെ. വറുഗീസ്. വട്ടശ്ശേരിയിൽ വി. എ. വറുഗീസ് ബി. എ. എൽ. ററി തുടങ്ങിയ വിദ്യാസമ്പന്നരും അക്കൂട്ടത്തിൽ പെടുന്നു. കൊടുങ്കാററത്ത് ആഞ്ഞുലഞ്ഞ വൃക്ഷക്കൊമ്പത്തിരുന്നു വീർപ്പുമുട്ടിയ പക്ഷിക്കുഞ്ഞു് സുരക്ഷിതവും സുഭിക്ഷവുമായ സ്ഥാനത്തണഞ്ഞപ്പോഠം ഉണ്ടായ ആത്മസംതൃപ്തിയത്രേ അവർക്കു് അനുഭവവേദ്യമായതു്. ശ്രീ എ. പിലിപ്പോസ് വട്ടശ്ശേരിത്തിരുമേനിക്കു് എഴുതുന്നു: കാതോലികഐക്യത്തെ വിലയേറിയ മുത്തുപോലെയാണു് അടിയൻ വിചാരിക്കുന്നതു്. 'മാൻ നീർപ്പുഴയെ വാഞ്ഛിക്കുന്നതുപോലെ' അടിയൻെറ ആത്മാവു കാതോലികഐക്യത്തെ ആഗ്രഹിക്കുന്നു ............. തിരുമേനി

www.malankaralibrary.com



ക്കം മററും അതിൽ വലിയ ദുഃഖമുണ്ടെന്നു അടിയനു നല്ലതുപോലെ അറിയാം. എന്നാൽ, നമ്മുടെ കർത്താവിൻെറ കുരിശിനെ എടുക്കുന്നവർ അതിനെ വഹിച്ചുകൊണ്ടു പിറകോട്ടു നോക്കാതെ മുൻപോട്ടു നോക്കാൻ ക്ഷമതലപ്പെട്ടവരാണല്ലോ. അങ്ങനെ അവൻെറ കുരിശും എടുത്തുകൊണ്ടു് അവൻെറ പിന്നാലെ പോകുമ്പോഠ സകല ദുഃഖത്തേയും അവൻ സന്തോഷമാക്കിത്തീർക്കുമെന്നും അടിയൻ വിശ്വസിക്കുന്നു'[8]

## 8 സുവിശേഷസാക്ഷ്യം

മാർത്തോമ്മാശ്ലീഹായുടെ സഭയ്ക്കു സുവിശേഷവൽക്കരണത്തിൻെറ ഗൗരവാവഹമായ ഒരു ഉത്തരവാദിത്വമുണ്ടു്. കലഹപ്രമത്തതകൊണ്ടു തമ്മിൽ തല്ലിത്തലകീറുന്ന സമൂഹത്തിനു് ഈ ഉത്തരവാദിത്വം നിറവേററുക സാധ്യമല്ല. ക്രിസ്തുവിൻെറ സുവിശേഷചൈതന്യത്തിനു മാതൃക കാട്ടുവാൻ സഹോദരന്മാർ ഒന്നിക്കുന്നതിനുള്ള സന്ദേശമത്രേ മലങ്കര കത്തോലിക്കാ സഭയ്ക്കുള്ളതു്.

8. എ. പിലിപ്പോസ്, കാതോലിക പുനരൈക്യചിന്തകാഠ, pp. 158, 160.

www.malankaralibrary.com

# V

# വിസ്മരിക്കപ്പെടുന്ന നഗ്നയാഥാർത്ഥ്യം*

ഇങ്ങനെയുമുണ്ടോ മറവി ? പൂജ്യപൂജാലംഘനം ശ്രേയസ്സു കെടുത്തുമെന്നത്രേ പറച്ചിൽ. ഓർക്കേണ്ട കാര്യം മറന്നാലത്തെ സ്ഥിതിയും മറിച്ചല്ല. മറവി മനഃപൂർവ്വമാണെങ്കിൽ കെടുതി പറയാനുമില്ല. മറക്കാനുള്ള യത്നം സംഘടിതമായാൽ പിണയുന്ന അമളിക്കു ചരിത്രം പൊറുതി തരികയുമില്ല.

കാതോലിക്കാ സപ്തതി സാഘോഷം കൊണ്ടാടപ്പെട്ടു. അനുസ്മരിക്കേണ്ട ഒരു യാഥാർത്ഥ്യം സൗകര്യപൂർവ്വം വിസ്മരിക്കുന്നെന്ന തോന്നലിന് സപ്തതി സംബന്ധിച്ച പ്രസ്താവനകൾ ഇടനല്കുന്നു. ഇതാ ചില പ്രസ്താവനകൾ.

1. ''കിഴക്കിന്റെ കാതോലിക്കാസ്ഥാപനം ആദ്യമായി ഉണ്ടായതു് എ. ഡി. 231–ൽ സെലൂക്ക്യയിലായിരുന്നു. പിന്നീടതു തിഗ്രീസിലേക്കുമാററി. ആ കാതോലിക്കാസ്ഥാപനം 1912–ൽ മലങ്കരയിലേക്കു

* 1982–ൽ ആഘോഷിച്ച കാതോലിക്കാ സപ്തതിയെത്തുടന്നു എഴുതിയതു്.

www.malankaralibrary.com



മാററിസ്ഥാപിച്ചു. ഇന്ത്യയിൽ പ. തോമാശ്ലീഹാ സ്ഥാപിച്ചതാണെല്ലോ മലങ്കരസഭ. തന്മൂലം, ഇവിടെ ഒരു കാതോലിക്കേററിനു പാരമ്പര്യമുണ്ട്. അങ്ങനെ മാററി സ്ഥാപിച്ചതിൻെറ സപ്തതിയാണ് ഇപ്പോഠം ആഘോഷിക്കുന്നത്.'' 1

2. ''1912-ൽ അബ്ദൽമിശിഹാ കേരളത്തിൽ വന്നു. ദീവന്യാസ്യോസിനെ മുടക്കിയതിലുള്ള അമർഷം മൂലം മലങ്കരസഭാവിശ്വാസികളാണ് അബ്ദൽമിശിഹായെ ക്ഷണിച്ചത്. മുമ്പ് മെസപ്പൊട്ടോമിയായിലെ തിഗ്രീസിൽ ഉണ്ടായിരുന്നതും ഇടക്കാലംകൊണ്ട് നിന്നുപോയിരുന്നതുമായ 'മഫ്രിയാനാ' സ്ഥാനം. (കാതോലിക്കേററ്) മലങ്കരയിലെ മാർത്തോമ്മായുടെ സഭയിൽ പുന:സ്ഥാപിക്കുവാൻ അദ്ദേഹം സന്നദ്ധനായി.'' 2

3. ''പാത്രിയർക്കീസുമാരുടെ തത്വദീക്ഷയില്ലാത്ത കടന്നാക്രമണങ്ങളും അധികാരാവകാശവാദങ്ങളും മലങ്കരസഭയ്ക്ക് സഹിക്കാനാവാത്ത ഒരു കാലഘട്ടത്തിലാണ് അന്ത്യോക്യൻസഭയിൽ രണ്ടു പാത്രിയർക്കീസുമാർ ഒരേ സമയം ഉണ്ടായതും മലങ്കരസഭ സീനിയർ പാത്രിയർക്കീസായ അബ്ദൽമിശിഹായെ ക്ഷണിച്ച് 1912-ൽ നിരണത്തുവെച്ച് കാതോലിക്കേററു പുന:സ്ഥാപിച്ചതും.'' 3

---

1. പ. കാതോലിക്കാബാവാ മാർത്തോമ്മാ മാത്യൂസ് പ്രഥമൻ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1982 സെപ്തം., 5-11.
2. പ്രൊഫ. സി. ജെ. മണ്ണുമ്മൂട്, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1982 സെപ്തം., 5-11.
3. കെ. വി. മാമ്മൻ, ചർച്ചവീക്ക്ലി, ആഗസ്റ്റ് 29, 1982

www.malankaralibrary.com



4. ആധികാരികചരിത്രഗ്രന്ഥങ്ങളിലെ വിവരണവും ഇതേ രീതിയിൽ തന്നെ. "20-ാം നൂററാണ്ടിലെ മലങ്കരസഭ" എന്ന ഗ്രന്ഥത്തിൽ "കാതോലിക്കാസിംഹാസനചരിത്രം" എന്ന ലേഖനത്തിന്റെ കർത്താവു പറയുന്നു: 'അങ്ങനെ സഭയിൽ ഒരു ചേരിതിരിവ് ഉത്ഭവിച്ചപ്പോൾ സഭയുടെ സ്വാതന്ത്ര്യവും വ്യക്തിത്വവും പുലർത്തുവാൻ വേണ്ടി, തങ്ങളും തങ്ങളുടെ പൂർവ്വികന്മാരും അഭിലഷിച്ചിരുന്ന കാതോലിക്കാപുന:സ്ഥാപനം വേഗത്തിൽ സാധിതപ്രായമാക്കുന്നതിനു മലങ്കരസഭ പ്രവൃത്ത്യുന്മുഖമാകുകയും അതിലേക്ക് അന്ത്യോക്യാസുറിയാനിസഭയുടെ സീനിയർ പാത്രിയർക്കീസായിരുന്ന മോറാൻ മാർ അബ്ദൽമിശിഹാ പാത്രിയർക്കീസിന്റെ സഹകരണം തേടുകയും മലങ്കരസഭയുടെ ക്ഷണമനുസരിച്ച് അദ്ദേഹമിവിടെയെത്തി, ഇവിടത്തെ സുന്നഹദോസിനോടു സഹകരിച്ച് അതിന്റെ അദ്ധ്യക്ഷനായിരുന്ന് 1912 സെപ്തംബർ മാസത്തിൽ കാതോലിക്കേററു ക്രമാനുസൃതമായി പുന:സ്ഥാപിക്കുകയും ചെയ്തു.' 4

അവശ്യം വെളിപ്പെടുത്തേണ്ട വസ്തുത അതിസമർത്ഥമായി ഗോപനം ചെയ്യുന്ന ചരിത്രകാരന്റെ മികവുററ ഈ തന്ത്രത്തിനു എന്താണാവോ പേരു പറയേണ്ടതു്? മേലുദ്ധരിച്ച പ്രസ്താവനകൾ കേട്ടാൽ തോന്നുക, മലങ്കരയിൽ കാതോലിക്കേററു പുന:സ്ഥാപിക്കാൻ അന്ത്യോക്യാപാത്രിയർക്കീസുമാർ കാപ്പു കെട്ടിയിരിക്കയായിരുന്നെന്നും മാർ ദീവന്യാസ്യോസ് മുടക്കപ്പെട്ടുവെന്നറിഞ്ഞ ക്ഷണത്തിൽ അവർ ഓടിയെത്തി കാ

4. 20-ാം നൂററാണ്ടിലെ മലങ്കരസഭ, p. 126.

www.malankaralibrary.com



തോലിക്കേററു ഇവിടെ പുന:സ്ഥാപിച്ചെന്നുമല്ലേ?; അനായാസം ഈ മഹാസ്ഥാപനം സ്ഥാപിക്കപ്പെട്ടുവെന്നല്ലേ? എന്നാൽ വസ്തുതയോ? മലങ്കരയിൽ കാതോലിക്കേററു സ്ഥാപിക്കാൻ അന്ത്യോക്യായിലെ ഒരു പാത്രിയർക്കീസും സന്നദ്ധനായിരുന്നില്ല; അബ്ദുൽമിശിഹായല്ലാതെ മറെറാരാളും ഇതിനു മനസ്സുവെയ്ക്കുമായിരുന്നുമില്ല; ബഥനിയുടെ മാർ ഈവാനിയോസിൻെറ അവിശ്രമശ്രമമില്ലായിരുന്നെങ്കിൽ അബ്ദുൽമിശിഹാ ഇതിനു് സന്നദ്ധനാകുകയോ കേരളത്തിൽ ആഗതനാകയോ ചെയ്യുമായിരുന്നില്ല. കാതോലിക്കാവാഴ്ചയ്ക്കു നേരിട്ട വിഘ്നങ്ങളെ വിജയപൂർവ്വം തരണം ചേയ്തതും മാർ ഈവാനിയോസുതന്നെ. കാതോലിക്കേററിനു നേരിടേണ്ടി വന്ന അഗ്നിപരീക്ഷകളെ അതിജീവിക്കാൻ സഹായിച്ചതും ആ വിദൂരവീക്ഷകൻെറ പ്രവർത്തനങ്ങളാണു്. കാതോലിക്കാവാഴ്ചയുടെ നെടുംതൂണായി പ്രവർത്തിച്ച ആ മഹാവ്യക്തിയെയാണു് സപ്തതിഘോഷക്കാരും കൂട്ടരും സൗകര്യപൂർവ്വം വിസ്മരിക്കുന്നതു്.

### അബ്ദൽമിശിഹായുടെ ആഗമനം

പഴയ സെമിനാരി കേന്ദ്രമാക്കി 70ലേറെ കൊല്ലം മുമ്പു് നടന്ന സംഭവങ്ങൾ ഇന്നുള്ളവർക്കു് പഴയകഥകളാണു്. വട്ടശ്ശേരിത്തിരുമേനിയുടെ ഉററപടയോട്ടക്കാരനായി മാർ ഈവാനിയോസ് പ്രവർത്തിച്ചകാര്യം രഹസ്യമല്ല. 'മലങ്കരസുറിയാനി സമുദായത്തിലെ വട്ടിപ്പണക്കേസിൻെറ പ്രാരംഭകാലം മുതൽ പ്രഗത്ഭമതിയായിരുന്ന വട്ടശ്ശേരിൽ തിരുമേനിയുടെ വലംകൈയായിനിന്നു പ്രവർത്തിച്ച ധീരവ്യക്തികളിൽ മാർ ഈവാ

www.malankaralibrary.com



നിയോസ് തിരുമേനിക്കു് അദ്വിതീയ സ്ഥാനമുണ്ടു്.' 5

മാർ ദീവന്യാസ്യോസ് മുടക്കപ്പെടുന്നതിനുമുമ്പുള്ള അനുഭവങ്ങൾ ബഥനിത്തിരുമേനി രേഖപ്പെടുത്തുന്നു: " അബ്ദേദംശീഹോ പാത്രിയർക്കീസുബാവായെപ്പററി നാം അറിഞ്ഞിട്ടുണ്ടു്. അബ്ദുള്ളാപാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ടു മലയാളത്തിൽ വന്നുചേർന്നതിൽ പിന്നെ ഉണ്ടായ വിശേഷങ്ങളെക്കുറിച്ചും, മെത്രാപ്പോലീത്താ തിരുമേനിയോടുണ്ടായ വിരോധത്തിൻെറ കാരണത്തെ സംബന്ധിച്ചും ഒരുപക്ഷേ മെത്രാപ്പോലീത്താ മുടക്കപ്പെട്ടേക്കുമെന്നതിനെപ്പററിയും അബ്ദേദ്മിശിഹോ പാത്രിയർക്കീസിനു എഴുതി അയയ്ക്കുന്നതു പലതുകൊണ്ടും നല്ലതാണെന്നു നമുക്കുതോന്നി. അബ്ദുള്ളാപാത്രിയർക്കീസുബാവായുടെ ആഗമനാനന്തരം മലങ്കരയിലുണ്ടായ കുഴപ്പങ്ങളെ വിവരിച്ചും മുടക്കുണ്ടാകുന്നപക്ഷം, അതു അക്രമമായി ചെയ്യപ്പെട്ടതുതന്നെ എന്നു മലങ്കരയിലെ ഭൂരിപക്ഷം ജനങ്ങൾക്കും ബോധ്യപ്പെടാൻ സംഗതിയുള്ളതിനാൽ വലിയ ബഹളങ്ങൾ ഉണ്ടായേക്കുമെന്നും ആ ആപൽസന്ധിയിൽ അവിടുന്നു മലങ്കരസഭയെ പ്രത്യേകം കടാക്ഷിക്കണമെന്നും ചിരകാലപ്രാർത്ഥിതമായ തീഗ്രീസ് കാതോലിക്കാസിംഹാസനം മലങ്കരയിൽ പ്രതിഷ്ഠിക്കണമെന്നാണ് പ്രാർത്ഥന ഉള്ളതെന്നും സൗകര്യമുള്ളപക്ഷം അവിടുന്നു മലയാളത്തിലേക്കു എഴുന്നള്ളിയേ മതിയാകയുള്ളുവെന്നും മററും എഴുതിയ ഒരു ദീർഘമായ കത്തു് അദ്ദേഹത്തിൻെറ പേക്ക്യെച്ചു.

---

5. കെ. സി. മാമ്മൻമാപ്പിള, മലയാള മനോരമ 1953 ജൂലൈ 17.

www.malankaralibrary.com



ഇങ്ങനെ അയച്ച കത്തിനെപ്പററി നാം ആരെയും അപ്പോരം അറിയിച്ചിരുന്നില്ല. ഏതാനും ദിവസങ്ങരം കഴിഞ്ഞപ്പോരം അബ്ദേദംശീഹോ ബാവാതിരുമനസ്സിലെ മറുപടി കിട്ടി. അതിൽ ആശംസ്സു ധാരാളം മാർഗ്ഗങ്ങരം ഉള്ളതായും കാണപ്പെട്ടു.' 6

മപ്രിയാനാസ്ഥാനം മലങ്കരസ്സു നല്ലണമെന്ന അഭ്യേത്ഥന ബ. കോനാട്ട മാത്തൻമല്പാൻ ഉയർത്തിയിട്ടുണ്ടു്. 1908_ലാണതു്. 7 ഇപ്പോഴത്തെ സാഹചര്യത്തിൽ അതിനു് അദ്ദേഹം സന്നദ്ധനാകയില്ല; മാർ ദീവന്യാസ്യോസിനെ കരകയററുന്ന ഒരു പണിക്കം ആ വൈരനിര്യാതനബുദ്ധി ചെറുവിരലനക്കുകയില്ല. മാർ അബ്ദുള്ളായുടെ പക്ഷക്കാരനെന്നതുതന്നെ കാരണം. ഫാ. പി. ററി. ഗീവറുഗീസാണു മെത്രാപ്പോലീത്താസ്ഥുവേണ്ടി തുഴഞ്ഞതു്. അക്കാലത്തെക്കറിച്ചു ഗിരിദീപത്തിൽ രേഖപ്പെടുത്തുന്നു: "അബ്ദേദംശീഹോ പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ടു മലയാളത്തേക്ക പുറപ്പെട്ടുന്നതിനുമുമ്പു അദ്ദേഹവും നാമും തമ്മിൽ പല കത്തിടപാടുകളും നടന്നിരുന്നു. മലങ്കരസഭയുടെ സുസ്ഥിരമായ നിലനിൽപ്പിനും അഭിവൃദ്ധിക്കം കാതോലിക്കാസിംഹാസനപ്രതിഷ്ഠ അത്യാവശ്യമാണെന്നു നാം നമ്മുടെ ആ കത്തുകളിൽ വ്യക്തമായിത്തന്നെ കാണിക്കയുണ്ടായിട്ടുണ്ടു്. ആ ഏകകാര്യം സാധിച്ചുതരേണ്ടതിനായി അവിടുന്നു ഇങ്ങോട്ടു എഴുന്നള്ളണമെന്നായിരുന്നു അവയുടെ എല്ലാം സംക്ഷേപവും." 8

6. ഗിരിദീപം, pp. 28, 29.

7. Ref. ഇരുപതാംനൂററാണ്ടിലെ മലങ്കരസഭ, p. 125.

5 8. ഗിരിദീപം, p. 40.

www.malankaralibrary.com



മലങ്കരയിൽ ഇരമ്പമുയർത്തിയ മുടക്കുവിവരം അബ്ദുൽമിശിഹാബാവായെ കമ്പിയടിച്ച് അറിയിച്ചു. അനുഭാവപൂർണ്ണമായ മറുപടിക്കമ്പി വന്നു. "ദീവന്യാസ്യോസും കൂട്ടരും അനുഗൃഹീതരാകുന്നു; അബ്ദുള്ളായുടെ മുടക്ക അസാധുവായിട്ടുള്ളതത്രേ" എന്നായിരുന്നു കമ്പി സന്ദേശം. വിവരം മാർ ദീവന്യാസ്യോസിനെ അറിയിച്ച തദവസരത്തിൽ ആ ധീരഹൃദയൻെറ ഗണ്ഡതലങ്ങളിലൂടെ കണ്ണുനീർ ധാരധാരയായൊഴുകി. 9 ആബോ ഗീവറുഗീസ് നടത്തിയ കത്തിടപാടുകളുടെ കാര്യം അപ്പോഴം മാത്രമാണ് മാർ ദീവന്യാസോസ് അറിയുന്നതു്.10

അബ്ദേദംശിഹായും മാർ ഈവാനിയോസും തമ്മിൽ നടത്തിയിരുന്ന എഴുത്തുകുത്തുകളുടെ വിവരം മററാരും അറിഞ്ഞിരുന്നില്ലെന്നകാര്യം മലങ്കരസഭാ നിഷ്ണാതനായ ശ്രീ. ഏ. പിലിപ്പോസ് വെളിപ്പെടുത്തുന്നുണ്ട്: "മുടക്കുകൊണ്ടുണ്ടായ വിപ്ലവത്തേയും ദോഷഫലങ്ങളേയും തീർക്കുന്നതിനായി മാർ ഈവാനിയോസ് (അന്നു അച്ചൻ) ആദ്യം ചെയ്തതു് അബ്ദുൽമിശിഹാ പാത്രിയർക്കീസിനു് എഴുതി അദ്ദേഹത്തെ വരുത്തിയതാണ്. മാർ ഈവാനിയോസിൻെറ സഹവർത്തികളായ അംഗങ്ങൾപോലും അദ്ദേഹം എഴുതി അയച്ച വിവരം അറിഞ്ഞില്ല. അബ്ദേദ്മിശിഹായുടെ കമ്പി അനുകൂലമായി

---

9. Ibid., Cfr. pp. 29, 30.

10. 1929-ലാണ് ഗിരിദീപം പുറത്തുവന്നതു്. കാതോലിക്കാ സ്ഥാപനത്തിൽ മാർ ഈവാനിയോസിനെ ഒഴിച്ചുനിർത്തിക്കൊണ്ടുള്ള പ്രസ്താവം 1982-ലെ സപ്തതിഘോഷക്കാരിൽ നിന്നും മാത്രമാണുണ്ടായതു്.

www.malankaralibrary.com



വന്നപ്പോഠം മാത്രമാണ് ഞങ്ങഠം അദ്ദേഹം എഴുതി അയച്ച വിവരം അറിയുന്നത്.''11 ''മലങ്കരസഭാവിശ്വാസികളുടെ'' ക്ഷണം12 സ്വീകരിച്ച് അബ്ദൽമിശിഹാ വന്നു എന്നു് ഇന്നത്തെ എഴുത്തുകാർ സൂചിപ്പിക്കുന്നതു ഇക്കാര്യമാണ്.

## കാതോലിക്കാവാഴ്ചക്കു പ്രതിബന്ധങ്ങൾ

അബ്ദേദ്മിശിഹാ ഇവിടെ എഴുന്നള്ളിയതിനുശേഷവും കാതോലിക്കാസ്ഥാപനത്തിനു തടസ്സമുണ്ടായി; ''തുടപ്പൊടിഞ്ഞു കല്യാണം മുടങ്ങു''മെന്ന ഗതികേടുണ്ടായി. മുൻ തീരുമാനത്തിൽനിന്നു ബാവാ നിശ്ചിത സമയത്തു പിന്തിരിഞ്ഞതാണു കാരണം. കൂടെവന്ന റമ്പാന്മാരുടെ എതിർപ്പത്രെ മനസ്സുമാററത്തിനു അദ്ദേഹത്തെ പ്രേരിപ്പിച്ചതു്. ബാവാ കല്പിച്ചു: ''നമ്മുടെ കൂടെ വന്നിട്ടുള്ള റമ്പാന്മാരിൽ രണ്ടുപേരും ഇക്കാര്യത്തിൽ വിരോധാഭിപ്രായക്കാരാണ്. അതു നമുക്കു പ്രത്യക്ഷമായിരിക്കുന്നു ഇപ്പോഠം. അവരുടെ വാക്കിനെ അവഗണിച്ചു പ്രവൎത്തിക്കുന്നപക്ഷം പോകുന്ന വഴിക്കു അവർ നമ്മെ കപ്പലിൽനിന്നും കടലിലേക്കെടുത്തെറിയുമെന്നു ഇന്നലെ രാത്രി പറഞ്ഞിരിക്കുന്നു. എന്തൊരു വലിയ ആപത്താണു നമുക്കു നേരിട്ടിരിക്കുന്നതു്.''13 ഇത്തരം കനത്ത പ്രതിബന്ധങ്ങളെ'' കാതോലിക്കാവാഴ്ചയിലെ രഹസ്യകഥകഠം'' എന്ന പേരിൽ ഗിരിദീപത്തിൽ

11. എ. പീലിപ്പോസ് ആത്മകഥ, p. 85.
12. മലങ്കരയിലെ ആരുടെ ക്ഷണമെന്നു വ്യക്തമാക്കുന്നില്ല.
13. ഗിരിദീപം, p. 43.

www.malankaralibrary.com



പ്രതിപാദിച്ചിട്ടുണ്ട്. ഈ പ്രതിബന്ധങ്ങൾ തരണം ചെയ്‌വാൻ ബുദ്ധിപൂർവ്വം ശ്രമിക്കയും പണിപ്പെടുകയും ചെയ്തിട്ടുള്ളതു് മാർ ഈവാനിയോസാണ്.14 ആ കുശാഗ്രബുദ്ധിയുടെ ശ്രമമില്ലെങ്കിൽ അബ്ദേദംശീഹൊ മലങ്കരയിൽ ആഗതനാവുകയോ കാതോലിക്കാസിംഹാസനം സ്ഥാപിക്കയോ ചെയ്യുമായിരുന്നില്ല. മറെറാരു പാത്രിയക്കീസും കാതോലിക്കാസിംഹാസനത്തിന്നു മനസ്സു വെയ്ക്കയില്ലെന്നതും തീർച്ചയാണല്ലൊ.

### *അഗ്നിപരീക്ഷണങ്ങൾ*

മാർ ഈവാനിയോസിനോടു കാതോലിക്കാസിംഹാസനത്തിനുള്ള ആധമർണ്യം ഒരു പടികൂടി കടന്നു കാണപ്പെടുന്നതു അഗ്നിപരീക്ഷണങ്ങളെ അതിജീവിക്കാൻ അതിനെ സജ്ജമാക്കിയതിലത്രേ. അഗ്നിപരീക്ഷകളുടെ ഭീകരതയെ നേരിടാൻ മററുവിധത്തിൽ അതിനു കഴിയുമായിരുന്നില്ല. മാർ ഈവാനിയോസിന്റെ ശ്രമമില്ലായിരുന്നെങ്കിൽ ഇന്നത്തെ നിലയിൽ കാതോലിക്കാസ്ഥാപനം നിലനിൽക്കുമായിരുന്നില്ല. കാതോലിക്കാസ്ഥാപനത്തോടുകൂടി പാത്രിയർക്കീസുകക്ഷിയുടെ എതിർപ്പു വർദ്ധിച്ചു. കാതോലിക്കായ്ക്കു പട്ടമില്ലെന്നു പാത്രിയക്കീസ് പ്രഖ്യാപിച്ചപ്പോൾ ഓർത്തഡോക്സു വിഭാഗത്തിൻെറ അസ്തിത്വം തുലാസിൽ ആടുകതന്നെ ചെയ്തു. ആ പ്രതിസന്ധിയിലാണ് കാതോലിക്കായുടെയും കൂട്ടാളികളുടെയും പട്ടവും കൂദാശകളും സാധുവെന്ന പ്രഖ്യാപനം റോമാസിംഹാസനത്തെക്കൊണ്ടു ചെയ്യിക്കാൻ മാർ ഈവാനിയോസിനു സാധിച്ചതു്, അനുകൂ

14. Cfr. ഗിരിദീപം, pp. 36-51.

www.malankaralibrary.com



ലമായ കോടതിവിധി ഇന്നും കാതോലിക്കാകക്ഷിക്ക അവലംബമായുണ്ട്. മാർപ്പാപ്പായുടെ തീരുമാനത്തിൻെറ സ്വാധീനതയത്രേ കാതോലിക്കായുടെ പട്ടം സാധുവെന്നു വിധിക്കാൻ കോടതിയെ പ്രേരിപ്പിച്ചതു്.

## രക്ഷിച്ച പദ്ധതിയെ ശിക്ഷിക്കയോ?

മാർ ഈവാനിയോസിൻെറ സഭൈക്യത്തിലൂടെ മാർപ്പാപ്പായുടെ അംഗീകാരം നേടിയെന്നതാണു് കാതോലിക്കാസിംഹാസനത്തെ അഗ്നിപരീക്ഷണത്തിൽ നിന്നു രക്ഷിച്ച ഘടകം. അല്ലെങ്കിൽ, പാത്രിയർക്കീസിൻെറ രോഷാഗ്നിയിൽ അതു വെന്തുരുകുമായിരുന്നു. രണ്ടാം കാതോലിക്കാ ഈ പദ്ധതി സർവ്വാത്മനാ സമ്മതിച്ചതാണു്. കാതോലിക്കാസ്ഥാനത്തെ നിലനിർത്താനും ജാജ്വല്യമാനതയിലേക്ക ഉയർത്തുവാനും സാർവ്വത്രികസഭയുമായുള്ള അനുരഞ്ജനമാണു് മാർ ഈവാനിയോസ് ചൂണ്ടിക്കാട്ടുന്നതു്. കാതോലിക്കാസ്ഥാപനത്തിൻെറ ആധുനികസ്ഥിതി ഈ പ്രസ്താവന അക്ഷരശഃ ശരിവെയ്ക്കുന്നു. ജസ്റ്റീസ് ശ്രീ. ററി. ചന്ദ്രശേഖരമേനോൻെറ സ്പെഷ്യൽ കോടതിവിധിയെത്തുടർന്നുണ്ടായ ചില അഭിപ്രായങ്ങരം ശ്രദ്ധിക്കുക.

1. "ഒരു സഭയിൽതന്നെ സ്വയം ശീർഷകത്വമുള്ള പ. കാതോലിക്കാബാവായുടെ സ്വതന്ത്രസഭയും പ. പാത്രിയർക്കീസിനെ മേലദ്ധ്യക്ഷനായി സ്വീകരിക്കുന്ന ആകമാന സുറിയാനിസഭയുടെ വിഭാഗവും സ്ഥിതിചെയ്യുന്നു. ഭരണഘടന പൊതുസ്വത്തുക്കളെമാത്രം ബാധിക്കുന്നു. ഇടവകകരംക്ക സ്വന്തം ഭരണഘടനയാകാം. യഥേഷ്ടം പാത്രിയർക്കീസിനെയോ കാതോലിക്കായേയോ സ്വീകരിക്കാം. അരാജകത്വത്തിനും ശിക്ഷ

www.malankaralibrary.com



ണരാഹിത്യത്തിനും പററിയ അന്തരീക്ഷം സൃഷ്ടിക്കാൻ ഇതുതന്നെ ധാരാളം മതിയാകും.................

''ഇരവുതന്നെയോ മദീയരാജ്യത്തി–
ന്നൊരു പുലർകാലമിനിയുമില്ലെന്നോ?''

എന്നു വിലപിക്കാനേ വഴികാണുന്നുള്ളു.[15]

2. ''ഈ ദു:ഖകരമായ അദ്ധ്യായം അധികം നീണ്ടുപോകാതെ അവസാനിപ്പിക്കണമെന്നാണ് സുപ്രീം കോടതിയുടെ നിർദ്ദേശം............ഏതാണ്ടു ഒരു നൂററാണ്ടു നാം മത്സരിച്ചു, വ്യവഹാരം നടത്തി. ഇനിയും നാം എവിടെയും എത്തിയതായി തോന്നുന്നില്ല. എത്ര അപ്പീൽ കൊടുത്താലും ഏതെല്ലാം കോടതികൾ കയറിയിറങ്ങിയാലും ബന്ധപ്പെട്ട എല്ലാവർക്കും സ്വീകാര്യമായ ഒരു അന്തിമതീരുമാനമുണ്ടാകുമെന്നു വിചാരിക്കാനും ന്യായം കാണുന്നില്ല.''[16]

3. ''സമാധാനത്തിനുള്ള ഏകവഴി, സഭാസമാധാനത്തിനു ശ്രീ. കെ. സി. ചാക്കോയുമൊരുമിച്ചു വളരെ പരിശ്രമിച്ച ശ്രീ. എൻ. എം. എബ്രഹാം ചർച്ച് വീക്ക്ലിയിൽക്കൂടി നിർദ്ദേശിച്ചിരുന്ന ഡിവിഷൻ മാത്രമാണ്..............അങ്ങനെ മലങ്കരസഭയിലെ ജനങ്ങൾക്കുമാത്രമല്ല—ഇതരസമുദായക്കാർക്കും സക്കാരിനും പല ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്ന—ചീഞ്ഞുനാറുന്ന ഈ സമുദായവഴക്കു അവസാനിപ്പിക്കാം.''[17]

4. '' കാതോലിക്കാകക്ഷിക്കു സുപ്രീം കോടതി

---

15. ചർച്ചുവീക്ക്ലി, മുഖപ്രസംഗം, 1980 ജൂൺ 15.

16. Ibid., മുഖപ്രസംഗം, 1980 ജൂൺ 22.

17. കെ. ഇ. മാമ്മൻ, ചർച്ചുവീക്ക്ലി 1980 ജൂൺ 29.

www.malankaralibrary.com



യിൽനിന്നു അനുകൂലവിധി കിട്ടിയെന്നിരിക്കട്ടെ, അത നുസരിച്ചു, പാത്രിയർക്കീസ് അനുഭാവികരം ബഹുഭൂരി പക്ഷമുള്ള വടക്കൻ ഇടവകകളിലെ പള്ളികളിൽ കാ തോലിക്കാ ഭാഗത്തെ മെത്രാപ്പോലീത്താമാക്കോ, ജന ങ്ങൾക്കോ അധികാരമുറപ്പിക്കുന്നതിനു പ്രവേശനാനുവാ ദം കിട്ടുമോ? അതിനു ആരെങ്കിലും ശ്രമിച്ചാൽ അവി ടെ രക്തപ്പുഴയുണ്ടാകുവാൻ വലിയ താമസം വരികയി ല്ല. കൂടാതെ, ഈ നാട്ടിൽ ഒരു വിഭാഗത്തിന് എതി രായി സക്കാർ മെഷീനറി ചലിപ്പിക്കുമെന്നു ആരെ ങ്കിലും വിചാരിക്കുന്നുണ്ടോ? അനേകലക്ഷംരൂപ ചെല വുചെയ്തു വാങ്ങിക്കുന്ന അത്തരമൊരുവിധി തലയിണക്കൂ ടിയിൽ സൂക്ഷിക്കാനേ ഉപകരിക്കൂ.''18

വഴക്കും വ്യവഹാരവും ഇല്ലാത്ത അവസ്ഥയും ക്രി സ്തീയസഭകളുടെ യോജിപ്പും പ്രായോഗികമാകുന്നതിനു മാർ ഈവാനിയോസിൻെറ പദ്ധതിയല്ലാതെ മറെറന്തു ണ്ട്? രക്ഷിക്കുന്ന പദ്ധതിയെ എന്തിനു ശിക്ഷിക്കണം?

## *മലങ്കരയും കാതോലിക്കേററും*

തനിമയുള്ള ഒരു ഭാരത ക്രൈസ്തവസഭയാണു കാ തോലിക്കാസ്ഥാനം ലക്ഷ്യംവെയ്ക്കുന്നത്. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കായുടെ വാക്കുകരം ശ്ര ദ്ധിക്കാം: ''ഭാരതത്തിൽ രൂപമെടുത്തു വളന്ന ദേശീയ സഭയാണ് മലങ്കര ഓർത്തഡോക്സു സുറിയാനിസഭ. ഭാരതത്തിലെ ദേശീയക്രിസ്ത്യൻസഭയെന്നു അവകാശ പ്പെടാവുന്ന ഏകസഭയാണിതു്..................ഈ സഭ സ്വയം ശീർഷകത്വമുള്ള ഭാരതത്തിലെ ക്രൈസ്തവസഭ

18. പി. എം. തോമസ്, ചർച്ചുവീക്ക്‌ലി 1980 ജൂലൈ 13.

www.malankaralibrary.com



യുമാണ്.''19 മലങ്കരറീത്തിലൂടെ മാർ ഈവാനിയോസ് നേടിയിട്ടുള്ളതു ഇതേവിധം തനിമയുള്ള മലങ്കരസഭ തന്നെയാണ്. യാക്കോബായ പാത്രിയർക്കീസിൽനിന്നു ഇത്തരം ഒരവകാശം ലഭ്യമല്ല. മലങ്കരയിലെ സമാധാനരാഹിത്യത്തിന്റെ അടിസ്ഥാനകാരണവും ഇതു തന്നെ.

1958-ൽ മലങ്കരയിൽ അനുരഞ്ജനം ഉണ്ടായതാണല്ലോ. എന്നിട്ടും, സഭ പിളർന്നു. അതിന്റെ കാരണങ്ങളിലേക്കു ഒരു ചിന്തകൻ തിരിയുന്നു: ''അസമാധാനം മുളച്ചുവന്നതു് അടിസ്ഥാനപരമായ രണ്ടു കാരണങ്ങൾ കൊണ്ടായിരുന്നു. ഒന്നാമതു്, പാത്രിയർക്കീസിനെ സഭയുടെ തലവനായി കടലാസിൽ വിവരിക്കാനല്ലാതെ ആത്മാർത്ഥമായി സ്വീകരിക്കാൻ കാതോലിക്കാകക്ഷി സന്നദ്ധമല്ലായിരുന്നു. രണ്ടാമതു്, മുൻ പാത്രിയർക്കീസു വിഭാഗക്കാരെ, പ്രത്യേകിച്ചു വടക്കുള്ളവരെ സഭാഭരണകേന്ദ്രങ്ങളിൽനിന്നും അധികാരസ്ഥാനങ്ങളിൽനിന്നും ബോധപൂർവ്വം അകററിനിർത്തി.''20 ഇതു ശരിയായ നിഗമനം തന്നെയാണ്. എങ്കിലും, പ്രശ്നം ഇതിനേക്കാറം ആഴമുള്ളതാണ്. മലങ്കരയുടെ ന്യായമായ ആവശ്യം ഒരുവശത്തു്, അതിനെ അംഗീകരിക്കാൻ അന്ത്യോക്യയുടെ കഴിവില്ലായ്മ മറുവശത്തു്. തനിമയുള്ള പ്രാദേശികസഭ ( Individual Church ) ക്കുവേണ്ടിയാണ് മലങ്കരയുടെ മുറവിളി. ശ്രുഷ്കിച്ച അന്ത്യോക്യാസഭക്കു

---

19. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1982 സെപ്റ്റംബർ 5, 11.

20. റവ. ഡോ. സി. എ. ഏബ്രഹാം, ക്രൈസ്തവകാഹളം 1980 ജൂലൈ p. 9.

www.malankaralibrary.com



അതിനു ശക്യമല്ലതാനും. തനിമയുള്ള പ്രാദേശികസഭക ളെ അംഗീകരിക്കാൻ പോരുംവിധം വൈപുല്യമുള്ള ഒരേ ഒരു സഭ കത്തോലിക്കാസഭയാണ്. അവിടെയുള്ള ഓരോ റീത്തും തനിമയുള്ള പ്രാദേശികസഭയാണ്. റീത്തെന്നു പറഞ്ഞാൽ തനിമയുള്ള സഭ (Individual Church) എന്നാണർത്ഥം. മലങ്കരയിലുള്ളവർ ആഗ്രഹി ച്ചതും അന്യഥാ ദുഷ്കരവുമായ തനിമയുള്ള സ്വതന്ത്രസഭ യ്ക്കുള്ള അവകാശമാണ് മലങ്കരറീത്തിൻെറ ലബ്ധി യോടെ മാർ ഈവാനിയോസ് നേടിയെടുത്തത്.

പാത്രിയർക്കീസും കൂട്ടരും മലങ്കരയിലെ കാതോ ലിക്കാ സപ്തതി അംഗീകരിക്കുന്നില്ല, 1964-നുമുമ്പുള്ള കാതോലിക്കാസ്ഥാനത്തെപ്പോലും അവർ എതിർക്കു ന്നു.21 എന്നാൽ, മാർപ്പാപ്പായുടെ ആശീർവാദവും പേ പ്പൽ പ്രതിനിധിയുടെ സാന്നിദ്ധ്യവും സപ്തതിച്ചടങ്ങു കൾക്കു മോടികൂട്ടി. ജോൺ പോൾ ദ്വിതീയൻ തിരു മേനി ഇക്കാര്യത്തിൽ അതീവസംതൃപ്തനമാണ്, മാർ പ്പാപ്പായുടെ അംഗീകരണം മലങ്കരസഭയ്ക്കു നേരത്തെത ന്നെ കിട്ടിയിട്ടുണ്ട്. അതു മാർ ഈവാനിയോസിൻെറ ശ്രമം കൊണ്ടാണ്. പാപ്പായുടെ ആശീർവാദം സപ്തതി ഘോഷക്കാർ ഇന്നു സ്വീകരിക്കുന്നു. എന്നാൽ, പാപ്പാ യുടെ അംഗീകരണം മലങ്കരയ്ക്കു നേടിക്കൊടുത്ത മാർ ഈവാനിയോസിനെ സ്മരിക്കുന്നതിൽ അവർ തികഞ്ഞ വിമുഖത കാട്ടുകയാണ്.

---

21. Cfr. കര്യൻ കോറെപ്പിസ്കോപ്പാ കണിയാമ്പറമ്പിൽ, കാതോലിക്കേററും ചില സത്യങ്ങളും, ദീപിക 26, 31 ആഗസ്റ്റു 1982.

www.malankaralibrary.com



## *സപ്തതിഘോഷവും സഭൈക്യചിന്തയും*

സപ്തതിയെപ്പററി പ്രതിപാദിക്കെ ശ്രീ. കെ. വി. മാമ്മൻ അഭിപ്രായപ്പെടുന്നു: ''ലോകത്തിൻെറ പല ഭാഗങ്ങളിൽ കിടക്കുന്ന സഭകളുമായി സമ്പർക്കത്തിൽ വരുന്നതും ചർച്ചകൾ നടത്തുന്നതും സന്ദർശനപ്രതിസന്ദർശനങ്ങൾ സംഘടിപ്പിക്കുന്നതും എല്ലാം നല്ലതാണ്. എന്നാൽ, കേരളത്തിൽ കഴിയുന്ന സഹോദരസഭകളുമായി ഉള്ളുതുറന്നു സംഭാഷണം നടത്തുന്നതിനോ അവരുമായുള്ള ഐക്യം കാംക്ഷിക്കുന്നതിനോ സാധിക്കുന്നില്ലെന്നുള്ളതു ഒരു വലിയ പോരായ്മയാണ്. റഷ്യയിലെ അർമ്മീനിയൻ സഭയുമായുള്ള സ്നേഹബന്ധത്തേക്കാൾ എന്തുകൊണ്ടും അഭികാമ്യമാണല്ലൊ കേരളത്തിലെ എപ്പിസ്കോപ്പൽ സഭകളുമായുള്ള ഐക്യം.........സപ്തതിയാഘോഷപരിപാടികൾ സഭകളുടെ ഐക്യത്തിനു സഹായകമായ സാഹചര്യം സൃഷ്ടിച്ചിരുന്നെങ്കിൽ എന്നു ആഗ്രഹിച്ചുപോകയാണ്.''22

ഈ ആഗ്രഹം ഇതിനേക്കാൾ എത്രയോ ഉച്ചത്തിൽ മാർ ഈവാനിയോസ് ഉയർത്തിയതാണ്. ആ മഹാനുഭാവൻ വെട്ടിത്തുറന്ന ഐക്യത്തിൻെറ രാജവീഥി കെട്ടിയടയ്ക്കുന്നതിനായിരുന്നില്ലേ പലരും തിടുക്കം? മാർ ഈവാനിയോസിൻെറ ശ്രമഫലമായി നേടിയെടുത്ത രണ്ടു മഹാകാര്യങ്ങളാണ് മലങ്കരയിലെ കാതോലിക്കാസ്ഥാപനവും മാർപ്പാപ്പായാൽ അംഗീകൃതമായ മലങ്കര വൈദികസംസ്ഥാനവും. രണ്ടും പരസ്പരപൂരകങ്ങ

22. കെ. വി. മാമ്മൻ, ചർച്ചുവീക്ക്ലി, 1982 ആഗസ്റ്റ് 22.

www.malankaralibrary.com



ളായിരിക്കുന്നതിനത്രേ രണ്ടാംകാതോലിക്കായോടൊപ്പം മാർ ഈവാനിയോസ് അഭിലഷിച്ചത്. ഇവയുടെ അനുരഞ്ജനമുണ്ടായാൽ കാതോലിക്കാസിംഹാസനത്തിനും മലങ്കരസഭയ്ക്കും ഉണ്ടാകുന്ന അഭിവൃദ്ധി കുറച്ചൊന്നുമായിരിക്കയില്ല. നഷ്ടപ്പെട്ട ഓജസ്സ് തിരിച്ചുകിട്ടും, വഴക്കും വ്യവഹാരവും പമ്പകടക്കും; അഭിവൃദ്ധിയും ഐശ്വര്യവുമുണ്ടാകും; ക്രൈസ്തവൈക്യം സാധിതമാകും; വിശ്വാസവും സന്മാർഗ്ഗവും അഭംഗം പാലിക്കാം; മരിദ്മങ്ങളേയും പാഷണ്ഡതകളേയും എതിർത്തു തകർക്കാം; ഒററസേനാധിപൻെറ കീഴിൽ അണിനിരന്നു അന്ധകാരശക്തിയെ തോല്പിക്കാം; ക്രൈസ്തവചൈതന്യം നൂറുമടങ്ങു വർദ്ധിക്കും; ഇന്ത്യയിലെ സുവിശേഷപ്രവർത്തനം ത്വരിപ്പിക്കാം; സർവ്വോപരി ''ഒരു തൊഴുത്തും ഒരിടയനും'' എന്ന സൗഭാഗ്യം വന്നുചേരും; വിഭജിത സഹോദരന്മാർ ഒരുമിക്കുമ്പോഴം അനുഭവവേദ്യമാകുന്ന ആനന്ദം ക്രൈസ്തവഭവനത്തിലുണ്ടാകും. ഹാ! ആ ദിനം വേഗം ആഗതമാകണേ; ''സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നത് എത്ര നന്മയും എത്ര സൗന്ദര്യവുമാകുന്നു.''

* * *

www.malankaralibrary.com

# VI

# പുനരൈക്യവും എക്യുമെനിസവും

ഒരു ലക്ഷ്യത്തിലേക്കുള്ള ഇരുവഴികളാണ് പുനരൈക്യവും എക്യുമെനിസവും.1 സഭാഭിന്നത ഉണ്ടായ കാലംമുതൽ യോജിപ്പിനുള്ള യത്നവും നടന്നിട്ടുണ്ട്. ഒററയായോ കൂട്ടമായോ ഉള്ള സഭാമാററങ്ങളാണ് ഭിന്നത തീർക്കുവാൻ ആദിമുതൽ നടന്നുപോന്നത്. വിഘടിത ഗ്രൂപ്പുകാരുടെ പൂർവ്വമാതൃസഭയോടുള്ള യോജിപ്പിനെ പുനരൈക്യം എന്നു വിളിച്ചുവന്നു.

സത്യത്തിന്റെ അജയ്യശക്തിക്കു മനസ്സാക്ഷി വിധേയപ്പെടുന്നതാണ് പുനരൈക്യമാർഗ്ഗം. (ഇവിടെ സത്യം എന്നു പറഞ്ഞിട്ടുള്ളത് വിശ്വാസസത്യങ്ങളും, ഐക്യത്തിന്റെ ദൈവശാസ്ത്രപരങ്ങളായ കാര്യങ്ങളും എന്നിവയെ ഉൾപ്പെടുത്തിക്കൊണ്ടാണ്.) സ്നേഹബന്ധങ്ങളെ മുറിപ്പെടുത്തിക്കൊണ്ടുപോലും സത്യത്തെ ആശ്ലേഷിക്കുവാൻ മനസ്സാക്ഷി ഇവിടെ സന്നദ്ധമായിത്തീരുന്നു, (ഇവിടെ സ്നേഹം എന്നു പറഞ്ഞിട്ടുള്ളത് ഐക്യ

---

1 ഈ ലേഖകന്റെ 'എക്യുമെനിസം' എന്ന പുസ്തകം 3, 4, 5, 6, 7 എന്നീ അദ്ധ്യായങ്ങൾ കാണുക.

www.malankaralibrary.com



ത്തിന്റെ ദൈവശാസ്ത്രപരങ്ങളല്ലാത്ത വൈകാരികകാര്യങ്ങളെ എല്ലാം ഉൾപ്പെടുത്തിക്കൊണ്ടാണ്). സ്നേഹത്തെ ബലികഴിച്ചുകൊണ്ടുള്ള സത്യത്തെപ്പുണരൽ എന്നതായിത്തീരുന്നു ഒട്ടുമിക്കവാറും ഇവിടത്തെ സ്ഥിതി. സ്നേഹം കൂടാതെയുള്ള സത്യം അസഹിഷ്ണതയാകും, മറുതലിപ്പുണ്ടാകും. സ്നേഹത്തിന്റെ കെട്ടുകെട്ടുകളെ അറുത്തുമുറിക്കുന്നതിലുള്ള ധർമ്മസങ്കടമാണ് ഇപ്പാതയിലൂടെയുള്ള ഗമനത്തെ ദുർവ്വഹമാക്കുന്നത്; ഈ വഴിയെ ചരിക്കുന്നവരുടെ സംഖ്യ നന്നേ കുറയുന്നത്.

സ്നേഹം കുരുതി കഴിക്കാതെയുള്ള സത്യം ആവരുതോ എന്ന ചോദ്യമുണ്ടാകാം. സമൂഹത്തിന്റെ ഊട്ടും പാവുമാണ് വ്യക്തിയെ വട്ടമിട്ടിരിക്കുന്നത്. ക്രിസ്തീയ പൈതൃകത്തിന്റെ ചെറുതോ വലുതോ ആയ സംസ്കാരത്തേൻനറുങ്ങുകൾ ഓരോ ക്രൈസ്തവസമൂഹത്തിലും കണ്ടെന്നിരിക്കും. ഈ സംസ്കാരനറുങ്ങും അതിനെ വട്ടമിട്ടിരിക്കുന്ന സമൂഹവും തമ്മിലുള്ള ഇരിപ്പ് അകത്തു മധുരത്തേനും പുറത്തു കട്ടിച്ചിരട്ടയും എന്നമട്ടിലാണ്; ഉൾഭാഗത്തു മനോഹരകുസുമവും ചുററുപാടും കടുത്ത മുൾവേലിപ്പടർപ്പും എന്ന സ്ഥിതിയിലാണ്. ക്രിസ്തീയ പൈതൃകത്തിന്റെ നറുംനറുങ്ങ് അന്തർഭാഗത്തു കാത്തുസൂക്ഷിക്കുന്ന വ്യത്യസ്തക്രിസ്തീയ സമൂഹങ്ങൾ പരസ്പരവിപരീതങ്ങളായ വിശ്വാസസത്യങ്ങളുടെ മുള്ളുവേലിക്കുരുക്കുകൾ കിളർത്തിപ്പിടിച്ചു ശണ്ഠകൂടുന്നവയാണ്; ഇതര ഗ്രൂപ്പുകളെപ്പററിയുള്ള ശ്രവണമാത്രയിൽ വിദ്വേഷവിഷം വമിക്കുന്നവയാണ്.

ഈ സ്ഥിതിയിൽത്തന്നെ അലംഭാവത്തോടെ തുടർന്നാൽ വ്യക്തിക്കു സമൂഹത്തിന്റെ സ്നേഹബന്ധങ്ങളെ ഛേദിക്കേണ്ട ദുസ്ഥിതിയുണ്ടാകയില്ല. പക്ഷേ, അ

www.malankaralibrary.com



ത്തു സത്യത്തെ ബലികഴിച്ചുകൊണ്ടുള്ള സ്നേഹം കാക്കലാണ്. സത്യം കൂടാതെയുള്ള സ്നേഹം അന്ധമാണ്. സ്നേഹം ബലികഴിച്ചുകൊണ്ടുള്ള സത്യം ദുർവ്വഹമായിരിക്കുന്നതുപോലെ സത്യം ബലികഴിച്ചുകൊണ്ടുള്ള സ്നേഹവും പാടില്ലാത്തതാണ്. ഇതിന് ഒരറുതിവരുത്തരുതോ? പിളർക്കപ്പെട്ട ക്രിസ്തീയസാഹോദര്യത്തിൻെറ ദുസ്സഹവേദന സൗഖ്യപ്രാപ്തിക്കു നിലവിളിക്കുന്നു. ഏതു ഗ്രൂപ്പിലാകട്ടെ, ക്രൈസ്തവപൈതൃകം ഐക്യത്തിനുവേണ്ടി പിടയുന്നുണ്ട്. ഓരോ ഗ്രൂപ്പും കിളർത്തിപ്പിടിക്കുന്ന വിശ്വാസവൈരുദ്ധ്യത്തിൻെറ കൂത്തുമൂത്ത മൂർച്ഛയേറിയ മുള്ളുകരം തേഞ്ഞുമായണം. എങ്കിലേ, ഐക്യത്തിൻെറ ആലിംഗനം പ്രാപ്യമാകൂ. പരസ്പരം വമിക്കുന്ന വിദ്വേഷവിഷം നിശ്ശേഷം കെട്ടടങ്ങണം. എങ്കിലേ, ഐക്യത്തിൻെറ മാലാഖ പറന്നടുക്കൂ. വിദ്വേഷശമനം സൗഹൃദാന്തരീക്ഷസൃഷ്ടികൊണ്ടും വിശ്വാസസത്യങ്ങളുടെ പൊരുത്തപ്പെടൽ ഡയലോഗുകൊണ്ടും സാധിക്കും. ഇതാണ് എക്യുമെനിസത്തിൻെറ മാർഗ്ഗം.

## *എക്യുമെനിസവും പുനരൈക്യവും പരസ്പരവിരുദ്ധമോ?*

എന്നു പറയുന്നവരുണ്ട്. അവർ സഭയുടെ പ്രമുഖ ദൗത്യമായ ബോധനപ്രവർത്തനത്തിൽ എക്യുമെനിസത്തെ കാണാത്തവരാണ്. സഭയുടെ വിപുലമായ ബോധനപ്രവർത്തനത്തിന് (സുവിശേഷവത്ക്കരണത്തിന്) പ്രധാനമായി മൂന്നു മാനങ്ങളുണ്ട്.

1. അനന്യതാഭാവമുള്ള സഭയ്ക്കുള്ളിലെ ബോധനം;
2. വിഭജിതഭാവമുള്ള സഭകൾക്കുള്ളിലുള്ള ബോധനം;

www.malankaralibrary.com



### 3. വ്യത്യസ്തഭാവമുള്ള മതങ്ങങ്ങൾക്കുള്ളിലുള്ള ബോധനം.

സഭയ്ക്കുള്ളിലെ ബോധനപ്രവർത്തനത്തിനു വേദോപദേശം (Catechism) എന്നും സഭകൾക്കുള്ളിലുള്ള പ്രവർത്തനത്തിന് സഭൈക്യ പ്രവർത്തനം (Ecumenism) എന്നും മതങ്ങൾക്കുള്ളിലുള്ള പ്രവർത്തനത്തിന് മാനസാന്തര (Conversion) പ്രവർത്തനമെന്നും പറയുന്നു.

''അനന്യതാഭാവം'' എന്ന വിശേഷണം സഭയ്ക്കു നല്കിയിരിക്കുന്നതു് ജോൺ പോൾ ദ്വിതീയൻ മാർപ്പാപ്പാ തന്നെയാണ്. 1979 നവംബർ മാസത്തിൽ മാർപ്പാപ്പാ പ്രസിദ്ധീകരിച്ച മതബോധനത്തെക്കുറിച്ചുള്ള ശ്ലൈഹികാഹ്വാനത്തിലാണ് സഭയ്ക്കു ഈ വിശേഷണം ചേർത്തിരിക്കുന്നതു്.2 സമീപകാലത്തുണ്ടായ ദൈവശാസ്ത്രത്തിലെ പ്രതിസന്ധിയാണ് ഈ വിശേഷണം ചേർക്കാൻ മാർപ്പാപ്പായെ പ്രേരിപ്പിച്ചതു്. ദൈവശാസ്ത്ര പ്രതിസന്ധിയെക്കുറിച്ചുള്ള ഒരു ലേഖനമിതാ: ''വത്തിക്കാൻ സൂന്നഹദോസിലെ ഒരു വാക്കോ ഒരു അപൂർണ്ണ വാക്യമോ വ്യാഖ്യാനിച്ചുവരുത്തുന്ന പുരോഗമനചിന്തകൾ സഭയ്ക്കു വളരെ നാശംചെയ്തുകൊണ്ടിരിക്കുന്നു. 1965-നുശേഷം ഈശോസഭയിൽനിന്നു ആറായിരവും കപ്പൂച്ചിൻസഭയിൽനിന്നു മൂവായിരവും മററു സഭകളിൽനിന്നു ഏറെക്കുറെ ആനുപാതികരീതിയിലും ദൈവവിളി നഷ്ടപ്പെട്ടിട്ടുണ്ടു്. വത്തിക്കാൻ സൂന്നഹദോസിൽ വിദഗ്ദ്ധദൈവശാസ്ത്രജ്ഞനായി പങ്കെടുത്ത ഫാ. ചാൾസ്ഡേവിസ് സൂന്നഹദോസു കഴിഞ്ഞശേഷം തി

---

2 Cfr. ജോൺപോൾ ദ്വിതീയൻ മാർപ്പാപ്പയുടെ മതബോധനത്തെക്കുറിച്ചുള്ള ശ്ലൈഹികലേഖനം, നവംബർ 1979.

www.malankaralibrary.com



രുസഭയെ ഉപേക്ഷിച്ചു; വിവാഹവും കഴിച്ചു. ഹാൻസ് ക്യുങ്ങ്, ഷിലബക്ക് തുടങ്ങിയ ഗ്രന്ഥകാരന്മാരുടെയും അവരെ അനുകരിച്ചു എഴുതിയിട്ടുള്ള ദൈവശാസ്ത്രജ്ഞന്മാരുടെയും പ്രസംഗങ്ങളും പ്രബന്ധങ്ങളും അനേകരുടെ ദൈവവിളി നശിപ്പിക്കയും ചിന്താക്കുഴപ്പം വരുത്തുകയും ചെയ്തിട്ടുണ്ട്. ഡച്ചുവേദോപദേശം തന്നെ എത്ര പേരുടെ വിശ്വാസം തകർത്തിരിക്കുന്നു! ഹോളണ്ടിലെ മെത്രാന്മാർ മാർപ്പാപ്പായ്ക്കു തലവേദനയായിരിക്കുകയാണ്''[3] മാമോദീസാ സ്വീകരിച്ചവരെല്ലാം ഒരു പ്രത്യേക വിധത്തിൽ സഭയുടെ അംഗങ്ങളാകുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ എല്ലാ സഭകളും സമാനങ്ങളാകുന്നു എന്ന ചിന്തയിലേക്കു വഴുതിയിട്ടുള്ളവരുണ്ട്. കത്തോലിക്കാസഭയ്ക്കു സമാനമായി മറെറാരു സഭയുമില്ലെന്നാണ് മാർപ്പാപ്പാ ഈ വിശേഷണംകൊണ്ടു് അർത്ഥമാക്കുന്നതു്. ഇതാ മാർപ്പാപ്പായുടെ അർത്ഥശങ്കയ്ക്കിടയില്ലാത്ത ചില വാക്യങ്ങൾ:

''ആവിഷ്കൃതസത്യങ്ങളുടെയും ക്രിസ്തു നല്കിയ രക്ഷാമാർഗ്ഗങ്ങളുടെയും പൂർണ്ണത കത്തോലിക്കാസഭയിലുണ്ടു് എന്നു പഠിപ്പിക്കുന്നതിൽനിന്നു വിരമിക്കാതെ തന്നെ മതബോധനത്തിന്റെ സഭൈക്യമാനം സംരക്ഷിക്കാവുന്നതാണ്. ഇങ്ങനെ പഠിപ്പിക്കുന്നതു് സഭയുമായി പൂർണ്ണഐക്യത്തിൽ അല്ലാത്ത സമൂഹങ്ങളോടു വാക്കുകളിലും പ്രവൃത്തികളിലും ആത്മാർത്ഥമായ ബഹുമാനം പുലർത്തിക്കൊണ്ടായിരിക്കണമെന്നുമാത്രം''.[4]

3 മോൺ. തോമസ് മൂത്തേടൻ, പ്രേഷിതകേരളം, ഏപ്രിൽ 1980.

4 ജോൺ പോൾ ദ്വിതീയൻ മാർപ്പാപ്പായുടെ മതബോധനത്തെക്കുറിച്ചുള്ള ശ്ലൈഹികലേഖനം, നവംബർ 1979.

www.malankaralibrary.com



"കത്തോലിക്കാകുട്ടികളെയും യുവജനങ്ങളെയും മുതിർന്നവരേയും തങ്ങളുടെ കത്തോലികമായ അനന്യത ഉറപ്പിച്ചുപറഞ്ഞും അതേസമയം മററുള്ളവരുടെ വിശ്വാസത്തെ മാനിച്ചുകൊണ്ടും അകത്തോലിക്കരുമായി സമ്പർക്കത്തിൽ ജീവിക്കുന്നതിനു ഒരുക്കുവാൻ പരിശ്രമിക്കുന്നുവെങ്കിൽ മതബോധനത്തിനു സഭൈക്യപരമായ മാനമുണ്ടായിരിക്കും".5

"...തത്വത്തിൻെറ തലത്തിൽ അയവുകളും ഉപേക്ഷകളും വരുത്തിക്കൊണ്ടു എളുപ്പവഴിക്കുള്ള സമാധാന സ്ഥാപനത്തിനായിരിക്കരുതു ഇത്തരം പരിശ്രമങ്ങൾ..." 6

"ദൈവശാസ്ത്രത്തിൽനിന്നു മതബോധനത്തിലേക്കു കടന്നുവരുന്ന ഒരു സമനിലതെററിയ സ്ഥിതി (Unstable balance)യുടെ അപകടത്തെ അവർ (1977-ലെ മെത്രാന്മാരുടെ സിനഡ്) പരാമർശിച്ചു"7

"വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങളിൽ അയഞ്ഞമനസ്ഥിതി പുലർത്തുക എന്നിങ്ങനെ മതബോധനത്തെ ദരിദ്രമാക്കുന്ന എന്തിനെയും അവർ (മെത്രാന്മാരുടെ സിനഡ്) എതിർക്കും" 8

## വ്യക്തിപരബോധനവും സമൂഹപരബോധനവും

ബോധനത്തിനു വ്യക്തിപരബോധനമെന്നും സമൂഹപരബോധനമെന്നും രണ്ടു തലങ്ങളുണ്ടു്. ഓരോന്നിനും

5 Ibid.
6 Ibid.
7 Ibid.
8 Ibid.

www.malankaralibrary.com



അതിന്േറതായ പ്രത്യേകതയും പ്രാധാന്യവുമുണ്ടു്. ക്രിസ്തുവിൻെറ ജീവിതത്തിൽ വ്യക്തിപരബോധവും സമൂഹപരബോധവും കാണാവുന്നതാണു്. പള്ളിയിലൂടെ നടത്തുന്ന ബോധനത്തിലും ഈ രണ്ടു വഴികളുണ്ടു്. വൈദികൻെറ സുവിശേഷപ്രസംഗം സമൂഹപരബോധനവും പാപസങ്കീർത്തനവേദിയിൽ നല്കുന്ന ഉപദേശം വ്യക്തിപരബോധനവുമാണു്. ബോധനത്തിൻെറ ഒരു ഘട്ടം പൂർത്തിയായവനെ അടുത്ത ഘട്ടത്തിലേക്കു പ്രവേശനം നല്കേണ്ടതും ബോധനപ്രക്രിയയുടെ ഭാഗമത്രേ. എല്ലാ ബോധനരംഗത്തും അംഗീകരിച്ചിട്ടുള്ളതും ഒരു ലക്ഷ്യത്തിലേക്കുള്ള ഇരു വഴികളുമായ ഈ ബോധനമാർഗ്ഗങ്ങൾ സഭൈക്യ പ്രവർത്തനരംഗത്തുമാത്രം അനുവദനീയമല്ല എന്നു പറയുന്നതു ശരിയല്ല. സഭൈക്യരംഗത്തു വ്യക്തിപരനീക്കം പാടില്ലെന്നു പറയുന്നതു് സഭയുടെ ബോധനപ്രവർത്തനത്തോടുള്ള തികഞ്ഞ അജ്ഞതയാണു്. പ്രലോഭനം, ഭീഷണി, സമ്മർദ്ദം തുടങ്ങിയവയ്ക്കു വശംവദമായിട്ടുള്ള നീക്കമല്ല വ്യക്തിപരസഭൈക്യംകൊണ്ടു ഇവിടെ വിവക്ഷിക്കുന്നതു്.

## *ത്യാഗധീരതയുടെ മാർഗ്ഗവും ഒഴുക്കിനൊത്തുള്ള നീക്കവും*

"നാടോടുമ്പോൾ നടുവെ ഓടുക"യെന്ന നിസ്സംഗമനോഭാവം, സമൂഹപരിവർത്തനം സംഭവിക്കുമെങ്കിൽ വ്യക്തികൾക്കുണ്ടാകാവുന്നതാണു്. സ്നേഹത്തിൻെറ അഗാധതയോ ത്യാഗത്തിൻെറ തീവ്രതയോ ഇവിടെ കണ്ടെന്നിരിക്കയില്ല. പ്രതിബന്ധങ്ങളെ അവഗണിച്ചുകൊണ്ടുള്ള വ്യക്തിപരപരിവർത്തനം ത്യാഗധീരതയുടെ മാർഗ്ഗമാണു്, മിശിഹാനുകരണത്തിൻെറ കുരിശെടുത്തുകൊണ്ടുള്ള വഴിയാണു്. ഇങ്ങനെയുള്ളവരെക്കുറിച്ചാ

www.malankaralibrary.com



ണ് സുവിശേഷം പറയുന്നത്: ''എന്നെക്കുറിച്ചും എന്റെ സുവിശേഷത്തെക്കുറിച്ചും വീടുകളെയോ സഹോദരന്മാരെയോ പിതാവിനെയോ മാതാവിനെയോ ഭാര്യയേയോ മക്കളെയോ പട്ടണങ്ങളെയോ വിട്ടുപേക്ഷിച്ചാൽ, ഞെരുക്കത്തോടുകൂടി ഇപ്പോഠം ഇക്കാലത്തുതന്നെ ഒന്നിനു നൂറായി വീടുകളെയും സഹോദരന്മാരെയും അമ്മമാരെയും മക്കളെയും പട്ടണങ്ങളെയും വരുവാനിരിക്കുന്ന ലോകത്തിൽ നിത്യജീവനെയും പ്രാപിക്കാത്തവൻ ഒരുത്തൻപോലുമില്ല''.9 ആദ്ധ്യാത്മികധീരതയുടെ ഈ മാർഗ്ഗത്തെ വേലികെട്ടി അടച്ചുകളയുകയാണ് വ്യക്തിപരസഭൈക്യത്തെ നിഷേധിക്കുമ്പോഠം ചെയ്യുന്നത്.

## സങ്കല്പലോകത്തിന്റെ മിനുമിനുപ്പും യഥാർത്ഥലോകത്തിന്റെ പരുപരുപ്പും

കേഠംക്കാൻ ഇമ്പമുള്ളതും പ്രസംഗിക്കാൻ എളുപ്പവുമായ എക്യുമെനിസം സങ്കല്പത്തിൽ സ്ഥിതിചെയ്യുന്ന ഒന്നാണ്. പരിപൂർണ്ണ ആരോഗ്യവും പരിപൂർണ്ണ സൗന്ദര്യവും സങ്കല്പത്തിൽമാത്രം സ്ഥിതിചെയ്യുന്നതുപോലെ. സങ്കല്പലോകത്തിനു് അതിന്റെ മിനുമിനുപ്പുണ്ട്; യാഥാർത്ഥലോകത്തിനു് അതിന്റെ പരുപരുപ്പും. അതുകൊണ്ടത്രേ പുനരൈക്യം പരുപരുപ്പുള്ളതായി തോന്നുന്നത്. എക്യുമെനിസത്തെ ഒരു മനോഭാവമായി കാണുമെങ്കിൽ ഈ ബുദ്ധിമുട്ടുണ്ടാകയില്ല. മനോഭാവമായി എക്യുമെനിസത്തെ നിർവ്വചിച്ചിട്ടുള്ളവരുണ്ട്. ആൽബർട്ട് കാർഡിനൽ മേയർ എക്യുമെനിസത്തെ

9 വി. മർക്കോസ് 10:30

www.malankaralibrary.com



നിർവ്വചിക്കുന്നതിങ്ങനെയാണ്: "വേർപിരിഞ്ഞു നി ല്ക്കുന്ന ക്രിസ്തീയ സഹോദരങ്ങളെ ആദരവോടും ധാരണ യോടും പ്രത്യാശയോടും വീക്ഷിക്കുന്നതിനു നമ്മെ പ്രേ രിപ്പിക്കുന്ന ഹൃദയഭാവമാണ് എക്യൂമെനിസം".10 സ വിശേഷശ്രദ്ധ അർഹിക്കുന്ന ഈ ഹൃദയഭാവം വ്യക്തി പരസഭൈക്യത്തെ—അതു മനസ്സാക്ഷിസ്വാതന്ത്ര്യത്തെ ഹനിക്കുന്നില്ലെങ്കിൽ എന്തിനു എതിർക്കണം?

## മലങ്കര കത്തോലിക്കാസഭയും എക്യൂമെനിസവും

ഇതര പുനരൈക്യങ്ങളിൽനിന്നു വ്യതിരിക്തസ്വ ഭാവത്തോടുകൂടിയതത്രേ മാർ ഈവാനിയോസിന്റെ പുനരൈക്യം.11 ഈ വ്യതിരിക്തതകൾ അതിനെ എ ക്യൂമെനിസത്തിന്റെ അന്തസ്സത്തയുമായി അടുപ്പിക്കുക യാണ്. ന്യൂമാന്റെയോ ചെസ്റ്റർട്ടന്റെയോ പുനരൈ ക്യംപോലെയല്ല മാർ ഈവാനിയോസിന്റെ സഭൈ ക്യം. ഈവാനിയോസ് തിരുമേനിയുടെയും പ്രസ്ഥാന ത്തിന്റെയും പരിവർത്തനത്തിന്റെ സവിശേഷതകളിൽ ഒരു ഘടകം മാത്രമാണ് തല്ക്കാലം പരാമർശനവിധേ യമാക്കുന്നത്. മലങ്കരറീത്ത് അംഗീകരിപ്പിച്ചുകൊണ്ടു ള്ളതാണ് മാർ ഈവാനിയോസിന്റെ സഭൈക്യം.

റീത്തിനെക്കുറിച്ചു അല്പപഠനം ഇവിടെ ആവശ്യ മായി വരുന്നു. "ലത്തീനിലെ റീത്തുസും (Ritus) ഇം ഗ്ലീഷിലെ റൈററ് (Rite) മാണ് മലയാളത്തിലെ റീ

---

10 Albert Cardinal Meyor
11 ഫാ. വറുഗീസ് കിളിച്ചിമല, എക്യൂമെനിസം, 8-ാം അ ധ്യായം കാണുക pp 116-127

www.malankaralibrary.com



ത്തു്. രീതി എന്നു മാത്രമാണു് ഇതിന്റെ അർത്ഥം. കുർബാന ചൊല്ലുക, കാനോനികജപം നടത്തുക, കൂദാശകളും മററും ശുശ്രൂഷിക്കുക, നോമ്പും ഉപവാസവും അനുഷ്ഠിക്കുക, ആദിയായി ദൈവാരാധനയിലും ക്രൈസ്തവ നടപടിയിലും സ്വീകരിച്ചിരിക്കുന്ന രീതിയെന്നാണു് റീത്തിനു വൈദികഭാഷയിലുള്ള സാങ്കേതികമായ അർത്ഥം. ക്രിസ്തീയവിശ്വാസവും ക്രിസ്തീയജീവിതവും പുരാതനങ്ങളായ സംസ്കാരങ്ങളോടു ആദിശതകങ്ങളിൽ തന്നെ കൂട്ടിയിണക്കിയതിന്റെ ഫലമാണു് തിരുസഭയിൽ ഇന്നുകാണുന്ന വിവിധ റീത്തുകൾ. പുതിയ റീത്തുകൾ ഉണ്ടാക്കുവാനോ പഴയ റീത്തുകൾ അലങ്കോലപ്പെടുത്താനോ തിരുസഭ സമ്മതിക്കാത്തതിനുള്ള ഒരു കാരണം ഇവിടെ നാം കാണുന്നു''.12

''ആരാധനക്രമമെന്നതിലും കൂടുതൽ വ്യാപകമാണു് റീത്തു്, ഒരു സമൂഹത്തിന്റെ ക്രിസ്തീയജീവിതത്തെ മുഴുവനും സംബന്ധിക്കുന്നതാണതു്. എക്യുമെനിസത്തെക്കുറിച്ചുള്ള ഡിക്രിയിലെ 15, 16, 17 എന്നീ ഖണ്ഡികകളിൽ കൗൺസിൽതന്നെ ഇതു വ്യക്തമാക്കുന്നുണ്ടു്. ആരാധനാക്രമത്തിലെ പ്രത്യേകതകൾ, കാനൻ നിയമം, ആദ്ധ്യാത്മികജീവിതരീതി, സന്യാസ ജീവിതമുറ, ദൈവശാസ്ത്രം തുടങ്ങി എല്ലാ തുറകളേയും ഉൾക്കൊള്ളുന്നതാണു് റീത്തു്''.13

അന്തോക്യൻ റീത്തുകാർ എന്നറിയപ്പെടുന്ന മലങ്കര സഭാസമൂഹങ്ങളെപ്പററി ''ക്രിസ്തുദർശനം'' എന്ന ഗ്ര

---

12 റവ. സോക്രർ പ്ലാസീഡ്, നമ്മുടെ റീത്തു്, പേജ് 7.
13 പൗരസ്ത്യ കത്തോലിക്കാസഭകളെക്കുറിച്ചുള്ള വത്തിക്കാൻ കൗൺസിൽ ഡിക്രി, 3, ഫുട്നോട്ട്.

www.malankaralibrary.com



ന്ഥത്തിൽ ഡോക്ടർ സിറിൾ ഒ. ഐ. സി. പറയുന്നു. ആ സമൂഹങ്ങൾ.

മലങ്കര ഓർത്തഡോക്സ് സഭ,
തോഴിയൂർ സഭ,
മലങ്കര മാർത്തോമ്മാ സഭ,
മലങ്കര കത്തോലിക്കാ സഭ.[14]

മലങ്കര ഓർത്തഡോക്സ് സഭ എന്നതിൽ മലങ്കര യാക്കോബായ സഭ, മലങ്കര ഓർത്തഡോക്സ്സഭ എന്നിങ്ങനെ രണ്ടു സ്വതന്ത്രസമൂഹങ്ങൾ ഉൾപ്പെടുന്നുണ്ട്. അന്തോക്യൻ റീത്തുകാർ എന്നറിയപ്പെടുന്ന മലങ്കര സഭാസമൂഹങ്ങളായി ഈ അഞ്ചു സഭകൾ അംഗീകരിക്കപ്പെടുന്നു. ഒരേ റീത്തിൽപെട്ട തനിമയുള്ള സഭകളായി ഇവയെ സ്വീകരിച്ചിരിക്കുന്ന സ്ഥിതിക്ക് റീത്തിനെക്കുറിച്ചുള്ള ചില നിഗമനങ്ങൾ ഇവിടെ സ്വീകാര്യമായി വരുന്നു.

1. പതിനയ്യായിരത്തിൽപരം അംഗസംഖ്യയുള്ള തോഴിയൂർ സഭയേയും മൂന്നുലക്ഷത്തിലേറെ ജനസംഖ്യയുള്ള മാർത്തോമ്മാസഭയേയും 20 ലക്ഷത്തിലേറെ ജനസംഖ്യ അവകാശപ്പെടുന്ന ഓർത്തഡോക്സ് സഭയേയും എല്ലാം ഒന്നുപോലെ മലങ്കര സഭകളായി അംഗീകരിച്ചിരിക്കുന്നു. quantity-യിലല്ല quality-യിലാണ് റീത്ത് (സഭ) അടങ്ങിയിരിക്കുന്നത്.

2. ചില മലങ്കരസഭകൾ സുറിയാനിയിലും മല

---

14 Cfr. റവ. ഡോ. സിറിൾ ഒ. ഐ. സി., അന്ത്യോക്യൻ റീത്ത്, ക്രിസ്തുദർശനം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പേജ് 770.

www.malankaralibrary.com



യാളത്തിലും ആരാധന നടത്തുന്നു. റീത്തും ഭാഷയുമായുള്ള ബന്ധത്തെക്കുറിച്ചു ഡോ. പ്ലാസിഡ് പറയുന്നു. ''റീത്തും റീത്തുഭാഷയും വിഭിന്നങ്ങളാണ്. പല റീത്തുകളും ആരംഭത്തിൽ അവ അനുഷ്ഠിക്കപ്പെട്ടിരുന്ന ഭാഷയുടെ പേരിൽ ഇന്നു് അറിയപ്പെടുന്നു. എങ്കിലും, ഒരേ റീത്തു പല ഭാഷകളിൽ അനുഷ്ഠിക്കപ്പെടാം. ഭാഷയിലുള്ള വ്യത്യാസം റീത്തിൽ വ്യത്യാസം വരുത്തുന്നില്ല. റീത്തിന്റെ വിശേഷത ഭാഷയിൽ മാത്രമല്ല സ്ഥിതി ചെയ്യുന്നതു്. ഗ്രീക്കുറീത്തു പല ഭാഷകളിൽ നടത്തപ്പെടുന്നുണ്ടു്, അപ്രകാരംതന്നെ അന്ത്യോക്യൻ അഥവാ പാശ്ചാത്യ സുറിയാനി റീത്തു് അറബിയിലും മലയാളത്തിലും അനുഷ്ഠിക്കപ്പെടുന്നുണ്ടെങ്കിലും അതിനു മാററം സംഭവിച്ചതായി ആരും കരുതുന്നില്ല.''.15

3. അന്ത്യോക്യൻ റീത്തു അനുവർത്തിക്കുന്ന മലങ്കര സഭകളിൽ ഒന്നിന്റെ തലവൻ മെത്രാനും രണ്ടെണ്ണത്തിന്റെ തലവന്മാർ മെത്രാപ്പോലീത്താമാരും ഒന്നിന്റെ തലവൻ സ്വതന്ത്ര കാതോലിക്കായും ഇനിയൊന്നിന്റെ തലവൻ പാത്രിയർക്കീസിനെ അംഗീകരിക്കുന്ന കാതോലിക്കായുമത്രേ. റീത്തും ഭരണാധികാരിയുമായുള്ള ബന്ധത്തെക്കുറിച്ചു ഡോ. പ്ലാസിഡ് പറയുന്നു. ''ഒരു പ്രത്യേക ഭാഷയോടു് എന്നതുപോലെതന്നെ, ഒരു പ്രത്യേക ഭരണാധികാരിയോടും ഏതെങ്കിലും ഒരു റീത്തു ബന്ധപ്പെട്ടിരിക്കണമെന്നു നിർബ്ബന്ധമില്ല.'' ഒരു റീത്തിനു് ഒരു പാത്രിയർക്കീസു വീതം എന്നൊരു വയ്പുണ്ടു്. പക്ഷേ ആ പാത്രിയർക്കീസിനു ആ റീത്തു ഉപയോഗിക്കുന്ന പ്രാദേശിക സഭകളുടെമേൽ ഏതെങ്കി

15 റവ. ഡോ. പ്ലാസിഡ്, നമ്മുടെ റീത്തു്, പേജ് 10

www.malankaralibrary.com



ലും അധികാരമുണ്ടെന്നു ഇതിൽനിന്നു സിദ്ധിക്കുന്നില്ല. അന്ത്യോക്യൻ അഥവാ പാശ്ചാത്യ സുറിയാനി റീത്തിന്റെ തലവൻ അന്ത്യോക്യാ സുറിയാനി പാത്രിയർക്കീസാണ്. എങ്കിലും, അതേ റീത്തു സ്വീകരിച്ചിട്ടുള്ള മലങ്കര അന്ത്യോക്യൻ സഭയുടെമേൽ അദ്ദേഹത്തിനു യാതൊരു അധികാരവുമില്ല''.16

4. C.S.I. സഭയിലേക്കു കുറെ മലങ്കരസുറിയാനിക്കാർ ചേർന്നിട്ടുണ്ട്. അവരെ മലങ്കരസഭാസമൂഹമായി ഗണിക്കുന്നില്ല. എങ്കിലും, മാർത്തോമ്മാ സഭയെ മലങ്കരറീത്തു അംഗീകരിക്കുന്ന സമൂഹമായി ഗണിക്കുന്നു. വിശ്വാസപരമായ ചില മാററങ്ങൾ വന്നിട്ടുണ്ടെന്നിരുന്നാലും റീത്തിന്റെ സാരാംശപരങ്ങളായ കാര്യങ്ങൾ സംരക്ഷിക്കുന്നതുകൊണ്ടാവണം ഇങ്ങനെ പരിഗണിക്കുന്നതു്.

5. അന്ത്യോക്യൻറീത്തു സ്വീകരിക്കുന്ന മലങ്കരസമൂഹങ്ങളുടെ ഭരണവും നിയമങ്ങളും എല്ലായിടത്തും ഒന്നുപോലെയല്ല. നിയമങ്ങളും റീത്തുമായുള്ള ബന്ധത്തെക്കുറിച്ചു ഡോ. പ്ലാസിഡ് പറയുന്നു, ''ഓരോ റീത്തുകാരുടെ കാനൻനിയമങ്ങളെയും റീത്തിന്റെ നിർവ്വചനത്തിൽ ചിലർ ഉൾപ്പെടുത്താറുണ്ട്. നോമ്പ്, ഉപവാസം ആദിയായവയെ നിയന്ത്രിക്കുന്ന നിയമങ്ങൾ കാനൻ നിയമങ്ങളായി ചിലപ്പോൾ പരിഗണിക്കപ്പെടുന്നു. പള്ളി, പള്ളിസാമാനങ്ങൾ, തിരുവസ്ത്രങ്ങൾ, വൈദികപഞ്ചാംഗം, വൈദികഗാനം, വൈദികരുടെ വേഷഭൂഷകൾ ആദിയായവയും റീത്തിൽപെട്ടവയത്രേ.''17

16 Idid., pp 10, 11. 17 Ibid., pp. 7, 8.

www.malankaralibrary.com



1886-ലെ മുളന്തുരുത്തി സുന്നഹദോസിനുമുമ്പ് മലങ്കരസഭയ്ക്കു ഒരു കാനൻനിയമം ഉണ്ടായിരുന്നതായി തെളിവൊന്നുമില്ല... വാസ്തവത്തിൽ കേരളത്തിലെ യാക്കോബായ സഭയുടെ ഭരണം അതിന്റെ ആചാരാനുഷ്ഠാനങ്ങളാലും പാരമ്പര്യങ്ങളാലുമാണ് നിയന്ത്രിക്കപ്പെട്ടിരുന്നത്.[18]

ജനസംഖ്യ, ഭാഷ, പ്രത്യേക ഭരണാധികാരി, വിശ്വാസവിഷയങ്ങളിലുള്ള ഈഷൽഭേദങ്ങൾ, ഭരണഘടന എന്നിവ ഒരു പ്രാദേശികസഭയുടെ തനിമയെ ബാധിക്കുന്നുണ്ടോ? ഇല്ലെങ്കിൽ, സ്വതന്ത്രസഭയുടെ സാരാംശം എന്തിൽ അടങ്ങിയിരിക്കുന്നു? ആരാധനക്രമം, ആധ്യാത്മികത്വം, ദൈവശാസ്ത്രം, ഭരണസംവിധാനം അഥവാ നിയമസംഹിത ഇവയിലാണ് റീത്തിന്റെ അഥവാ തനിമയുള്ള സഭയുടെ സാരാംശം അടങ്ങിയിരിക്കുന്നത്. ആരാധനക്രമം, ആധ്യാക്തികത്വം. ദൈവശാസ്ത്രം, നിയമസംഹിത എന്നിവയിലുള്ള സവിശേഷതയത്രേ മലങ്കരറീത്തിന്റെ കാതൽ. മലങ്കരറീത്തെന്നു പറഞ്ഞാൽ തനിമയുള്ള മലങ്കരസഭയെന്നാണർത്ഥം. മലങ്കരറീത്തിന്റെ അംഗീകരണത്തോടുകൂടി മലങ്കരസഭയും കത്തോലിക്കാസഭയുമായുള്ള ഗാഢവും ഹൃദ്യവുമായ സമാശ്ലേഷണമാണു നടന്നിട്ടുള്ളത്. മലങ്കരസഭയെ സഭയാക്കുന്ന ആരാധനക്രമം, ആധ്യാത്മികത്വം, ദൈവശാസ്ത്രം, നിയമസംഹിത എന്നീ സംസ്കാരസവിശേഷതകളെ, ഒന്നടങ്കം സാർവ്വത്രികസഭ സാംശീകരിച്ചു. സാർവ്വത്രികസഭയുടെ ഐക്യം മലങ്കരസഭ നേടിയെടുത്തു.

---

18 Cfr. ഡോ. സിറിൾ ഒ.ഐ.സി., അന്ത്യോക്യൻ റീത്ത്, ക്രിസ്തുദർശനം pp. 786-788.

www.malankaralibrary.com



ഇരുസഭകളും പൂർവ്വാധികം ഉത്തേജിതമായി. മൂന്നൂറു വർഷക്കാലം മലങ്കരസഭ നടത്തിയ ഡയലോഗിൻെറ ഫലമത്രേ ഓർത്തഡോക്സുസഭാസിനഡിൻെറയും സിനഡിനാൽ നിയുക്തനായ മാർ ഈവാനിയോസി ൻെറയും ശ്രമംകൊണ്ടു ലഭിച്ച ഈ വിജയം.

## *മാർ ഈവാനിയോസിൻെറ സഭൈക്യം വെളിപ്പെടുത്തുന്ന ചില വസ്തുതകൾ*

1. മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരി മാർ ദീവന്യാസ്യോസിൻെറ അറിവും അംഗീകരണവും മാർ ഈവാനിയോസിൻെറ സഭൈക്യശ്രമങ്ങൾക്കുണ്ടായിട്ടു ണ്ട്. 1926 നവംബർ മാസം 17-ാംതീയതി ചേന്ന ഓർത്തഡോക്സു സമൂഹത്തിലെ മേൽപ്പട്ടക്കാരുടെ സമ്മേളനം പുനരൈക്യത്തിനുവേണ്ടി തീരുമാനിച്ചിട്ടു ണ്ട്.[19] സന്ദർഭം വന്നപ്പോൾ ഇതെല്ലാം മറന്നുകൊണ്ട് വട്ടശ്ശേരി മാർ ദീവന്യാസ്യോസ് പുനരൈക്യ ത്തിൽനിന്നു പിന്തിരിഞ്ഞുവെന്നതു് ഒരു ദുഃഖസത്യമ ത്രേ. മെത്രാപ്പോലീത്താകൂടി മനസ്സുവെച്ചിരുന്നെങ്കിൽ എന്താകുമായിരുന്നു സഭൈക്യത്തിൻെറ ചിത്രം? മല ങ്കരയുടെ പൂർണ്ണസഹകരണം അതിനു ലഭ്യമാകുമായിരു ന്നില്ലേ? അഭ്യൂഹത്തെ അടിസ്ഥാനമാക്കി വ്യക്തമാ യി ഒന്നും പറഞ്ഞുകൂടാ. മാത്യൂസ് മാർ അത്തനാസി യോസ്, ക്നാനായസഭയുടെ ഏക മെത്രാപ്പോലീ ത്താ തോമസ് മാർ ദീയസ്കോറോസ്, തോഴിയൂർ സഭയുടെ പൗലൂസ് മാർ പീലക്സിനോസ് എന്നിവ

---

19 Cfr. മോൺ, വടശ്ശേരി, കത്തോലിക്കാസഭയും യാക്കോ ബായവാദങ്ങളും പുറം 420

www.malankaralibrary.com



രുടെ സഭാമാററത്തിൽ അനുയായികളിൽനിന്നു സിദ്ധിച്ച സഹകരണം തീർത്തും നിസ്സാരമായിരുന്നു. അമ്മയെ തല്ലുന്നതിനെക്കുറിച്ചും രണ്ടഭിപ്രായം സാധാരണമാണല്ലോ.

1. ''ഹൂദായകാനോൻ'' മലങ്കര ഓർത്തഡോക്സു സഭയുടെ ഔദ്യോഗിക നിയമഗ്രന്ഥമാണ്. ''റീശോറാബോദ് കുലഹ്ഹൻ ഹാവ്ഖ്റൂമി'[20] എന്ന ഹൂദായകാനൻ വാക്യം കോടതിയിൽ വിശദീകരിച്ചുള്ള[21] മാർ ദീവന്യാസ്യോസിനു് റീശ്ശുപാത്രിയർക്കീസിനെ സ്വീകരിക്കാതിരിക്കുക അപൂർണ്ണതയാണെന്ന കാര്യം നല്ലവണ്ണമറിയാമായിരുന്നു. എന്നിട്ടും, അദ്ദേഹം അപൂർണ്ണതയിൽ തുടർന്നു. ഹൂദായകാനൻ പൂർണ്ണമായി സ്വീകരിക്കുകയാണ് മാർ ഈവാനിയോസ് ചെയ്തതു്. ഇതു സാധിക്കാത്തിടത്തോളം ബുദ്ധിജീവികൾ പ്രസ്തുത സഭയിൽ അപൂർണ്ണത കണ്ടെത്തുമെന്നു അദ്ദേഹത്തിനറിയാമായിരുന്നു. ഹയരാർക്കി ലബ്ധിയോടെ മാർ ഈവാനിയോസ് ഹൂദായകാനൻ നിയമപ്രകാരം അപൂർണ്ണതയില്ലാത്ത മെത്രാപ്പോലീത്തായായി ഉയർന്നു. ഹൂദായകാനൻവെളിച്ചത്തിൽ വട്ടശ്ശേരി മാർ ദീവന്യാസ്യോസ് അപൂർണ്ണനായ മെത്രാപ്പോലീത്തായാണ്, അതേ കാനൻവെളിച്ചത്തിൽ മാർ ഈവാനിയോസ് പൂർണ്ണതയിലേക്കുയർന്ന മെത്രാപ്പോലീത്തായും.

---

20 ഹൂദായകാനൻ 7-ാം അദ്ധ്യായം 1-ാം വാക്യം.

21 ''അവരിൽ എല്ലാവരിലും അല്ലെങ്കിൽ എല്ലാവരുടെയും വലിയ പ്രധാനി അല്ലെങ്കിൽ തലവൻ റോമ്മായുടെ ആരം അതായതു് പാത്രിയർക്കിസാണു്'' വട്ടിപ്പണക്കേസ്, മലയാള മനോരമ പ്രസ്സ്, പുറം 1022.

www.malankaralibrary.com



3. ഹൂദായകാനൻ നിർദ്ദേശിക്കുന്ന പൂർണ്ണതയിലേക്കു മലങ്കര കത്തോലിക്കാ ഹയരാർക്കിയെ ഉയർത്തിയതു് റോമാ സിംഹാസനത്തിന്റെ അംഗീകരണമാണു്. മാർ ഈവാനിയോസിലൂടെ മലങ്കര കത്തോലിക്കാസഭയ്ക്കു ലബ്ധമായ ഈ അംഗീകരണത്തിന്റെ ഫലം ഒരു പ്രത്യേകവിധത്തിൽ മലങ്കര ഓർത്തഡോക്സു സമൂഹത്തിനും ലഭിക്കയുണ്ടായി. മലങ്കര ഓർത്തഡോക്സു സഭയുടെ ഇന്നത്തെ നിലനില്പിനുള്ള അടിസ്ഥാന കാരണം മാർ ഈവാനിയോസിന്റെ സഭൈക്യമാണു്. കാതോലിക്കായ്ക്കു പട്ടമില്ലെന്നു യാക്കോബായ പരമാദ്ധ്യക്ഷസ്ഥാനം പ്രഖ്യാപിച്ചപ്പോൾ ഓർത്തഡോക്സു കൂട്ടത്തിന്റെ അസ്തിത്വം തുലാസിൽ ആടുകതന്നെ ചെയ്തു. കാതോലിക്കായുടെയും കൂട്ടാളികളുടെയും പട്ടവും കൂദാശകളും സാധുവെന്നുള്ള റോമാസിംഹാസനത്തിന്റെ പ്രഖ്യാപനം ഓർത്തഡോക്സുകൂട്ടത്തെ രക്ഷിച്ചു. അതുണ്ടായിരുന്നില്ലെങ്കിൽ ഓർത്തഡോക്സുകൂട്ടം ഇന്നത്തെ രൂപത്തിൽ കാണുമായിരുന്നില്ല.

4. മാർ ഡീവന്ന്യാസ്യോസ് പിന്തിരിഞ്ഞ സ്ഥിതിക്കു് ബഥനിത്തിരുമേനി സഭൈക്യത്തിനു തന്നിഷ്ടത്തോടെ നീങ്ങിയതു ശരിയോ എന്നു ചോദിക്കുന്നവരുണ്ടു്. റോമാസിംഹാസനത്തിന്റെ അംഗീകരണം മാർ ഈവാനിയോസിനും തദ്വാരാ മലങ്കരസഭയ്ക്കും ഉണ്ടായില്ലെങ്കിൽ എന്തു സംഭവിക്കുമായിരുന്നുവെന്ന ചിന്ത ഇവിടെ പ്രസക്തമാണു്. എങ്കിൽ, ഓർത്തഡോക്സു സഭ ഇന്നത്തെ നിലയിൽ ഇവിടെ കാണുമായിരുന്നില്ല.22 കത്തോലിക്കാ സഭൈക്യത്തിനു താല്പര്യം കാണി

22 3-ാംഖണ്ഡിക കാണുക.

www.malankaralibrary.com



ച്ച ഒരുപററം വൈദികരും ജനങ്ങളും മാർ ഈവാനിയോസിനെ പുനരൈക്യത്തിനു പ്രേരിപ്പിച്ചുകൊണ്ടിരുന്നു, അവരും മലങ്കരയിലെ ദൈവജനത്തിൻെറ ഭാഗം തന്നെയായിരുന്നു. അവരുടെ ന്യായമായ ആവശ്യത്തിനുമുമ്പിൽ കണ്ണടയ്ക്കുക ഒരു ഇടയനു ചേർന്നതായിരുന്നില്ല. ഈവാനിയോസു തിരുമേനി സഭൈക്യത്തിൽനിന്നു പിന്തിരിഞ്ഞെങ്കിൽ അവർ മലങ്കര ഹയരാർക്കിയുടെ തണൽ കൂടാതെ കത്തോലിക്കാസഭയിൽ ലയിക്കമായിരുന്നു. ദൂരവ്യാപകഫലം മാർ ഈവാനിയോസിൻെറ പരിവർത്തനം ഉളവാക്കിയിട്ടുണ്ട്. പാശ്ചാത്യ കത്തോലിക്കാചിന്തകന്മാരെ എക്കുമെനിസത്തിലേക്കു നയിച്ച ഒരു പ്രധാനഘടകം മാർ ഈവാനിയോസിൻെറ പരിവർത്തനത്തിൻെറ സവിശേഷതയത്രേ.

5. നേതൃവേലിനിലവും ചില സ്ഥാപനങ്ങളും പള്ളികളും ഉപേക്ഷിക്കേണ്ടിവരുമല്ലോ എന്ന ഭീതിയായിരുന്നു അന്നു മാർ ദീവന്യാസ്യോസിനുണ്ടായിരുന്നതു്. അനുയായികൾ പിന്തുടരുമോ എന്ന ഭീതിയാണ് ഇന്നത്തെ ചില തിരുമേനിമാർക്കുള്ളതു്. വൈകാരികമായ തടസ്സംമാത്രമാണ് മലങ്കരയിലെ ഐക്യത്തിനുള്ളതു്.

6. ''നിൻെറ വിളി അവർ ചെവിക്കൊള്ളുന്നില്ലെങ്കിൽ ഒററയ്ക്കു നടക്കുക, ഒററയ്ക്കു നടക്കുക'' എന്ന ടാഗോറിൻെറ ഗാനം ഗാന്ധിജി പാടുമായിരുന്നു. ലോകത്തിൻെറ വിളിയേക്കാൾ ദൈവത്തിൻെറ വിളിക്കു ചെവികൊടുത്തതാണ് മാർ ഈവാനിയോസിൻെറ വിജയത്തിനു കാരണം. ശ്രീ എ. പീലിപ്പോസ് ജഡ്ജി പറയുന്നു: ''ദൈവം തൻെറ കരുണയുടെ സമൃദ്ധിയിൽ മലയാളത്തുള്ള നമ്മുടെ സഭയേയും ഇപ്പോൾ കാത്തൊ

www.malankaralibrary.com



ലിക ഐക്യത്തിലേക്കു ആകർഷിച്ചിരിക്കുന്നു. അങ്ങനെ ദൈവം ആകർഷിച്ചിരിക്കുന്നതു് ബഥനിമെത്രാനച്ചനിൽക്കൂടിയാകുന്നു. അദ്ദേഹത്തിന്റെ ത്യാഗബുദ്ധിക്കും ചെറുപ്പംമുതലേ തന്നെത്താൻ മറന്നുള്ള ദൈവസ്നേഹത്തിനും പ്രതിഫലമായി ഈ മഹാവലിയ ഭാഗ്യം ദൈവം അദ്ദേഹത്തിനു കൊടുത്തതാകുന്നു''.23

7. മാർ ഈവാനിയോസ് യാക്കോബായ സഭയിൽ ഉയർത്തിയ ആദ്ധ്യാത്മിക ഉണർവ്വാണു് ഐക്യസംരംഭത്തെ ഇത്രയുമെങ്കിലും വിജയിപ്പിച്ചതു്. ഐക്യത്തിനു തടസ്സമായിനില്ക്കുന്ന വിശ്വാസപരമായ പ്രതിബന്ധങ്ങളൊന്നുംതന്നെ മലങ്കര ഓർത്തഡോക്സ് സഭയ്ക്കില്ല. ഐക്യത്തിന്റെ പാതയിലെ മുള്ളുവേലിപ്പടർപ്പുകളായ വൈകാരിക കാരണങ്ങളെ ഇല്ലാതാക്കാൻ ആദ്ധ്യാത്മിക ഉണർവ്വുകൊണ്ടേ സാധിക്കൂ. ആദ്ധ്യാത്മിക ഉണർവ്വിലൂടെ മലങ്കരയെ ഐക്യത്തിന്റെ പൂർണ്ണതയിലെത്തിക്കുകയെന്നതത്രേ ഇന്നത്തെ കർത്തവ്യം.

23 എ. പിലിപ്പോസ് എം.എ.ബി.എൽ, കാതോലിക പുനരൈക്യചിന്തകൾ.

www.malankaralibrary.com

# VII

# കേരളത്തിലെ ചില സഭൈക്യ ശ്രമങ്ങൾ

പത്തറുപതു കൊല്ലങ്ങൾക്കുള്ളിലായി കേരള ക്രിസ്ത്യാനികൾക്കിടയിൽ മൂന്നു പ്രധാനപ്പെട്ട സഭൈക്യ ശ്രമങ്ങൾ നടന്നിട്ടുണ്ട് 1) 1930-ൽ മാർ ഈവാനിയോസ് ആരംഭമിട്ട മലങ്കരസഭൈക്യം; 2) 1936-ൽ ഓർത്തഡോക്‌സു, മാർത്തോമ്മാ, സി. എസ്. ഐ, എന്നീ സഭകൾ ചേർന്നു രൂപപ്പെടുത്തിയ ഐക്യശ്രമം; 3) 1983-ൽ സി. എസ്. ഐ., സി. എൻ. ഐ., മാർത്തോമ്മ സഭകൾ ചേർന്നു രൂപപ്പെടുത്തിയ ഐക്യം.

### *1936-ലെ സഭൈക്യസംരംഭം*

ഓർത്തഡോക്സ്, മാർത്തോമ്മാ, സി. എസ്. ഐ എന്നീ സഭകൾ ചേർന്നു 1936-ൽ ഐക്യത്തിനുവേണ്ടി രൂപീകരിച്ച കേരളാകൗൺസിലിൽ ശ്രീ. എം. എം. വർക്കി സമർപ്പിച്ച പദ്ധതി താഴെക്കാണുംവിധമാണ്.

1) ഘടകസഭകളിൽനിന്നു ജനറൽ അസംബ്ലി തിരഞ്ഞെടുക്കുന്ന ഒരു പൊതുതലവൻ ഉണ്ടായിരിക്കുക.
2) എല്ലാ ഘടകസഭകളുടെയും പ്രതിനിധികൾ അട

www.malankaralibrary.com



ങ്ങുന്ന ഒരു ജനറൽ അസംബ്ളിയും ഒരു ജനറൽ കൗൺസിലും വേണം;

3) ഘടകസഭകൾക്ക പ്രത്യേകം തലവന്മാരും മെത്രാന്മാരും വൈദികരും ഉണ്ടായിരിക്കണം;

4) ഘടകസഭകൾക്ക പ്രത്യേകം അസംബ്ളികളും കൗൺസിലുകളും വേണം;

5) ഘടകസഭകളുടെ അസംബ്ളിക്കും കൗൺസിലിനും വ്യവച്ഛേദിച്ചു നല്കിയിട്ടുള്ളവയല്ലാത്ത കാര്യങ്ങളുടെ ആത്യന്തികതീരുമാനം ജനറൽ കൗൺസിലും അസംബ്ളിയും നിർവ്വഹിക്കേണ്ടതാണ്;

6) ഘടകസഭാകൗൺസിലിൻെറയും അസംബ്ളിയുടെയും പരിഗണനയ്ക്കു താഴെപ്പറയുന്ന വിഷയങ്ങൾ വേർതിരിച്ചിരിക്കണം.

a) വിശ്വാസം, പാരമ്പര്യം, ആചാരം തുടങ്ങിയ കാര്യങ്ങൾ

b) മെത്രാന്മാർ, വൈദികർ ആദിയായവരുടെ നിയമനം

c) ആഭ്യന്തര ഭരണകാര്യം

7) ഐക്യസഭയ്ക്കു ഒരു പൊതു നാമധേയമുണ്ടായിരിക്കണം.1

## *1983-ലെ കൗൺസിലിയർ ഐക്യപദ്ധതി*

ശ്രീ. എം. എം. വക്കിയുടേതു് ഒരു ഫെഡറൽ

1 ചർച്ചവീക്കിലി, സെപ്റ്റംബർ 1983, സഭൈക്യത്തിനുവേണ്ടി രൂപീകരിച്ച കേരളാകൗൺസിൽ സമ്പാ. പ്രൊഫ. T.B. തോമസ്

www.malankaralibrary.com



പദ്ധതിയാണ്. സി. എസ്, ഐ., സി. എൻ. ഐ., മാർത്തോമ്മാ സഭകൾ ചേർന്ന് 1983-ൽ തയ്യാറാക്കിയിരിക്കുന്നത് ഒരു കൗൺസിലിയർ ഐക്യപദ്ധതിയാണ്. ഇതിന്റെ സ്വരൂപം വികാരി ജനറൽ വെരി റവ. എ. എ. പൈലി വരച്ചു കാട്ടുന്നു.

"ഒരു പൊതുവായ കൗൺസിലിൽ കൂടി ഐക്യം പ്രകടമാക്കുക എന്നതാണിതിന്റെ അർത്ഥം. ഘടകസഭകൾ അതിന്റെ വ്യക്തിത്വം വെടിയുന്നില്ല. കാരണം അവിടെ ലയനമില്ല. എന്നാൽത്തന്നെയും ഉപദേശങ്ങൾ, മിനിസ്ട്രി, കൂദാശകൾ എന്നീ വിഷയങ്ങളിൽ യോജിച്ച അടുത്തബന്ധത്തിലേക്ക പ്രവേശിക്കുന്നു. വൈവിധ്യത്തിലുള്ള ഏകത്വമാണിത്, ഓരോഘടകത്തിന്റെയും ധന്യത നഷ്ടപ്പെടുത്താതെ അന്യോന്യം പങ്കുവെക്കുകയാണിതിന്റെ പുതുമ. ഘടകസഭകളുടെ ആഭ്യന്തരഭരണത്തിൽ മററാരും പ്രവേശിക്കേണ്ടതില്ല. സഭകളുടെ ഐക്യം ത്രിത്വമായ ഏകദൈവത്തിൽ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്. ആകയാൽ ഈ ഐക്യത്തിൽ ഓരോ സഭയുടെ വ്യക്തിത്വത്തെ നിരാകരിക്കാതിരിക്കാൻ ശ്രമിക്കുന്നു. വൈവിധ്യത്തിലുള്ള ഐക്യവും ചലനാത്മകമായ ഒരു സാർവ്വത്രികതയുമാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. അതിനുള്ളിൽ സഭകളുടെ നന്മകൾ നിലനിർത്തുന്നതിനുള്ള സ്വാതന്ത്ര്യമുണ്ട്. വർണ്ണവൈവിധ്യമുള്ളതും ജീവന്റെയും വാഗ്ദാനങ്ങളുടെയും നാഡീമിടിപ്പുകൾ ഉൾക്കൊള്ളുന്നതുമത്രേ ഈ ഐക്യത്തിന്റെ സ്വഭാവം. അന്യോന്യം പട്ടത്വവും ഉപദേശങ്ങളും കൂദാശകളും അംഗീകരിക്കുന്ന സഹോദരീസഭകൾ തമ്മിൽ ഈദൃശമായ ഐക്യത്തിൽ എത്താവുന്നതാണ്, ഓരോന്നിനും അതതിന്റെ പ്രത്യേകതകൾ

www.malankaralibrary.com



നിലനിർത്തിക്കൊണ്ടുതന്നെ. ഒരേ സ്ഥാനം പ്രാപിച്ചതിനാലും ഒരേ അപ്പത്തിൻെറ അംശികളാകയാലും ഓരോരുത്തരും മററുള്ളവരെയും അവരുടെ പട്ടത്വത്തേയും അംഗീകരിക്കുന്നു. ക്രിസ്തുവിൻെറ സുവിശേഷഘോഷണപ്രസംഗത്താലും ലോകസേവനത്താലും ഒരുമിച്ചു ജീവിക്കുന്നതിന് അവർ പ്രതിജ്ഞാബദ്ധരാണ്. പൊതുപ്രാധാന്യമുള്ള വിഷയങ്ങളെപ്പററി ചർച്ചചെയ്തു തീരുമാനിക്കുന്ന ഒരു കൗൺസിലാണ് ഈ ബന്ധത്തിൻെറ പ്രത്യക്ഷമായ അടയാളം. മേൽപ്പറഞ്ഞ ആശയവും പശ്ചാത്തലവും മനസ്സിൽ വെച്ചുകൊണ്ടുവേണം സി. എസ്. ഐ., സി. എൻ. ഐ., മാർത്തോമ്മാ സഭകളുടെ ഐക്യത്തെ വീക്ഷിക്കേണ്ടത്.

മൂന്നു സഭകളുടെയും ദൈവശാസ്ത്രക്കമ്മീഷനുകളുടെ ശുപാർശപ്രകാരം ഒരു ജോയിൻറ് കൗൺസിൽ ഘടകസഭകളുടെ അനുമതിയോടെ ഇപ്പോൾ രൂപവത്ക്കരിച്ചിട്ടുണ്ട്. മൂന്നു സഭകളും തമ്മിൽ കൈവന്നിരിക്കുന്ന ഐക്യത്തിൻെറ ദൃശ്യപ്രതീകവും പൊതുവായ പ്രവർത്തനങ്ങൾക്കുള്ള ഉപാധിയുമായിട്ടാണ് ഈ ജോയിൻറ് കൗൺസിൽ രൂപവത്ക്കരിക്കപ്പെട്ടത്, ഈ മൂന്നുസഭകളും ഇന്ത്യയിലെ ക്രിസ്തുസഭയിൽ ഒന്നായി ഉൾപ്പെട്ടിരിക്കുന്നുവെന്നും അതേസമയത്ത് ഘടകസഭകൾ അവരവരുടെ നന്മയേയും പാരമ്പര്യത്തേയും ഘടനകളെയും നിലനിർത്തുന്നതാണെന്നും ജോയിൻറ് കൗൺസിലിൻെറ ആമുഖത്തിൽ പറഞ്ഞിട്ടുണ്ട്. ഈ ജോയിൻറ് കൗൺസിലിൻെറ അധികാരങ്ങൾ ഉപദേശരൂപത്തിലുള്ളതാണ്, സഭകളുടെ ആഭ്യന്തരവും ഭരണപരവുമായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം. എന്നാൽ, ഇന്ത്യയിലും വെളിയിലുമുള്ള സഭയുടെ ദൗത്യത്തിൻെറ പൂ

www.malankaralibrary.com



ത്തികരണത്തിനുവേണ്ടി പൊതുവായ പ്രവർത്തനത്തെപ്പററി കൗൺസിൽ ആരായുന്നതാണ്. സാധ്യതയുള്ള സ്ഥാനത്തെല്ലാം പുതിയപരിപാടികളും പ്രവർത്തനങ്ങളും ഒരുമിച്ചു നടത്താൻ കൗൺസിൽ ശ്രമിക്കും. രാഷ്ട്രങ്ങളെ അഭിമുഖീകരിക്കുന്ന സാമ്പത്തികരാഷ്ട്രീയകാര്യങ്ങളെപ്പററി കൗൺസിൽ അഭിപ്രായം രൂപവൽക്കരിക്കും. വിശ്വാസം, ആരാധന, പട്ടത്വം ഇവ സംബന്ധിച്ച കാര്യങ്ങളിൽനിന്നുണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ച കൗൺസിൽ വേണ്ടശുപാർശകഠം നല്കുന്നതാണ്.

ജോയിൻറു കൗൺസിലിൽ തൊണ്ണൂറു അംഗങ്ങളാണുള്ളത്. (ഓരോ സഭയിൽനിന്നും മുപ്പതുവീതം) ഓരോ സഭയിൽനിന്നും അഞ്ചു ബിഷപ്പുമാരും പത്തു പട്ടക്കാരും, പതിനഞ്ചു അൽമായരും (അതിൽ അഞ്ചു സ്ത്രീകഠം). നാലുവർഷത്തേക്കാണു ജോയിൻറുകൗൺസിലിൻെറ കാലാവധി.

ജോയിൻറു കൗൺസിലിനു 15 അംഗങ്ങളുള്ള ഒരു എക്സിക്യൂട്ടീവു കമ്മിററിയും ഉണ്ട്. ഒരു ബിഷപ്പ്, ഒരു പട്ടക്കാരൻ, മൂന്നു അല്മായർ (രണ്ടു പുരുഷന്മാരും ഒരു സ്ത്രീയും) ഓരോ സഭയിൽനിന്നും ഇതിൽ അംഗങ്ങളായിരിക്കും. ജോയിൻറു കൗൺസിലിനു ഒരു സെക്രട്ടറിയും ഒരു ട്രഷററും മൂന്നു പ്രസിഡണ്ടുമാരും (ഓരോ സഭയിലെയും മേലദ്ധ്യക്ഷന്മാർ) ഉണ്ടായിരിക്കും. ഇതാണു ജോയിൻറു കൗൺസിലിൻെറ ഘടന. സി. എസ്. ഐ., സി. എൻ. ഐ., മാർത്തോമ്മാ സഭകഠം ചേർന്നുള്ള ഐക്യത്തിൻെറ ദൃഢമായ പ്രകടനം അതിൻെറ ജോയിൻറു കൗൺസിലിൽ കൂടിയാണ്. പുതിയതും അതുല്യവുമായ ഒരു ഐക്യമാണ് ഇപ്പോഠം വിഭാവനം

www.malankaralibrary.com



ചെയ്തിരിക്കുന്നത്. ഇതിനെ പൂർണ്ണമായി കൗൺസിലിയർ യൂണിറ്റെന്നോ ഓർഗാനിക്ക് യൂണിറ്റെന്നോ വ്യവഹരിക്കാൻ പ്രയാസമുണ്ടായിരിക്കാം. എന്നാൽ, ഈ ഐക്യത്തിൽ വൈവിധ്യവും ഏകത്വവും തമ്മിൽ ആരോഗ്യകരമായ ഒരു സമതുലിതാവസ്ഥയുണ്ട്. ഐക്യം യൂക്കറിസ്റ്റു ഫെലോഷിപ്പിൽ കൂടി ദൃശ്യമായിത്തന്നെ പ്രകടമാണ്. സ്നാനം, കുർബ്ബാന, പട്ടത്വം എന്നിവയിൽ കൂടെയാണ് ഐക്യം പ്രദർശിപ്പിക്കേണ്ടത്. അന്യോന്യം സ്നാനവും വി. കുർബ്ബാനയും സ്വീകരിക്കയും പട്ടത്വത്തെ അംഗീകരിക്കയും ചെയ്യുമ്പോൾ ഐക്യം നമുക്ക മാത്രമല്ല സുവിശേഷത്തെ ശ്രവിക്കുന്നവർക്കും ദൃശ്യമായിത്തീരുന്നതാണ്. ഐക്യത്തിനുവേണ്ടിയുള്ള യത്നത്തിൽ ഘടകസഭകളുടെ പാരമ്പര്യവും നന്മയും നഷ്ടപ്പെടുത്തണമെന്നില്ല''2

## മാർ ഈവാനിയോസിൻെറ മലങ്കര സഭൈക്യം

ശ്രീ. എം. എം. വർക്കി ഫെഡറൽ സംവിധാനം ചൂണ്ടിക്കാട്ടുമ്പോൾ മാർത്തോമ്മാ, സി. എസ്. ഐ., സി. എൻ. ഐ. സഭകൾ കൗൺസിലിയർ സംവിധാനം സ്വീകരിക്കുന്നു. മാർ ഈവാനിയോസ് കൈക്കൊണ്ടിട്ടുള്ളതാകട്ടെ എപ്പിസ്കോപ്പൽ സംവിധാനമാണ്. എപ്പിസ്കോപ്പൽസഭകളുടെ ഐക്യത്തിന് എപ്പിസ്കോപ്പൽ സംവിധാനമാണു കൂടുതൽ സ്വീകാര്യമെന്നു പറയേണ്ടതില്ലല്ലോ.

ഫെഡറൽ, കൗൺസിലിയർ എന്നീ ലൗകിക സ

---

2 Ibid., സെപ്റ്റംബർ 25, 1983

www.malankaralibrary.com



ങ്കേതങ്ങൾക്കു പകരം "റീത്ത്" എന്ന സഭാ സങ്കേതമാണ് മാർ ഈവാനിയോസിൻെറ ഐക്യപദ്ധതിയിലുള്ളത്. മലങ്കരസഭകളുടെ ഐക്യത്തിന് അദ്ദേഹം നിർദ്ദേശിക്കുന്നത് "മലങ്കരറീത്ത്" ആണ്. മലങ്കര റീത്ത് എന്തെന്നു വിശദമായെങ്കിലേ ആ ഐക്യപദ്ധതിയുടെ ആകർഷകത്വവും സ്വീകാര്യതയും വ്യക്തമാകൂ.

"മുള്ളിനും ഇലയ്ക്കും കേടില്ലാത്ത ഒന്നത്രേ മലങ്കര റീത്തിലൂടെ മാർ ഈവാനിയോസ് കാട്ടിത്തരുന്ന സഭാശ്ലേഷണം. മലങ്കരസഭയ്ക്കോ സാർവ്വത്രിക സഭയ്ക്കോ കോട്ടമൊന്നുമുണ്ടാകുന്നില്ല. ഐക്യത്തിൻെറ ധന്യത ഇരുസഭകൾക്കും ഉണ്ടാകുന്നുണ്ടുതാനും, കൈയിൽ ഇരിക്കുന്നതു കളഞ്ഞുകുളിക്കാതെ ഉത്തരത്തിലെ നിക്ഷേപം കരസ്ഥമാക്കിയെന്നുള്ളതാണ് അതിൻെറ പ്രത്യേകത. മലങ്കരസഭയുടെ സാംസ്കാരികസമ്പത്തും പാരമ്പര്യങ്ങളും ഒന്നുപോലും നഷ്ടപ്പെടുത്താതെയും ആ വൈശിഷ്ട്യങ്ങളെല്ലാം അരക്കിട്ടുറപ്പിച്ചുകൊണ്ടുമാണ് അതിൻെറ നീക്കം.

റീശ്ശുപാത്രിയക്കീസിനെ അംഗീകരിക്കുന്ന ഖണ്ഡായ കാനോൻ ശിരസാവഹിക്കുകയും സഭയുടെ സാർവ്വത്രികത്വം വിശ്വാസപ്രമാണമായി ഏററുപറയുകയും ചെയ്യുന്നവർക്ക് "മലങ്കരറീത്ത്" സ്വീകരിക്കാൻ ബുദ്ധിമുട്ട് ഉണ്ടാകേണ്ടതല്ല.

### *മലങ്കര സഭൈക്യവും 1984-ലെ അന്ത്യോക്യാ റോമാ സമാശ്ലേഷണവും*

മററു സഭാശ്ലേഷണശ്രമങ്ങളുമായി തട്ടിച്ചുനോക്കു

www.malankaralibrary.com



മ്പോഴേ മലങ്കരസഭൈക്യത്തിന്റെ വൈശിഷ്ട്യം വ്യക്തമാകൂ. 1984 ജൂൺ 24-ാം തീയതി അന്ത്യോക്യാ പാത്രിയർക്കീസും റോമാമാർപ്പാപ്പയും ചേർന്ന് ഒപ്പുവെച്ച സംയുക്തപ്രഖ്യാപനം സവിശേഷശ്രദ്ധയർഹിക്കുന്നു. അത്യാദരപൂർവ്വമായ സ്വാഗതം ലോകത്തെമ്പാടുമുള്ള വിശ്വാസികളിൽ നിന്നു സിദ്ധമായ ആ പ്രമാണരേഖയുടെ പ്രാധാന്യം ചെറുതല്ല.

രണ്ടുമഹാരഥന്മാരുടെ ദീപ്രനേത്രങ്ങളിൽ സന്തോഷാശ്രുക്കൾ ഒഴുകൽ; ദൂരവ്യാപകഫലമുള്ള ഒരു വിളംബരത്തിന് അവരുടെ തൂലിക തുല്യം ചാർത്തൽ, കിഴക്കും പടിഞ്ഞാറുമടക്കം അനേകായിരങ്ങളിൽ രോമഹർഷം കൊള്ളൽ—അതായിരുന്നു പോപ്പു ജോൺ പോൾ ദ്വിതീയനും അന്ത്യോക്യാപാത്രിയർക്കീസ് ഇഗ്നാത്തിയോസ് സക്കാപ്രഥമനും ചേർന്നുള്ള സംയുക്ത പ്രഖ്യാപനത്തിന് ഒപ്പുവെക്കൽ. പ്രസ്തുതരേഖയിൽ പത്തു വസ്തുതകൾ നക്ഷത്രം പോലെ തിളങ്ങുന്നു.

1. കൂടിക്കാഴ്ചയുടെ അസുലഭസന്ദർഭം ദൈവമാണു കനിഞ്ഞു നല്കിയതെന്നത്രേ പരിശുദ്ധ പിതാക്കന്മാരുടെ ഉറച്ച ബോധ്യം. അതിനു രണ്ടുപേരും സ്വർഗ്ഗപിതാവിനു നന്ദി പ്രകടിപ്പിക്കുന്നു. ഇരുസഭകളുടെയും ആത്മബന്ധം ഇതുമൂലം ദൃഢപ്പെടുമെന്നു അവർ പ്രത്യാശിക്കുകയും ചെയ്യുന്നു;

2. പൊതുവും പൂർണ്ണവുമായ ഒരു സഭാത്മകജീവിതം കണ്ടെത്തുന്നതിനു രണ്ടു പിതാക്കന്മാരും സർവ്വാത്മനാ ആഗ്രഹിക്കുന്നു;

3. നിഖ്യാ വിശ്വാസപ്രമാണത്തെ അടിസ്ഥാന

www.malankaralibrary.com



പ്രമാണമായി രണ്ടുകൂട്ടരും അംഗീകരിക്കുന്നു. പില്ക്കാലത്തു് അഭിപ്രായഭിന്നതകൾ ഉയൎന്നിട്ടുണ്ടെന്നതു നേരുതന്നെ. അവ അബദ്ധധാരണകളുടെ പുകമറ വരുത്തിക്കൂട്ടിയ വാഗ്സമരങ്ങൾ മാത്രമായിരുന്നു;

4. വിശ്വാസരഹസ്യങ്ങളിലേക്കു ചുഴിഞ്ഞിറങ്ങുമ്പോൾ ചേരിതിരിയലിനു കാരണം പിതാക്കന്മാർ അശേഷം കാണുന്നില്ല. കാത്താവേശ്ശുമിശിഹായുടെ മനുഷ്യാവതാരരഹസ്യം അവർ സാഡംബരം ആവൎത്തിച്ചു. യഥാൎത്ഥവും പരിപൂൎണ്ണവും അവിഭാജ്യവും അവിഭക്തവും ആയവിധം ദൈവത്വവും മനുഷ്യത്വവും തന്നിൽ ഐക്യപ്പെട്ടിരിക്കുന്നു. രണ്ടിന്റെയും എല്ലാ സവിശേഷതകളും തന്നിൽ സന്നിഹിതവും കൎമ്മോത്സുകവുമാണു്.'' ഇനി ഉയരുവാൻ പാടില്ലാത്തവിധം ''ഏകസ്വഭാവവാദം ''ദ്വിസ്വഭാവവാദം'' തുടങ്ങിയ വാക്പടകൾക്കു എന്നേക്കുമായി തിരശ്ശീല വീണിരിക്കുന്നു;

5. ക്രിസ്തുവിനെക്കുറിച്ചുള്ള ധാരണ വരുത്തിയിട്ടുള്ള ഐക്യഭാവം സഭയെക്കുറിച്ചുള്ള ധാരണയിലും യോജിപ്പുളവാക്കുന്നു. ക്രിസ്തുവിന്റെ ശരീരവും തിരഞ്ഞെടുക്കപ്പെട്ട പുതിയ ജനതയുമാകുന്നു സഭ. വചനം വഴിയും കൂദാശകൾ വഴിയും എല്ലാവരെയും വിളിച്ചു ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളാക്കിക്കൊണ്ടു പരിശുദ്ധാത്മാവു് സഭയിൽ പ്രവൎത്തിക്കുന്നു;

6. മാമോദീസായും സൈ്ഥര്യലേപനവുംവഴി സഭ ക്രിസ്തുവുമായി ഒട്ടിക്കപ്പെടുന്നു; പരിശുദ്ധകുബ്ബാനയിലൂടെ ക്രിസ്തുവിന്റെ പെസഹാസംഭവം മുഴുവനിലും വ്യാപിക്കുന്നു;

7. പട്ടം, വിവാഹം, അനുരഞ്ജനം, രോഗീലേപ

www.malankaralibrary.com



നം എന്നീ കൂദാശകൾ അംഗീകരിച്ചാദരിക്കുന്നതിൽ ഇരുസഭകളും സമാനത പുലർത്തുന്നു;

8. വിശ്വാസികൾ പരസ്പരവും മെത്രാന്മാരും വൈദികരും തമ്മിൽത്തമ്മിലും ഉള്ള ക്രിസ്തീയഐക്യത്തിന്റെ പ്രധാനപ്രകടനമാണ് വി. കുർബ്ബാന. ഈ സമ്പൂർണ്ണഐക്യം കത്തോലിക്കാ ഓർത്തഡോക്സുസഭകൾക്കിടയിൽ ഒരു യാഥാർത്ഥ്യമായി കഴിഞ്ഞിട്ടില്ല. ഒന്നിച്ചു സമൂഹമായി ബലിയർപ്പിക്കുന്നതിനു് ഇനിയും ഇരുസഭകളും കാത്തിരിക്കേണ്ടതുണ്ടു്;

9. സഹകരണത്തിന്റെ മേഖല പരിശുദ്ധപിതാക്കന്മാർ തുറക്കുന്നു. തങ്ങളുടെ തന്നെ വൈദികരെ സമീപിക്കാൻ ഒരു വിധത്തിലും സാധിക്കാത്ത സാഹചര്യങ്ങൾ ഇരുവകുപ്പിലേയും വിശ്വാസികൾക്കു ഉണ്ടായെന്നിരിക്കും. അത്തരം സന്ദർഭങ്ങളിൽ ഈ രണ്ടു സഹോദരീസഭകളിലേയും നിയമാനുസൃതരായ വൈദികരിൽ നിന്നും അനുരഞ്ജനം, കുർബ്ബാന, രോഗീലേപനം എന്നീ കൂദാശകൾ സ്വീകരിക്കുവാൻ തടസ്സമില്ലാത്തതാകുന്നു;

വൈദികരൂപീകരണത്തിലും ദൈവശാസ്ത്രാധ്യാപനത്തിലും രണ്ടു സഭകൾക്കും സഹകരിക്കാവുന്നതാണു്.

10. പൂർണ്ണവും ദൃശ്യവുമായ ഐക്യത്തിനായി കഴിവിൽപ്പെട്ടതെല്ലാം ചെയ്യുകയും പ്രാർത്ഥിക്കയും ചെയ്യുമെന്നു പ്രതിജ്ഞ ചെയ്തുകൊണ്ടും കർത്താവിനു നന്ദിപറഞ്ഞുകൊണ്ടുമാണു് പ്രസ്താവന ഉപസംഹരിക്കുന്നതു്.

സഭകളുടെ ദൃഢതരമായ ഒരു ഐക്യബന്ധമാണിതു്. ദൃഢതമമാകുവാൻ പ്രാർത്ഥിക്കയും ചെയ്യാം. എ

www.malankaralibrary.com



ന്നാൽ, 1930-ലെ മലങ്കര സഭൈക്യവുമായി തട്ടിച്ചു നോക്കുമ്പോഠം 1984-ലെ പിതാക്കന്മാരുടെ സംയുക്ത പ്രഖ്യാപനത്തിൽ പുത്തുമയൊന്നുമില്ല. സമ്പൂണ്ണൈക്യം ഒരു യാഥാത്ഥ്യമായിട്ടില്ലെന്ന സത്യം പ്രസ്തുത പ്രസ്താവനയിൽ വ്യക്തമാകുന്നുമുണ്ട്. പൂണ്ണവും ദൃശ്യവുമായ ഒരു സഭൈക്യം പ്രാവത്തികമാക്കി എന്ന മെച്ചം മാർ ഈവാനിയോസിൻെറ പ്രസ്ഥാനത്തിനുണ്ട്.

മലങ്കരയിലെ വ്യത്യസ്തസഭകളുടെ ഐക്യത്തിനു മാർ ഈവാനിയോസ് കാട്ടിത്തരുന്നതിനെക്കാഠം സ്വീകാര്യമായ മററു മാഗ്ഗമില്ല. മലങ്കരസഭാസംരക്ഷണവും സാവ്വത്രികതാസമാശ്ലേഷണവും ഒന്നുപോലെ പാലിക്കാൻ മലങ്കര റീത്തിലൂടെ മാത്രമേ സാധിക്കുകയുള്ളു.

www.malankaralibrary.com

# VIII

# മലങ്കരറീത്ത് അഥവാ തനിമയുള്ള മലങ്കരസഭ

"മലങ്കരയെ വഞ്ചിച്ച റോമയിൽ പോയി" എന്നത്രേ മാർ ഈവാനിയോസിനെക്കുറിച്ചുള്ള കടുത്ത പഴി. തിരിച്ചും മറിച്ചും ആവർത്തിക്കുന്ന ഈ ദുരാരോപണത്തിൽ തെല്ലും കഴമ്പില്ലെന്നു സൂക്ഷ്മപഠനം തെളിയിക്കും. മലങ്കരസഭാസംസ്കാരത്തെ ഉപേക്ഷിക്കുവാനോ റോമാസംസ്കാരത്തിൽ ലയിക്കുവാനോ മാർ ഈവാനിയോസ് മനസ്സുവെച്ചിട്ടില്ല. "മലങ്കരറീത്തി"നെക്കുറിച്ചുള്ള തികഞ്ഞ അജ്ഞതയത്രേ തെററായ ഈ കുററം വിധിയുടെ അടിയിലുള്ളത്.

ലോകത്തിൻെറ നാനാഭാഗങ്ങളിലുണ്ട് പുനരൈക്യപ്പെട്ട അനേകായിരങ്ങൾ. "റീത്തുകാർ" എന്ന പേരിൽ അവരാരും അറിയപ്പെടുന്നില്ല. മാർ ഈവാനിയോസിനെ പിഞ്ചെന്നവർക്കുമാത്രമാണ് ആ പേരു അരക്കിട്ടുറപ്പിക്കപ്പെട്ടുപോയിട്ടുള്ളത്. മലങ്കരയിലെ പുനരൈക്യത്തിൻെറ സവിശേഷതയാണ് ഇതിനു കാരണം. മലങ്കരറീത്തു അനുവദിപ്പിച്ചുകൊണ്ടു പുനരൈക്യപ്പെട്ടവർക്കു "മലങ്കരറീത്തുകാർ" എന്നു കിട്ടിയ പേരാണ് "റീത്തുകാർ" എന്നുമാത്രമായി ചുരുങ്ങിയത്.

www.malankaralibrary.com



റോമാറീത്തിൽ ലയിക്കുകയല്ല മാർ ഈവാനിയോസ് ചെയ്തതു്. തനിമയുള്ള മലങ്കരസഭയെ സാർവ്വത്രിക സഭയുമായി രഞ്ജിപ്പിക്കുകയാണു് അദ്ദേഹം നിർവ്വഹിച്ച കൃത്യം. റീത്തു് എന്നു പറഞ്ഞാൽ വ്യക്തിത്വമുള്ള, തനിമയുള്ള സഭ (Individual Church) എന്നാണർത്ഥം. തനിമയുള്ള സഭയും (Individual Church) പ്രാദേശിക സഭയും (Local Church) ഒന്നല്ല. പ്രാദേശിക സഭ തനിമയുള്ള സഭയാകാം. എല്ലാ പ്രാദേശികസഭകളും തനിമയുള്ള സഭകളല്ല. തനിമയുള്ള ലത്തീൻസഭയുടെ ഘടകമാണു് കേരള ലത്തീൻ പ്രാദേശികസഭ.

സാർവ്വത്രിക ഐക്യത്തിൽ കഴിയുന്ന 18 റീത്തുകൾ അഥവാ തനിമയുള്ള സഭകൾ ഇന്നുണ്ടു്. കോപ്റ്ററിക്കു്, എത്തിയോപ്യൻ എന്നീ അലക്സാന്ത്രിയൻ റീത്തുകളും സിറിയൻ, മാറോനൈററ്, മലങ്കര എന്നീ അന്ത്യോക്യൻ റീത്തുകളും ബൾഗേറിയൻ, ഗ്രീക്കു, ജോർജിയൻ, അൽബേനിയൻ, മെൽക്കൈററ്, റഷ്യൻ, സേർബിയൻ, യുക്രേനിയൻ എന്നീ ബൈസൻൈറൻ റീത്തുകളും കാൽഡിയൻ, മലബാർ എന്നീ പൗരസ്ത്യ സുറിയാനി റീത്തുകളും അർമേനിയൻ റീത്തും ലാററിൻ റീത്തും ഇവയിൽപ്പെടുന്നു.

റീത്തുകൾ തമ്മിൽ സാജാത്യമാണധികം. എന്നാൽ, ഇവ തിരിച്ചറിയപ്പെടുന്നതു് വൈജാത്യത്തിലൂടെയാണു്. എങ്ങനെയുള്ള അന്തരമാണിവയ്ക്കുള്ളതു്? ഇരുട്ടും വെളിച്ചവുമായുള്ള അന്തരം ഇവയ്ക്കില്ല. സമുദ്രവും പർവ്വതവും പോലെയുള്ള വേർപിരിയൽ ഇവിടെയില്ല. ആനയും ആടും പോലെയുള്ള അകൽച്ചയുമില്ല. പിന്നെയുള്ളതോ? വ്യക്തിയും വ്യക്തിയും പോലെയുള്ള വ്യത്യാസം മാത്രം. രണ്ടു വ്യക്തികൾ തമ്മിൽ സാജാത്യ

www.malankaralibrary.com



മോ വൈജാത്യമോ അധികം ? മനുഷ്യരെന്ന നിലയിൽ അവരെ യോജിപ്പിക്കുന്ന ഘടകമല്ലേ അധികം? എങ്കിലും, ഒരാളെ അപരനിൽനിന്നു വേർതിരിക്കുന്ന ഘടകങ്ങളില്ലേ? ആകൃതിയിലും പ്രകൃതിയിലും നോട്ടത്തിലും ഭാവത്തിലും സംസാരത്തിലുമെല്ലാം. ഇതു വ്യക്തിത്വത്തിന്റെ അംശങ്ങളാണ്. ഒരു വ്യക്തിയും മറെറാരു വ്യക്തിയും തമ്മിലുള്ള സാജാത്യവൈജാത്യങ്ങളത്രേ ഒരു റീത്തും മറെറാരു റീത്തും തമ്മിലുള്ളതു്.

മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നിവരുടെ സുവിശേഷങ്ങൾ സാരാംശത്തിൽ ഒന്നു തന്നെയാണ്. ഒരേക്രിസ്ത്വനുഭവമാണ് അവർ നാലു പേരും രേഖപ്പെടുത്തിയിട്ടുള്ളതു്. എങ്കിലും, അവതരണം, ഭാഷാശൈലി, പ്രതിപാദനം എന്നിവയിൽ സുവിശേഷങ്ങൾ വ്യത്യസ്തങ്ങളായിരിക്കുന്നു. സുവിശേഷകന്മാരുടെ വ്യക്തിത്വമത്രേ ഈ വ്യത്യസ്തതയ്ക്കു ഹേതു. സുവിശേഷങ്ങൾ തമ്മിലുള്ള ഈ അന്തരമത്രേ തനിമയുള്ള സഭകൾ അഥവാ റീത്തുകൾ തമ്മിലുള്ളതു്.

ആരാധനക്രമം, ആദ്ധ്യാത്മികത, ദൈവശാസ്ത്രം, ഭരണക്രമം എന്നീ നാലത്രേ തനിമയുള്ള സഭയുടെ സാരാംശങ്ങളായ ഘടകങ്ങൾ. ഇവയിൽ പരമപ്രധാനം ആരാധനക്രമംതന്നെ. കാരണം, ആരാധകരുടെ സമൂഹമാണ് സഭ. ആരാധനയിൽ നിന്നുരുത്തിരിയുന്ന ജീവിതശൈലിയാണ് ആദ്ധ്യാത്മികത. ഇതിനു നട്ടെല്ലായി നിലകൊള്ളുന്നതത്രേ ദൈവശാസ്ത്രം. ആരാധനക്രമത്തെ കുറവുകൂടാതെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഭരണക്രമം.

മലങ്കരസഭയുടെ വ്യക്തിത്വം ആരാധനക്രമം, ആ

www.malankaralibrary.com



ദ്ധ്യാത്മികത, ദൈവശാസ്ത്രം, ഭരണക്രമം എന്നീ നാലു കാര്യത്തിലും നിഴലിക്കുന്നുണ്ട്. നിഗൂഢാത്മകത്വം വേദപുസ്തകാധിഷ്ഠിതസ്വഭാവം, ആരാധനയിലൂടെ പ്രബോധനം, ആവർത്തനപ്രകൃതി, സാമൂഹ്യബോധവും സാർവ്വത്രികഭാവവും, ആരാധനാവത്സരത്തിന്റെ ആകർഷകത്വം തുടങ്ങിയ ഘടകങ്ങൾ മലങ്കര ആരാധനയുടെ ചില മുഖമുദ്രകളാണ്.

ഈ സവിശേഷതകൾ മററു ആരാധനാക്രമങ്ങളിലില്ലേയെന്ന ചോദ്യമുണ്ടാകാം. തീർച്ചയായുമുണ്ട്. പ്രത്യേകം ശ്രദ്ധേയമാംവിധം കാണുന്നതുകൊണ്ടു ഇവിടെ ഊന്നൽ കൊടുത്തുവെന്നു മാത്രമേയുള്ളു. ''മാംസളശരീരം'' എന്ന വിശേഷണം കൊടുക്കുന്നവന്റെ ദേഹത്തു എല്ലൊന്നുമില്ലെന്നോ ''മെല്ലിച്ച ശരീരം'' എന്ന വിശേഷണം കൊടുക്കുന്നവനിൽ അല്പംപോലും മാംസമില്ലെന്നോ അർത്ഥമില്ലല്ലൊ. കവി കേരളത്തെ വർണ്ണിക്കുമ്പോൾ

> ''പാരം കരിമ്പു പനസം മുളകേലമിഞ്ചി
> കേരം കവുങ്ങു തളിർവെററിലയേത്തവാഴ
> ഈരമ്യവസ്തുതതിചേർന്നു വിളങ്ങുമീനൽ-
> പ്പാരഗ്ര്യകല്പതരുമണ്ഡിതനന്ദനാഭം''

എന്നോ,

> ''മാവും പിലാവും പുളിയും കരിമ്പും
> തെങ്ങും ഫലംതിങ്ങുമിളം കവുങ്ങും
> നിറഞ്ഞഹോ!''

എന്നോ കണ്ടാൽ ഈ വൃക്ഷലതാദികളൊന്നും കേരളത്തിനു പുറത്തെങ്ങുമില്ലെന്നു അർത്ഥമാക്കേണ്ടതില്ലല്ലോ.

www.malankaralibrary.com



കുടുംബത്തിലുദയംകൊള്ളുന്ന സ്നേഹമാണു് വ്യക്തിയെ സാമൂഹ്യവും സാർവ്വലൗകികവുമായ സ്നേഹത്തിനു പ്രേരിപ്പിക്കുന്നതു്. ഗൃഹപരിസരത്തിൻെറ പരിചയത്തിലൂടെയത്രേ സർവ്വലോകഭൂമിശാസ്ത്രത്തിലേക്കു ഒരുവൻ നയിക്കപ്പെടുന്നതു്. കുടുംബത്തിൽ ലഭ്യമാകേണ്ട സ്നേഹം കിട്ടാത്ത ഭാഗ്യദോഷി സമൂഹദ്രോഹിയായി മാറുകതന്നെ ചെയ്യും. ആദ്ധ്യാത്മികരംഗത്തും ഇതു ശരിയാണു്. സ്വന്തം ആരാധനക്രമത്തിലൂടെയും ആദ്ധ്യാത്മികതയിലൂടെയുമാണു് ഒരുവൻ ക്രിസ്ത്വാനുഭവത്തിലേക്കു വളരേണ്ടതു്. ഒരു സമൂഹത്തിൻെറ ക്രിസ്തീയജീവിതത്തെ മുഴുവൻ സംബന്ധിക്കുന്നതാണു് റീത്തു്. അതിൻെറ അന്തരീക്ഷത്തിലും പൈതൃകത്വത്തിലുമാണു് ക്രിസ്ത്യാനി വളരുകയും പൂർണ്ണതയിലേക്കു നീങ്ങുകയും ചെയ്യുന്നതു്. ഇതു ഉപേക്ഷിച്ചെങ്കിലേ സാർവ്വത്രികവിശാലത കൈവരൂ എന്ന ജല്പനം മിഥ്യാധാരണയുടെ ഫലമാണു്. ഇത്തരം മിഥ്യാധാരണ ചിലരുടെയിടയിൽ വർദ്ധിച്ചുവരുന്നു.

''അറിവാൻ കഴിഞ്ഞീല തുഞ്ചനെ;
ശ്രമിച്ചതില്ലറിയാൻ
അറിഞ്ഞിട്ടുകാര്യമെ-
ന്തിരിക്കുന്നു?''

എന്ന വിധക്കാരായ പച്ചപ്പരിഷ്കാരികളുടെ സംഖ്യ എല്ലാ സമൂഹങ്ങളിലും ഏറിവരുന്നതാണു കാരണം.

ഐക്യവും (Unity) ഐകരൂപ്യവും (Uniformity) തെററിദ്ധരിക്കുന്നവരുണ്ടു്. ഗുണത്തേക്കാളേറെ ദോഷമാണവർ വരുത്തിക്കൂട്ടുന്നതു്. ഐകരൂപ്യത്തിനുവേണ്ടി ചിലർ പ്രാദേശിക സംസ്കാരങ്ങളുടെ നാമ്പുനുള്ളുന്നു;

www.malankaralibrary.com



മററുചിലരാകട്ടെ, പ്രാദേശികതയ്ക്കുവേണ്ടി ഐക്യത്തിന്റെ കഴുത്തറക്കുന്നു. ഒരു കൂട്ടർ "ഏക റീത്തു"വാദത്തിന്റെ മർക്കടമുഷ്ടിയുയർത്തുന്നു; മററെക്കൂട്ടർ എല്ലാ സഭകളും ഒന്നുപോലെ ശരിയെന്നു ശഠിക്കുന്നു. ഈ മറുകണ്ടം ചാടലുകൾക്കു നടുവിൽ സഭ നേർവഴി തെളിക്കുന്നു. വിശ്വാസത്തിൽ ഏകത്വവും സംസ്കാരത്തിൽ വൈവിധ്യവും എന്നതത്രേ സഭ കാട്ടിത്തരുന്ന സുഗമമാർഗ്ഗം. സാർവ്വത്രികഐക്യവും പ്രാദേശികസംസ്കാരവും ഒന്നുപോലെ സംരക്ഷിക്കുന്നതിനുള്ള മനോഹരസംവിധാനം റീത്തുകളുടെ നിലനിത്തലിലൂടെ സഭ നിർവ്വഹിക്കുന്നു.

## ഒന്ന്

## *മലങ്കരആരാധനയുടെ ചില മുഖമുദ്രകൾ*

സഭയുടെ കേന്ദ്രസ്ഥാനമാണു ലിററർജിയുടേത്. വത്തിക്കാൻ കൗൺസിൽ പ്രഖ്യാപിക്കുന്നു: "സഭയുടെ പ്രവത്തനംതന്നെ ആരാധനക്രമമാകുന്ന അത്യുച്ചസ്ഥാനത്തേക്കാണു തിരിഞ്ഞിരിക്കുന്നത്. അവളുടെ ശക്തി മുഴുവൻ നിർഗ്ഗളിക്കുന്നതും അവിടെനിന്നുതന്നെ." (ലിററർജി 10) മലങ്കരലിററർജിയുടെ ചില സവിശേഷതകളാണ് ചുവടെ ചേർക്കുന്നത്.

### I നിഗൂഢാത്മകത്വം

എല്ലാ സാർവ്വത്രികമതങ്ങളിലും സംസ്കാരങ്ങളിലും കാണപ്പെടുന്നതാണ് 'മിസം'. ഗ്രീക്കുകാരുടെ രഹസ്യപൂജ്ഞതയിൽ നിന്നാണ് ഈ പദത്തിന്റെ വ്യുൽപത്തി തന്നെ. ദൈവികതയുടെ നിഗൂഢരഹസ്യങ്ങളിലേക്കിറ

www.malankaralibrary.com



ങ്ങളിലെല്ലാം നിഗൂഢജ്ഞാനവുമാണു് ഇതു് ഉൾക്കൊള്ളുക. ദൈവവും മനുഷ്യനും തമ്മിൽ ബന്ധപ്പെടുമ്പോഴുണ്ടാകുന്ന അനുഭവത്തിന്റെ അഗ്രാഹ്യത ഇവിടെയുണ്ടു്. സ്വാഭാവികതയും അതിസ്വാഭാവികതയും തമ്മിൽ മേളിക്കുമ്പോഴുണ്ടാകുന്ന അനുഭൂതി വാക്കുകളിൽ ഒതുക്കാവുന്നതല്ല. ത്രുക്കം കൊടുക്കുന്ന ഒരു ആദ്ധ്യാത്മികഗഹനത അന്ത്യോക്യൻആരാധനയിൽ ആദ്യന്തം തെളിഞ്ഞു കാണാം.

a) കർബ്ബാനയുടെ പരസ്യമായ തുടക്കം:-

കർബ്ബാന പരസ്യമായി തുടങ്ങുമ്പോൾ ബലിപീഠം ചുററി പുരോഹിതൻ ധൂപം അർപ്പിക്കുന്നു. ഇതിന്റെ സൂചന ശ്രദ്ധേയമാണു്. പരസ്യമായി പ്രത്യക്ഷപ്പെടുന്ന യേശുവിനെയാണു് പുരോഹിതൻ പ്രതിനിധാനം ചെയ്യുന്നതു്. യേശുവിനു സാക്ഷ്യംവഹിച്ച യോഹന്നാനാണു് പ്രധാന ശുശ്രൂഷകൻ; മററു ശുശ്രൂഷികളാകട്ടെ, ശ്ലീഹന്മാരുടെ സ്ഥാനം വഹിക്കുന്നു.

b) കരിശുവരയുടെ സാരാംശം:-

കരിശു വരയ്ക്കുന്നതിനു നിഗൂഢാർത്ഥമുണ്ടു്. പ. ത്രിത്വത്തെ സൂചിപ്പിക്കുമാറു് തള്ളവിരലും അതിനടുത്ത രണ്ടു വിരലും ചേർത്തുപിടിച്ചു കരിശു വരയ്ക്കുന്നു. ദൈവപുത്രൻ സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്കിറങ്ങിയതിനെ ഓർത്തു നെററിയിൽനിന്നു നെഞ്ചിലേക്കും പാപംമൂലം ഇടത്തേതിന്റെ മക്കളായിരുന്ന നമ്മെ തന്റെ കരിശുമരണംമൂലം വലത്തേതിന്റെ മക്കളാക്കിത്തീർത്തതിനെ ഓർത്തു ഇടത്തെ തോളിൽനിന്നു വലത്തെ തോളിലേക്കും കരിശു വരയ്ക്കുന്നു.

www.malankaralibrary.com



c) ശോശപ്പാ ആഘോഷം

കർത്താവിന്റെ കബറിങ്കൽ വെയ്ക്കപ്പെട്ട കല്ലിനോട് ശോശപ്പായെ ഉപമിക്കുന്നു. ആ കല്ല് ഇപ്പോൾ മാററപ്പെടുന്നു എന്നു സൂചന. ഇസ്രായേൽക്കാർക്ക് മരുഭൂമിയിൽവെച്ച് ജലം നല്കിയ പാറയോടും ശോശപ്പാ ഉപമിക്കപ്പെടുന്നു. വി. കർബ്ബാനവഴി ക്രിസ്തു നല്കുന്ന ജീവജലത്തിന്റെ സാദൃശ്യമാണിത്. യാക്കോബു ദർശിച്ച ഗോവേണിയെ അനുസ്മരിപ്പിക്കുമാറ് ശോശപ്പാ മുകളിലോട്ടും താഴോട്ടും ചലിപ്പിക്കുന്നു. സ്വർഗ്ഗീയസേന ദിവ്യരഹസ്യങ്ങൾ സന്ദർശിച്ച് ആദരിക്കുവാൻ വന്നിറങ്ങുന്നുവെന്നത്രേ ഇതു സൂചിപ്പിക്കുന്നത്.

d) ധൂപക്കുററിയുടെ ചങ്ങലകൾ

നാലു ചങ്ങലകളിൽ ഒന്നാമത്തേതു പിതാവിനെയും രണ്ടാമത്തേതും മൂന്നാമത്തേതും രണ്ടു സ്വഭാവങ്ങളോടുകൂടിയ പുത്രനേയും നാലാമത്തേതു റൂഹായേയും സാദൃശ്യപ്പെടുത്തുന്നു.

e) കാസായിൽ ഒഴിക്കുന്ന വീഞ്ഞും വെള്ളവും

വീഞ്ഞു ക്രിസ്തുവിന്റെ രക്തത്തേയും അതിനോടു ചേർക്കുന്ന വെള്ളം ക്രിസ്തുവിന്റെ ബലിയോടു സംയോജിപ്പിക്കപ്പെടുന്ന സഭയുടെ കാഴ്ചയർപ്പണത്തേയും സൂചിപ്പിക്കുന്നു.

f) ചുവപ്പ്, പച്ച, വെള്ളനിറമുള്ള തബലീത്താവിരി

ചുവപ്പുനിറം പ്രപഞ്ചത്തേയും പച്ചനിറം ഭൂമിയേയും വെള്ളനിറം തിരുസഭയേയും അർത്ഥമാക്കുന്നു.

www.malankaralibrary.com



g) കുരിശു ഊറാലകൊണ്ടലങ്കരിക്കുന്നു

കുരിശ്ശ് ഉയിപ്പിന്റെ ചിഹ്നമായി പരിഗണിക്കുന്നു. ക്രിസ്തുവിന്റെ പൗരോഹിത്യത്തെയും ഉത്ഥാനത്തിന്റെ മഹത്വത്തേയും സൂചിപ്പിക്കാൻ ചുവന്ന ഊറാലകൊണ്ടു് കുരിശു അലങ്കരിക്കുന്നു.

## II വേദപുസ്തകാധിഷ്ഠിതസ്വഭാവം

നിഗൂഢാത്മകത്വം വേദപുസ്തകത്തിന്റെ പ്രകൃതിയാണു്. അതു ദൈവത്തിന്റെ മനുഷ്യാവതാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. അവതാരാനുഭവത്തിന്റെ കഥയാണു ബൈബിൾ. ആപാദചൂഡം വേദപുസ്തകബന്ധിയായിരിയ്ക്കുക മലങ്കരആരാധനയുടെ സവിശേഷതയാണു്.

a) വചനശുശ്രൂഷയുടെ പ്രാധാന്യം

വി. കുർബ്ബാന, കൂദാശകൾ, യാമപ്രാർത്ഥനകൾ എന്നിവയിലെല്ലാം വചനശുശ്രൂഷയുണ്ടു്. വേദപുസ്തകവായനയും അതിനോടു അനുബന്ധിച്ചുള്ള പ്രാർത്ഥനകളും യഹൂദസിനഗോഗുകളിലെ ശുശ്രൂഷകളെ അനുകരിച്ചുള്ളതാണു്. അപ്പസ്തോലികപ്രബോധനങ്ങളുടെ ദിവ്യഭാവം കാണിച്ചുകൊണ്ടുള്ള ഗീതം ഓരോ വായനയ്ക്കും മുമ്പുചൊല്ലുന്നു. ''ഭൂവിലശേഷം'', ''പൗലൂസുശ്ലീഹാ'' തുടങ്ങിയ ഗാനങ്ങൾ ഉദാഹരണമാണു്.

b) പ്രാർത്ഥന, ഗീതങ്ങൾ എന്നിവയിലെ വാക്കുകളും ശൈലിയും അലങ്കാരങ്ങളും വേദപുസ്തകവാക്യങ്ങളോ അവയുടെ പരാവർത്തനങ്ങളോ അവയുടെ പ്രതികരണങ്ങളോ ആണു്. ഉദാ:-

www.malankaralibrary.com



(1) ''കൈകൊള്ളണമഹറോനണച്ചതു
പോലെ ധൂപമിതും''
സംഖ്യാ 16:44-50 വരെ വാക്യങ്ങരം സൂചിപ്പിക്കുന്നു.

(2) ''കടലതിൽ യൗനാനെന്നപോലെ
കനിയുക ദാസന്മാരിലെന്നും''
യോന 2, 3-10 വാക്യങ്ങരം അനുസ്മരിക്കുന്നു.

(3) ''മരണത്തെനീക്കിയഫീനഹാസിൻ
പ്രാത്ഥനയും പോൽ''
സംഖ്യ 25, 7-11 വരെ വാക്യങ്ങരം ഓക്കുന്നു.

(4) ''കത്താവേ, എന്നോട്ട ഉത്തരമരുളേണമേ'' ഏലിയാദീർഘദശിയുടെ യാഗത്തിന്മേൽ സ്വഗ്ഗത്തിൽ നിന്നു അഗ്നി ഇറക്കിയതായ അപേക്ഷ അനസ്മരിക്കപ്പെടുന്നു കാർമ്മികന്റെ ഈ പ്രാത്ഥനയിൽ. 1 രാജാ 18, 37-ൽ ഈ പ്രാത്ഥന കാണാം.

## III ആരാധനയിലൂടെ പ്രബോധനം

ആരാധനയോടൊപ്പം വേദോപദേശം എന്ന പ്രയോജനത്തിനു അന്ത്യോക്യൻപിതാക്കന്മാർ മനസ്സൂന്നിയിരിക്കുന്നു. ഓരോ വിശ്വാസത്തേയും കുറിച്ചുള്ള ദൈവശാസ്ത്രചിന്തകരം ഉരംക്കൊള്ളിച്ചുകൊണ്ടുള്ള പ്രാർത്ഥന ബോധനത്തിനു സഹായകമാകും. ചില ഉദാഹരണങ്ങരം കാണിക്കാം.

a) ത്രിത്വത്തെക്കുറിച്ചുള്ള ദർശനം.

പെന്തിക്കൊസ്തിപ്പെരുന്നാളിൽ പ്രാർത്ഥിക്കുന്നു: ''ശ്രേഷ്ഠമായ ഏക സാരാംശത്തോടും അനാദ്യന്തമായ

www.malankaralibrary.com



ഏക സ്വഭാവത്തോടുംകൂടി പിതാവ്, പുത്രൻ, പ. റൂഹാ എന്ന മൂന്നു ക്നൂമാകളടങ്ങിയ പരിപൂർണ്ണ ത്രിത്വമായ സത്യൈക ദൈവമാകുന്നു.'' (പെന്തിക്കൊസ്തിക്രമം)

b) പിതാവിനെയും പുത്രനെയും കുറിച്ചുള്ള ദർശനം.

''പിതാവായ ദൈവമേ, നിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവനും തന്റെ സ്വതന്ത്രബുദ്ധിമൂലം പിശാചാരാധനയിലേക്കു വശീകരിക്കപ്പെട്ടുപോയവനും ആയ മനുഷ്യനെ നവീകരിക്കുവാൻ നിനക്കു തിരുവിഷ്ടം തോന്നിയിട്ടു ഞങ്ങളുടെ മാർഗ്ഗദർശനത്തിനുവേണ്ടി നിന്റെ വചനമായ പുത്രനെ നീ കല്പിച്ചയച്ചു.''

(പെന്തിക്കൊസ്തിക്രമം)

c) മനുഷ്യനായ ദൈവത്തെ ആവിഷ്കരിക്കുന്നു.

''അവൻ വ്യത്യാസംകൂടാതെ മനുഷ്യനായിത്തീർന്ന്, ദൈവത്തിന്റെ വ്യാഖ്യാനാതീതാവസ്ഥയെ വിശദമായി ഞങ്ങളെ അറിയിച്ചു വ്യാഖ്യാനിച്ചു തരികയും നിന്നെയും അവൻ നിന്നിൽനിന്നുള്ളവനാകുന്നു എന്നതിനെയും ഞങ്ങൾ ഗ്രഹിക്കത്തക്കവണ്ണം നിന്റെ ജ്ഞാനത്തിന്റെ ദുർഗ്രഹങ്ങളും രഹസ്യങ്ങളുമായ സംഗതികൾ ഞങ്ങളെ അറിയിക്കയും ചെയ്തു.''

(പെന്തിക്കൊസ്തിക്രമം)

d) പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ വെളിപ്പെടുത്തുന്നു.

''റൂഹാ മനുഷ്യരെ സ്നേഹിക്കുന്നു. റൂഹാ ദീർഘദർശിമാരെ സജ്ജീകരിക്കുന്നു. റൂഹാ ശ്ലീഹന്മാർക്കു ജ്ഞാനം നല്കുന്നു. റൂഹാ സഹദേന്മാർക്കു ബലം നല്കുന്നു. റൂഹാ

www.malankaralibrary.com



മല്പാന്മാരെ നയിക്കുന്നു. റൂഹാ നമ്മുക്കും പ്രവർത്തിക്കുന്നു......''
(പെന്തിക്കൊസ്തിക്രമം)

## IV ആവർത്തനപ്രകൃതി

ആവർത്തനത്തിൽ മടുപ്പുതോന്നാത്ത മനോഭാവമാണ് അന്ത്യോക്യൻസഭയുടേത്. ഭക്തിപാരവശ്യത്തിന്റെ ഹർഷോന്മാദം ആവർത്തനത്തിലൂടെ പ്രകടമാകുന്നത് ആ ലിററർജിയിൽ ആദ്യന്തം കാണാം.

a) ഒരേ ആശയം വിവിധ ഗാനങ്ങളിലൂടെയും പ്രാർത്ഥനകളിലൂടെയും ആവർത്തിക്കുന്നു.

''മഹിമയൊടക്കബ്ബെറീന്ന്......''
''ദൈവമുയിർത്തു മഹത്വത്തോ......''
''മാനവർ വാനോർ മുൻമുൻ നിൻ......''
''മിശിഹാ ജീവിച്ചെഴുന്നേററു......''

എന്നു തുടങ്ങിയ ഗാനങ്ങളിലൂടെ ''ദൈവമുയിർത്തു'' എന്ന ഒരേ ആശയം ആവർത്തിച്ചിരിക്കുന്നു.

b) ഒരേ വാക്കു ആവർത്തിക്കുന്നു.

''പരിശുദ്ധൻ, പരിശുദ്ധൻ........''
(മൂന്നു പ്രാവശ്യം)
''കുറിയേലായിസോൻ, കുറിയേലായിസോൻ...''
(മൂന്നു പ്രാവശ്യം)

c) ഒരേ കൃത്യം ആവർത്തിക്കുന്നു.

40 പ്രാവശ്യം കുമ്പിടുന്നു.

പട്ടക്കാരൻ ആശീർവാദം നല്കുമ്പോഴും സ്ലീബായുടെ അടയാളം മൂന്നു പ്രാവശ്യം വരക്കുന്നു.

www.malankaralibrary.com



d) ഒരേ പല്ലവിയിൽ എല്ലാ വാക്യവും അവസാനിക്കുന്നു.

"നീ മനുഷ്യനായിത്തീർന്നതിനാൽ ദൈവമേ, നീ അത്ഭുതമാകുന്നു." (ജനനപ്പെരുന്നാൾക്രമം, സെദറാ)

"സ്വയംഭൂവിൽനിന്നുള്ള സ്വയംഭൂവിന് ഊശാന."

(ഊശാനപ്പെരുന്നാൾക്രമം, സെദറാ)

## V സാമൂഹ്യബോധവും സാർവ്വത്രികഭാവവും

ദൈവവും മനുഷ്യനും തമ്മിലും മനുഷ്യർ പരസ്പരവുമുള്ള കൂട്ടായ്മയാണ് ആരാധന ലക്ഷ്യംവെയ്ക്കുന്നത്.

a) വി. കുർബ്ബാനയിലെ സമാധാനശുശ്രൂഷ.

ഇതുമൂലം ദൈവവുമായി കൂട്ടായ്മപ്പെടുന്നു, സമാധാനം നല്കുന്നത് വിശ്വാസികൾ തമ്മിലുള്ള ഐക്യത്തിൻെറ അടയാളമാണ്. ശത്രുതയെ ഇതു നശിപ്പിക്കുന്നു.

b) സമൂഹം ഒരുമിച്ചു ആരാധനയിൽ ഭാഗഭാഗിത്വം വഹിക്കുന്നു.

c) ദൈവവും മനുഷ്യനും തമ്മിലും മനുഷ്യർ പരസ്പരവുമുള്ള കൂട്ടായ്മ കാണിക്കുന്നു.

പട്ടക്കാരൻെറ ആശീർവാദപ്രാർത്ഥന. "പിതാവായ ദൈവത്തിൻെറ സ്നേഹവും ഏകജാതൻെറ കൃപയും പ. റൂഹായുടെ സംബന്ധവും ആവാസവും എൻെറ സഹോദരങ്ങളേ, നിങ്ങൾ എല്ലാവരോടുംകൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ."

www.malankaralibrary.com



d) സഭയ്ക്കു മുഴുവനുംവേണ്ടി ബലിയർപ്പിക്കുന്നു.

വി. കുർബ്ബാനയുടെ പ്രാരംഭത്തിൽ കാർമ്മികൻെറ അഭ്യർത്ഥന. "ജീവനുള്ളതും പരിശുദ്ധവുമായ ബലി സഭയ്ക്കു മുഴുവനുംവേണ്ടി അർപ്പിക്കുവാൻ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ."

കുർബ്ബാന സമാപിപ്പിച്ചുകൊണ്ടുള്ള യാത്രപറച്ചിലിൽ കാർമ്മികൻ പറയുന്നു: "ദൂരസ്ഥരോടുകൂടെ സമീപസ്ഥരും മരിച്ചവരോടുകൂടെ ജീവനുള്ളവരും......"

e) പരിശുദ്ധന്മാരും പരിശുദ്ധ വസ്തുക്കളുമായുള്ള കൂട്ടായ്മ പ്രഖ്യാപിക്കുന്നു.

"മാമോദീസായുമതിൽ
സഹദേന്മാരസ്ഥികളും
പൂജാപീഠവുമുണ്ട്
ഏന്തിജ്ജീവോഷധിയെ."

## VI ആരാധനാവത്സരത്തിൻെറ ആകർഷകത്വം

a) വത്സരചക്രം (Yearly Cycle), പ്രതിവാരചക്രം (Weekly Cycle), ദിനചക്രം (Daily Cycle) എന്നു മൂന്നായി ആരാധനാചക്രം വിഭജിക്കപ്പെട്ടിരിക്കുന്നു. ദനഹാക്കാലം. നോമ്പുകാലം, ക്യംതാക്കാലം, പെന്തിക്കൊസ്തിക്കാലം, തേജസ്സരണകാലം, സ്ലീബാക്കാലം, സൂബോറോക്കാലം എന്നിങ്ങനെ വത്സരചക്രം തിരിച്ചിരിക്കുന്നു.

b) ആഴ്ചയിലെ ഓരോ ദിവസത്തിനും പ്രത്യേക നിയോഗങ്ങളും അനുസ്മരണകളുമുണ്ട്.

www.malankaralibrary.com



1. ഞായറാഴ്ച കർത്താവിൻെറ ഉയിർപ്പിനെ സ്മരിക്കുന്നു

"രക്ഷകനേ, നിന്നുത്ഥാന-
ത്തിൻ ദിനമാമിന്നടിയാരിൽ
പ്രീതിയെഴന്നളവില്ലാക്കാ-
രുണ്യത്താൽ പോക്കുക കററം."
(പ്രഭാതപ്രാർത്ഥന).

2. തിങ്കൾ, ചൊവ്വാ എന്നീ ദിവസങ്ങൾ അനു താപത്തിൻെറ സ്മരണയുണർത്തുന്നു

A. "കരുണക്കടലേ, ഞാൻ നോക്കും
ദേവാ, തനയാ എൻ പാപം
പെരുകീ പിഴകറം
വർദ്ധിച്ചല്ലോ; നീ
കഴുകണമെന്നെ സോപ്പായാൽ
ഴുകണമെൻ ബാഷ്പാൽ വെണ്മ
പിതൃസ്നേഹത്താൽ യാചിക്കുന്നേൻ ഞാൻ
... ... ... ... ... ... ...
അനുതാപികളിൽ തൻ വാതിൽ
രാപ്പകലിങ്ങു തുറന്നീടും ഹാലേലുയ്യാ
നാഥാ സ്തുത്യൻ നീ." (തിങ്കറം, സൂത്താറാ)

B. "മനസ്സാ പിഴചെയ്യേൻ
മനസ്സാ തേറുന്നു
സാത്താൻ തൻ കെണിയിൽ
വിണ്ണെന്നറിയുന്നേൻ
അനുതാപമെഴാത്തോരെൻ
സ്ഥിതിയതികഠിനം

www.malankaralibrary.com



കാലാന്ത്യേയണയും വിധിയിങ്കൽ
നാഥാ ഹാ... ഹാ...
കനിവായിവനിൽ നീ കൃപചെയ്തീടേണം''
(ചൊവ്വാ, പ്രഭാതം)

3. പ. കന്യകാമറിയത്തിൻെറ ബഹുമാനാർത്ഥമുള്ള ദിവസമാണ് ബുധൻ

''പാവനകന്യേ, മറിയാമേ, സ്വസ്തി!
സൃഷ്ടികരം ഘോഷിപ്പൂ
ഉദരേ പൈതലിനരുവേക-
ന്നവനെ ഗർഭേ കപ്പൽപോൽ
നീ പേറി നിൻ വാഹകനെ
ഈറയർ തേസ്തുതി ചെയ്യുന്നു
നിന്നിൽനിന്നുദിച്ചോനതി വന്ദ്യൻ''
(പ്രഭാതം)

4. അപ്പസ്തോലൻമാരെയും സഭയിലെ വേദപാരംഗതൻമാരെയും സകല വിശുദ്ധൻമാരെയും ഓർമ്മിക്കുന്ന ദിവസമാണ് വ്യാഴം.

വിശ്വാസത്തിൻ ശില്പികളായ്
സഭതൻ തൂണുകളാം
നിബിയന്മാർക്കും ശ്ലീഹന്മാർക്കും
സഹദേന്മാർക്കും നല്ലൊരു ശ്ലോമോ
നാഥന്നായ് പീഡകളേററു അവരാത്മാക്കരം
ദാവീദേവം പാടിയപോൽ
നാഥൻ പിൻചെന്നാർ മിശിഹാ-
അവർ പ്രാർത്ഥനയാൽ ഞങ്ങടമേൽ
കൃപതോന്നണമേ.'' (സന്ധ്യ)

www.malankaralibrary.com



5. കുരിശിനെ വണങ്ങുന്നതിനായി വെള്ളിയാഴ്ച മാററിവയ്ക്കപ്പെട്ടിരിക്കുന്നു.

''ശുഭചിഹ്നം താൻ സ്ലീബാ
വിജയക്കൊടി താൻ സ്ലീബാ
നമ്മെ രക്ഷിച്ചീടുന്ന
സ്ലീബായിൽ പുകഴുന്നു നാം'' (പ്രഭാതം)

6. ശനിയാഴ്ച മരിച്ചവരെ സ്മരിക്കുന്ന ദിവസമാണ്.

''നാം ദൈവസുതന്മാരാവാ-
നായുഷ്കാലത്തിൽ ചൊല്ലി-
ത്തന്നാത്താതരെയോർക്കേണം
നയവാന്മാർ പുണ്യപ്പെട്ടോ-
രൊന്നിച്ചേകുമവർക്കാശ്വാ-
സം സ്വർഗ്ഗേ പുത്രൻ ദൈവം'' (സന്ധ്യ).

(c) യഹൂദപാരമ്പര്യമനുസരിച്ച് ഒരു ദിവസത്തെ ഏഴു യാമങ്ങളായി തിരിച്ചിരിക്കുന്നു. സന്ധ്യ മുതൽ യാമങ്ങൾ കണക്കാക്കുന്നു.

1. റംശോ (സന്ധ്യാപ്രാർത്ഥന)
2. സൂത്താറാ (ശയനനമസ്കാരം)
3. ലിലിയോ (പാതിരാത്രിയിലെ പ്രാർത്ഥന)
4. സപ്രൊ (പ്രഭാതപ്രാർത്ഥന)
5. ഏഴരയുടെ പ്രാർത്ഥന (മൂന്നാംമണി)
6. മദ്ധ്യാഹ്നം (ആറാംമണി)
7. ഇരുപത്തിരണ്ടര (ഒൻപതാംമണി)

വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഓരോ

www.malankaralibrary.com



വർഷവും ഓരോ മാസവും ഓരോ ആഴ്ചയും ഓരോ ദിവസവും ഓരോ നിമിഷവും വിശുദ്ധമാണ്.

## രണ്ട്

## മലങ്കരസഭ ഉൾപ്പെടുന്ന പൗരസ്ത്യ ആദ്ധ്യാത്മികത്വം

ആരാധന ഉളവാക്കുന്ന ആന്തരികാനുഭൂതിയുടെ ആവിഷ്കാരവും ജീവിതശൈലിയുമാണ് ആദ്ധ്യാത്മികത. മലങ്കരസഭ ഉൾപ്പെടുന്ന പൗരസ്ത്യആദ്ധ്യാത്മികതയെ ഓർത്തഡോക്സി എന്നു വിളിക്കുന്നു. പ്രോട്ടസ്റ്റാൻറിസത്തിലോ പാശ്ചാത്യ ക്രിസ്തീയതയിലോ ഒത്തുക്കാവുന്നതല്ല ഓർത്തഡോക്സി. ഇതിൻെറ ചില സവിശേഷതകൾ താഴെപ്പറയുന്നവയാണ്.

1. പാരമ്പര്യകേന്ദ്രീകൃതം
2. സന്ന്യാസബന്ധിതമായ ആദ്ധ്യാത്മികത
3. ഉയിർപ്പുസംഭവത്തിനു മുൻഗണന
4. പരിശുദ്ധാത്മാവിനു പ്രാധാന്യം.

### I പാരമ്പര്യകേന്ദ്രീകൃതം

പാരമ്പര്യാധിഷ്ഠിതമെന്നു പറഞ്ഞാൽ കേവലം സാമ്പ്രദായികത്വം (traditionalism) എന്നു തെററിദ്ധരിക്കരുത്. ലൗകായതികമൂല്യങ്ങൾക്കോ സംസ്കാരങ്ങൾക്കോ കീഴ്പ്പെട്ടു് അവയുമായി സമീകരണം പ്രാപിക്കാതെ സഭയെ രക്ഷിക്കുന്നതിനാണ് പാരമ്പര്യം ശ്രദ്ധിക്കുന്നതു്. സഭയുടെ കെട്ടുറപ്പു സംരക്ഷിക്കുന്നതിനും സഭയെ നിലനിർത്തുന്നതിനും ഇതു സഹായകമായി ഭവിക്കുന്നു.

www.malankaralibrary.com



### *(a) സഭയുടെ കെട്ടുറപ്പു സംരക്ഷിക്കുന്നു*

ലത്തീൻസഭയിലും പ്രോട്ടസ്റ്റാൻറിസത്തിലും കാണപ്പെടുന്ന കേന്ദ്രഭരണത്തിൻെറ ശക്തിയും ഭരണസംവിധാനവും ഓർത്തഡോക്സിയിലില്ല. അഭിപ്രായവ്യത്യാസങ്ങളിലും കൂടെക്കൂടെയുള്ള കിടമത്സരങ്ങളിലും അവരെ രഞ്ജിപ്പിച്ച് ഒരു സഭയാക്കി നിർത്തുന്ന ഘടകം പാരമ്പര്യത്തോടുള്ള കൂറുതന്നെയാണ്.

### *(b) സഭയെ നിലനിർത്തുന്നു*

അപ്രമാദിത്വത്തിൻെറ ഒരു Magisterium (ബോധനാധികാരം) ഓർത്തഡോക്സ് ചിന്തയിലില്ല. പരിശുദ്ധാത്മാവ് എല്ലാ സത്യങ്ങളിലും സഭയെ വഴിനടത്തുന്നുവെന്ന് ഓർത്തഡോക്സി കരുതുന്നു. മാറിക്കൊണ്ടിരിക്കുന്ന വ്യവസ്ഥിതിയിലും സംസ്കാരങ്ങളിലും ചിന്താഗതികളിലുംകൂടി കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന സഭ എന്നും ഒരേസഭയായി വിശ്വാസവും ജീവനും സംരക്ഷിക്കയത്രേ പാരമ്പര്യത്തിൻെറ കൃത്യം. സത്യത്തിൻെറ സംരക്ഷണത്തിനു സഭയിലെ വൈദികരും അവൈദികരും കടപ്പെട്ടിരിക്കുന്നു; പൗരസ്ത്യസഭയിലെ വലിയ ചില ദൈവശാസ്ത്രചിന്തകന്മാർ അവൈദികരാണ്.1

### ***പാരമ്പര്യബദ്ധമായ ചില ആചാരങ്ങൾ***

1. യഹൂദപാരമ്പര്യത്തെ തുടർന്ന് ദിവസവും നിർദ്ദിഷ്ടയാമങ്ങളിൽ പ്രാർത്ഥിക്കുന്നു.

---

1. Cfr. Alexander Schmemann, Orthodox Christianity, Sign, Oct. 1979.

www.malankaralibrary.com



2. കിഴക്കുദിക്കിനു പ്രാധാന്യം നല്കുന്നു.

ദൈവാലയം കിഴക്കുപടിഞ്ഞാറായി സ്ഥാപിക്കുന്നു. പ്രാർത്ഥന കിഴക്കോട്ടുതിരിഞ്ഞുനിന്നു നടത്തുന്നു. മൃതദേഹം കിഴക്കുപടിഞ്ഞാറായി വയ്ക്കുന്നു.

## II സന്ന്യാസസംബന്ധിതമായ ആദ്ധ്യാത്മികത

എല്ലാവരും സന്ന്യാസികളല്ലെങ്കിലും "മുന്നമേ ദൈവരാജ്യമന്വേഷിക്കുക" എന്ന പ്രമാണം കാക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു.2

(a) സന്ന്യാസികളെപ്പോലെ യാമപ്രാർത്ഥന നടത്താൻ എല്ലാവരേയും പ്രോത്സാഹിപ്പിക്കുന്നു;

(b) നോമ്പ്, വർജ്ജന, ഉപവാസം എന്നിവ എല്ലാവർക്കുമുണ്ട്.

(c) പ്രായശ്ചിത്താരൂപിയോടെ കുമ്പിടുന്ന പതിവുണ്ട്;

(d) മെത്രാൻ ധരിക്കുന്ന മസനപ്സാ (ശിരോവസ്ത്രം) ഒരു സന്ന്യാസിയെയാണു സൂചിപ്പിക്കുന്നത്;

(e) ഞായറാഴ്ചകളിലും പെരുന്നാളുകളിലും എല്ലാവരും ഒന്നുചേർന്നു കാനോനികപ്രാർത്ഥന ചൊല്ലുന്ന പതിവുണ്ട്.

2. Cfr. Ibid.

www.malankaralibrary.com



## III ഉയിർപ്പുസംഭവത്തിനു മുൻഗണന

ഉയിർത്തെഴുന്നേററ ക്രിസ്തുവിൻെറ സാന്നിദ്ധ്യത്തിനാണ് ആരാധനാജീവിതത്തിൽ മുൻഗണന.

(a) ഉത്ഥാനത്തിൻെറ ദിവ്യരഹസ്യത്തിനു നല്കപ്പെടുന്ന പ്രാധാന്യത്തെ അടിസ്ഥാനമാക്കി കുർബ്ബാന സമയത്തു നില്ക്കുക എന്നതു് പൗരസ്ത്യസഭയിൽ പതിവായി. ''മുട്ടുകുത്തുന്നതു മനുഷ്യവർഗ്ഗത്തിൻെറ വീഴ്ചയേയും നില്ക്കുന്നതു് അവരുടെ ഉത്ഥാനത്തേയും'' സൂചിപ്പിക്കുന്നു.

(b) ആരാധനാവത്സരത്തിൻെറ കേന്ദ്രസ്ഥാനം വഹിക്കുന്നതു് ഉയിർപ്പുപെരുന്നാളത്രേ.

(c) ഓരോ ഞായറാഴ്ചയും ക്രിസ്തുവിൻെറ ഉത്ഥാനത്തിൻെറ ഓർമ്മ കൊണ്ടാടുന്നു.

(d) ഉത്ഥിതനായ മിശിഹായെ കണ്ടുമുട്ടിയ ശിഷ്യന്മാർക്കുണ്ടായ അനുഭവം ഇന്നു സുവിശേഷം ശ്രവിക്കുന്ന വിശ്വാസികൾക്കുണ്ടാകണം എന്ന വാസ്തവം വ്യക്തമാക്കുകയാണ് സുവിശേഷവായനയുടെ ആരംഭത്തിലും അവസാനത്തിലുമുള്ള സമാധാനാശംസകൾ.

## IV പരിശുദ്ധാത്മാവിനു പ്രാധാന്യം

പൗരസ്ത്യ ആരാധനയിൽ വി. കുർബാനയുടെ സ്ഥാപനവചനങ്ങൾക്കുശേഷം പ. റൂഹാ ഇറങ്ങി ആവസിച്ചു അർപ്പണം പൂർണ്ണമാക്കാനുള്ള പ്രാർത്ഥനയുണ്ടു്. പ. റൂഹായുടെ വരവും വിശ്വാസികളോടുകൂടിയുള്ള സഹവാസവും പവിത്രീകരണവും ശേഷമുള്ള ഭാഗത്തിൽ

www.malankaralibrary.com



അനുസ്മരിപ്പിക്കപ്പെടുന്നു. ദിവ്യബലിയുടെ രഹസ്യം പൂർത്തീകരിക്കപ്പെടുന്നത് പ. റൂഹായുടെ പ്രവർത്തനം മൂലമാണ്.

## മൂന്ന്

## മലങ്കരസഭ സ്വീകരിക്കുന്ന പൗരസ്ത്യ ദൈവശാസ്ത്രത്തിന്റെ ചില സവിശേഷചിന്തകൾ

### I ആരാധനയും സഭാനുഭവവും

സഭാനുഭവത്തിന്റെ പ്രത്യക്ഷപ്രകടനം ആരാധനയിലൂടെയാണ്. "ദേവാലയത്തിൽ നില്ക്കുമ്പോഴം നാം സ്വർഗ്ഗത്തിൽ നില്ക്കുകയാണ്". (Standing in the Church, we Stand in Heaven.) ആരാധന സ്വർഗ്ഗീയാനുഭവമാണ്.3

(a) "പറുദൈസാതന്നെ വിശുദ്ധർ പാർപ്പിടം
പറുദൈസാതന്നെ നയവാന്മാർ ദയറാ
പറുദൈസാതന്നെ ഒനുവായർ ഭവനം
പറുദൈസാതന്നെ വാടാത്ത ജീവൻ
പറുദൈസാതന്നെ അക്ഷയ മണവറ
അവകാശിയാകുന്നോർ ധന്യർ"

(b) "ശുദ്ധാലയമുഖംനാം സഹിതം
വാനോർസൈന്യം നില്ക്കുന്നു."

---

3 Cfr. Alexander Schmemann, Orthodox Christianity Sign Oct. 1979)

www.malankaralibrary.com



(c) ''തീയല്ലോ — ഇമ്മദ്ബഹാ
തീതന്നെ — പൂജയിത്തും
തീയിതിനെ — ചുററുന്നു
തീയിനല്ലൊ പരിചരിപ്പൂ''

## II ലോകരക്ഷ മനുഷ്യനിലൂടെ

(a) മനുഷ്യനിലൂടെ ലോകം രക്ഷിക്കപ്പെടുന്നു'' നിന്നെത്തന്നെ രക്ഷിക്കുക, നിൻെറ ചുററുമുള്ള ആയിരങ്ങൾ രക്ഷിക്കപ്പെടും'' (വി. സെറാഫീം) നമ്മൾ വിശുദ്ധിക്കുവേണ്ടി വിളിക്കപ്പെട്ടിരിക്കുന്നു. ''പരിശുദ്ധാത്മലബ്ധിക്കുവേണ്ടിയാണ് ക്രിസ്ത്യാനിയുടെ ജീവിതം''[4] (വി. സെറാഫീം)

(b) വിശുദ്ധീകരണത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു.

1. ''വെളിവിൻതട്ടിൽ വസിക്കും പുണ്യനിധേ, പരിശുദ്ധാ
വേണ്ടാ കഷ്മത വീൺചിന്തയുമടിയാരിൽ— ന്നൊഴിക്ക''

2. ''ഞങ്ങൾ പുതുതായി രൂപാന്തരപ്പെട്ട വിവേകമുള്ളവരും ജ്ഞാനികളുമായ ആത്മാക്കളോടൊരുമിച്ച് വിശ്വാസമെന്ന യോഗ്യതയുള്ള ദീപങ്ങൾ പിടിച്ചുകൊണ്ട് പുതിയവരായി പുതിയ ലോകത്തിലേക്കു അയക്കപ്പെടുവാൻതക്കവണ്ണം ഞങ്ങൾ നിനക്കു ശ്രേഷ്ഠവും നിർമ്മലവുമായ ആട്ടിൻകൂട്ടമായി ഭവിക്കുമാറാകണമേ''.[5]

---

4 Cfr. Ibid.

5 സീറോ-മലങ്കര കർബാന തക്സാ, Published by Rev. Thomas Pazhoor p. 7)

www.malankaralibrary.com



3. 'ദൈവമേ, നീ പരിശുദ്ധനാകുന്നു' എന്നു ചൊല്ലിക്കൊണ്ട് ദൈവത്തിന്റെ പരിശുദ്ധിയെ വാങ്ങിക്കുന്നവരായ നാം വിശുദ്ധരാകുവാൻവേണ്ടി ദൈവത്താൽ വേർതിരിക്കപ്പെട്ടവരാണെന്നു അനുസ്മരിക്കുന്നു.6

## III സഭയും ലോകപ്രശ്നങ്ങളും

ആരാധനയിലൂടെയുള്ള സ്വർഗ്ഗീയാനുഭവം ലോകപ്രശ്നങ്ങളിൽനിന്നുള്ള ഒളിച്ചോട്ടത്തിനല്ല. മനുഷ്യന്റെയും സർവ്വവസ്തുക്കളുടെയും അത്യന്തികലക്ഷ്യം സഭ അറിയുന്നു. ആരാധനയിലൂടെ സഭ ലോകത്തിന്റെ കൂദാശയാകുന്നു.7

## IV സഭയും പവിത്രീകരണവും

സഭയുടെ ലക്ഷ്യം ലോകത്തിന്റെ പവിത്രീകരണമാണ്.

(a) വത്സരചക്രം, പ്രതിവാരചക്രം, ദിനചക്രം എന്നീ ആരാധനാചക്രങ്ങളിലൂടെ സഭ സമയത്തെ വിശുദ്ധീകരിക്കുന്നു.

(b) ജ്ഞാനസ്നാനം, സ്ഥൈര്യലേപനം എന്നിവയിലൂടെ ഉയിർത്തെഴുന്നേററ കർത്താവിന്റെ നിത്യജീവൻ നല്കി വിശുദ്ധീകരിക്കുന്നു.

---

6 Ibid., p. 30

7 Cfr. Alexander Schmemann, Orthodox Christianity Sign Oct. 1979).

www.malankaralibrary.com



(c) പഴയതിൽനിന്നു പുതിയതിലേക്കുള്ള രൂപീകരണമാണു സഭ.8

## V സഭയും സാർവ്വത്രികദർശനവും

ദൈവവുമായി ബന്ധപ്പെട്ടിരിക്കുന്ന സഭ സർവ്വസൃഷ്ടിയുമായും ബന്ധത്തിലാകുന്നു, സൃഷ്ടിയുടെ മകുടമായി ദൈവമാതാവിനെയും അതിനുചുററും പരിശുദ്ധന്മാരെയും കാണുകയും ബഹുമാനിക്കയും ചെയ്യുന്നു.9

(a) ആദാമിന്റെയും ഹൗവായുടെയും കാലംമുതൽ ജീവിച്ചിരുന്ന പ്രവാചകന്മാർ, ശ്ലീഹന്മാർ, സഹദേന്മാർ, മൗദ്യാനന്മാർ, പരേതരായ വിശ്വാസികൾ എന്നിങ്ങനെ നീതിമാന്മാരായ ഏവരേയും ഇവിടെ ഓർക്കുന്നു.10

(b) ദൈവമാതാവായ വി. കന്യകയേ, ഞങ്ങൾക്കുവേണ്ടി നീ കരുണ യാചിക്കണമേ. സഹദേന്മാർ നമുക്കുവേണ്ടി പ്രാർത്ഥിക്കുവാൻ നമുക്കവരോടു യാചിക്കാം. കർത്താവേ, നിന്നിലുള്ള ശരണത്തിൽ മരിച്ചു നിന്റെ വരവിനായി നോക്കിപ്പാർക്കുന്നവരെ നീ ആശ്വസിപ്പിച്ചു പുണ്യപ്പെടുത്തേണമേ.11

---

8 Cfr. Alexander Schmemann, Orthodox Christianity.

9 Cfr. Alexander Schmemann, Orthodox Christianity

10 സീറോ-മലങ്കര കർബാന തക്സാ, by Rev. T. Pazhoor, p. 12.

11 Ibid p. 24

www.malankaralibrary.com



## നാല്

## മലങ്കരസഭയുടെ ഭരണക്രമം അഥവാ നിയമസംഹിത

മാർ ഗ്രീഗോറിയോസ് ബാർ എബ്രായ എന്ന പേരിൽ അറിയപ്പെടുന്ന പൗരസ്ത്യ കാതോലിക്കാ ക്രോഡീകരിച്ചിട്ടുള്ള ''ഹൂദായകാനോൻ'' അത്രേ മലങ്കര ഓർത്തഡോക്സു ഗ്രൂപ്പിൻെറ ഔദ്യോഗിക കാനോൻ. ഇതിലെ ആദ്യത്തെ പത്തു് അദ്ധ്യായങ്ങളാണ് പ്രാധാന്യം അർഹിക്കുന്നതു്. 1. പള്ളിയും അതിൻെറ ഭരണവും; 2. മാമോദീസാ; 3. ദിവ്യമൂറോൻ; 4. കുർബാന; 5. നോമ്പുകളും പ്രാർത്ഥനകളും; 9. ശവസംസ്കാരം; 7. ആചാര്യത്വം; 8. വിവാഹം; 9. മരണപത്രം; 10. അവകാശക്രമം എന്നീ വിഷയങ്ങളെക്കുറിച്ചുള്ളവയാണ് പ്രസ്തുത അദ്ധ്യായങ്ങൾ. ഓരോ അദ്ധ്യായവും ഉപവകുപ്പു(ഖണ്ഡിക)കളായി വിഭജിച്ചിരിക്കുന്നു. 'പള്ളിയും അതിൻെറ ഭരണവും' എന്ന ഒന്നാം അദ്ധ്യായം തന്നെ ഏഴു വകുപ്പു (ഖണ്ഡിക) ആയി തിരിച്ചിരിക്കുന്നു. അവ,

ന്യായരഹിതമായ സംഘങ്ങളുടെ ബഹിഷ്കരണം (1-ാം ഖണ്ഡിക); പള്ളിവസ്തുക്കളും വരുമാനങ്ങളും (2-ാം ഖണ്ഡിക); റിശീസാകളും വഴിപാടുകളും ദാനങ്ങളും (3-ാം ഖണ്ഡിക); കൈകാര്യകർത്താക്കൾ (4-ാം ഖണ്ഡിക); മദ്ബഹായിലെ ഉപകരണങ്ങൾ (5-ാം ഖണ്ഡിക); ശുദ്ധീകരിക്കപ്പെട്ട മദ്ബഹായെക്കുറിച്ചുള്ള നിയമങ്ങൾ (6-ാം ഖണ്ഡിക); മദ്ബഹാ, പള്ളി, കൂദാശ (7-ാം ഖണ്ഡിക) എന്നിവയത്രേ.

www.malankaralibrary.com



## ഉപസംഹാരം

### മാർ ഈവാനിയോസ് മലങ്കരവിട്ടു പോയിട്ടില്ല

വിവിധ റീത്തുകൾ അഥവാ തനിമയുള്ള സഭകൾ (Individual Churches) സാരാംശത്തിൽ വ്യത്യാസമുള്ളവയല്ല; എങ്കിലും, അവയ്ക്കു ബാഹ്യങ്ങളായ വ്യത്യാസങ്ങളുണ്ട്. ആരാധനക്രമം, ആദ്ധ്യാത്മികത, ദൈവശാസ്ത്രം, ഭരണക്രമം എന്നിവയിലെല്ലാം ഈ വ്യത്യാസം പ്രകടമാണ്. ഇക്കാര്യങ്ങളിലുള്ള വ്യതിരിക്തത മലങ്കരസഭയുടെ സവിശേഷതകളാണ്. അവയത്രേ ഈ ലേഖനത്തിൽ എടുത്തുകാണിച്ചിട്ടുള്ളത്. ഈ സവിശേഷതകളുടെ സംരക്ഷണത്തിനുവേണ്ടിയാണ് മലങ്കരറീത്തു നിലകൊള്ളുന്നത്.

മാർ ഈവാനിയോസ് പാശ്ചാത്യ(റോമാ)റീത്തിലോ മറേറതെങ്കിലും പൗരസ്ത്യറീത്തിലോ ലയിച്ചിട്ടില്ല. മലങ്കരസഭയുടെ വ്യക്തിത്വത്തെ (ആരാധന, ആദ്ധ്യാത്മികത, ദൈവശാസ്ത്രം, ഭരണക്രമം എന്നിവയിൽ മലങ്കരസഭയ്ക്കുള്ള സവിശേഷതകളെ) സാർവ്വത്രികസഭയെക്കൊണ്ടു അംഗീകരിപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്.

മലങ്കരറീത്തു തനിമയുള്ള മലങ്കരസഭയാണെന്നു മനസ്സിലാക്കാത്തവർ ഇന്നുമുണ്ട്. ''മലങ്കര വിട്ടോടിപ്പോയി'', ''റോമ്മായിൽ മുഴുകി'' ''മലങ്കരയെ വഞ്ചിച്ചു'' എന്നീ പഴികൾ മാർ ഈവാനിയോസിൻെറമേൽ ചുമത്തുന്നത് അത്തരത്തിൽപ്പെട്ടവരാണ്.

★

www.malankaralibrary.com

# IX

# മാറൊലികൾ

മാർ ഈവാനിയോസ് ഉണർത്തിയ ആശയസംരംഭം അനേകം പുസ്തകങ്ങൾക്കു ജന്മം നല്കിയിട്ടുണ്ട്. ഇക്കഴിഞ്ഞ അരശതാബ്ദം അത്തരം പ്രസിദ്ധീകരണങ്ങളെ പരിഗണിച്ചു മൂന്നു ഘട്ടങ്ങളായി തിരിക്കാം. പ്രാരംഭഘട്ടത്തിൽ സംവാദാത്മകകൃതികളും എതിർപ്പുകളെ നേരിടേണ്ടിവന്ന രണ്ടാംഘട്ടത്തിൽ വിവാദാത്മകകൃതികളും സൗഹൃദാന്തരീക്ഷം കൊണ്ടു അനുഗൃഹീതമായ മൂന്നാം ഘട്ടത്തിൽ എക്യുമെനിസമനോഭാവകൃതികളും ഉണ്ടായി.

### പ്രാരംഭഘട്ടം

മാർ ഈവാനിയോസിനാൽ പ്രസിദ്ധീകൃതമായ ഗിരിദീപം, അഭിവന്ദ്യ പുലിക്കോട്ടു ജോസഫ് റമ്പാനും ചേപ്പാട്ടു് പീലിപ്പോസു റമ്പാനും ചേർന്ന് തയ്യാറാക്കിയ 'മലങ്കര സഭയുടെ കുഴൽക്കണ്ണാടി', ശ്രീ എം. പീലിപ്പോസിൻെറ 'കാതോലികപുനരൈക്യ ചിന്തകൾ' എന്നിവയാണ് ഇക്കാലത്തുണ്ടായ പ്രധാന കൃതികൾ. മലങ്കരയുടെ വ്യക്തിത്വം പുലർത്തിക്കൊണ്ടും സമൂഹത്തെ ഒന്നടങ്കം കണക്കിലെടുത്തുകൊണ്ടുമുള്ള ഒരു

www.malankaralibrary.com



ഐക്യനീക്കം: ഒരുത്തരേയും മുറിപ്പെടുത്താത്ത സംവാദാത്മകശൈലി എന്നിവ ഇക്കൃതികളുടെ പ്രത്യേകതകളാണ്.

## 1 ഗിരിദീപം

പുനരൈക്യത്തിന് 1 വർഷംമുമ്പ് 1929 ജൂലൈ 22-ാം തീയതിയാണ് ഗിരിദീപം പ്രസിദ്ധീകൃതമായത്. 1910 മുതൽ 19 കൊല്ലത്തെ അനുഭവങ്ങൾ മാർ ഈവാനിയോസ് ഹൃദയസ്പൃക്കായി നിരത്തുന്നു. അബ്ദല്ലാപാത്രിയർക്കീസിന്റെ ആഗമനം, തുടന്നു സമുദായത്തിലുണ്ടായ കോളിളക്കം, വട്ടശ്ശേരി മെത്രാപ്പോലീത്തായുടെ മുടക്ക്, കഥാപുരുഷന്റെ ജീവൻ തുലാസിൽ ആടിയ ഘട്ടങ്ങൾ, ആനപ്പാപ്പിയുടെ മരണം, അബ്ദൽമിശിഹായുടെ വരവ്, കാതോലിക്കാവാഴ്ചയിലെ രഹസ്യകഥകൾ, സെറാമ്പൂർ വാസക്കാലത്തെ സമുദായോദ്ധാരണ പരിശ്രമങ്ങൾ, ബഥനി സ്ഥാപനം, തുടങ്ങിയവയുടെ നലം തികഞ്ഞ അനുഭവവിവരണം.

> "ഹേ! വിശ്വസ്തസഭേ, പ്രാർത്ഥിച്ചീടുകിതാ
> നിന്മക്കൾ കള്ളച്ചെന്നായ്ക്കൾക്കിരയായ്"

എന്ന പ്രാർത്ഥനാഗാനം ഉദ്ധരിച്ചുകൊണ്ട് മലങ്കരയുടെ യഥാതഥചിത്രം അവതരിപ്പിക്കുകയും സമുദായോദ്ധാരണത്തിന് ആത്മാർത്ഥശ്രമം ചെയ്യുന്ന മലങ്കര സഭാംഗത്തിന്റെ സ്ഥിതി വെളിപ്പെടുത്തുകയും ചെയ്യുന്നു.

www.malankaralibrary.com



## 2 മലങ്കരസഭയുടെ കുഴൽക്കണ്ണാടി

പുനരൈക്യത്തിനു തൊട്ടുമുമ്പ് 1930 ആഗസ്റ്റ് മാസത്തിൽ ഇക്കൃതി പ്രസിദ്ധീകൃതമായി. രണ്ടുമാസത്തിനുള്ളിൽ രണ്ടാംപതിപ്പിന്റെ ആവശ്യമുണ്ടായി എന്നു പറയുമ്പോഴാം പുലിക്കോട്ടു ജോസഫുറമ്പാനും ചേപ്പാട്ടു പിലിപ്പോസ് റമ്പാനും ചേർന്നു തയ്യാറാക്കിയ ഈ സരസകൃതിയുടെ വശീകരണശക്തി മനസ്സിലാക്കാം. മലങ്കരയുടെ ഏറ്റവും കാലസ്ഥിതി സമർത്ഥമായി ചിത്രീകരിച്ചിരിക്കയാണിവിടെ. മലങ്കരസഭയ്ക്കു പാത്രിയർക്കീസുമായി യോജിക്കരുതോ?; സ്വതന്ത്രമായി നിൽക്കരുതോ?; മാർത്തോമ്മാക്കാരുമായി ബന്ധപ്പെടരുതോ? യൗനായ സഭയുമായി ഒന്നിക്കരുതോ? എന്നീ പ്രശ്നങ്ങളെ കൂലങ്കഷമായി ചർച്ച ചെയ്തതിനുശേഷം കത്തോലിക്കാപുനരൈക്യമത്രേ ഏകകരണീയം എന്നു സമർത്ഥിക്കയാണു പ്രസ്തുതഗ്രന്ഥം ചെയ്യുന്നതു്. ഒഴുക്കും ഊർജ്ജസ്വലതയുമുള്ള ഇക്കൃതിയുടെ വശ്യത ഐക്യവിരുദ്ധരെ ഞെരിപിരികൊള്ളിക്കതന്നെ ചെയ്തു.

## 3 കാതൊലിക പുനരൈക്യചിന്തകൾ

റിട്ട. ജഡ്ജി മാരേട്ടു ശ്രീ എ. പിലിപ്പോസിന്റെ 'കാതൊലിക പുനരൈക്യചിന്തകൾ' 1931 മാർച്ച് 28-ാം തീയതി പ്രകാശിതമായി. മലങ്കരയുടെ ഉള്ളകള്ളി നല്ലവണ്ണം കണ്ടറിഞ്ഞിട്ടുള്ള ആ ചിന്തകൻ സമുദായ നേതാക്കന്മാരായ ദിവ്യശ്രീ ഫാ. അലക്സിയോസ്, പൗരസ്ത്യ കാതോലിക്കാമോറാൻ മാർ ബസേലിയോസ്, മലങ്കരയുടെ മാർ ദിവന്യാസ്യോസ് എന്നിവർക്ക് അയച്ച കത്തുകളാണു് ഉള്ളടക്കം. മലങ്കരയുടെ തനിച്ചിത്രം, കാതൊലികഐക്യത്തിനു നേരെ ആ

www.malankaralibrary.com



രോപിച്ചേക്കാവുന്ന തടസ്സങ്ങരം, ഐക്യത്തിന്റെ നേട്ടങ്ങരം എന്നീ വിഷയങ്ങരം കോടതിയിൽ ജഡ്ജ്മെന്റു തയ്യാറാക്കുന്ന പാടവത്തോടെ ഈ കത്തുകളിൽ കൈകാര്യം ചെയ്തിരിക്കുന്നതു് ആരെയും ഇരുത്തിച്ചിന്തിപ്പിക്കാതിരിക്കയില്ല.

## ദ്വിതീയഘട്ടം

ഇക്കാലയളവിലെ കൃതികളെ വിവാദാത്മകം, ചരിത്രപരം എന്നിങ്ങനെ രണ്ടായി തിരിക്കാം. വിവാദാത്മകകൃതികളുടെ നേതൃത്വം മോൺ. തോമസ് വടശ്ശേരിക്കും ചരിത്രപരകൃതികളുടെ നേതൃത്വം ഫാ. തോമസ് ഇഞ്ചയ്ക്കലോടിക്കും നല്കാവുന്നതാണു്.

### വിവാദാത്മക കൃതികൾ

മുളയിലെ ഞെരിച്ചമർത്തുവാൻ പോരുന്ന തീവ്രങ്ങളായ ആക്രമണങ്ങളും ആശയസംഘട്ടനങ്ങളുമാണു് പുനരൈക്യപ്രസ്ഥാനത്തിനു ആരംഭഘട്ടത്തിൽ നേരിടേണ്ടിവന്നതു്. ഏതാക്രമണത്തിനും പററിയ മറുമരുന്നുമായി അടിയും തടയും പഠിച്ച മോൺ. വടശ്ശേരി പ്രത്യക്ഷപ്പെട്ടു.

"ചൊല്ലിന്നു ചൊല്ലുണ്ടു്, മല്ലിന്നു മല്ലുണ്ടു്,
തല്ലിന്നു തല്ലുണ്ടു്, കല്ലിന്നു കല്ലുണ്ടു്,
വില്ലിന്നു വില്ലുണ്ടു്, വാളിന്നു വാളുണ്ടു്,
വല്ലാതെ വന്നുകയർക്കേണ്ട താനെടോ"

എന്ന രീതിയിൽ നിലകൊണ്ട ആ തൂലികാമല്ലനോടെതിരിട്ടവരെല്ലാം മുറിവേററു നിലംപതിച്ചു.

www.malankaralibrary.com



## മോൺ. വടശ്ശേരിയുടെ കൃതികൾ

### 1. കത്തോലിക്കാ സഭയും യാക്കോബായവാദങ്ങളും

12 അദ്ധ്യായങ്ങളും 500-ൽ ശിഷ്ടം പുറങ്ങളുമുള്ള ഈ ബൃഹദ്ഗ്രന്ഥം 1945 ജൂലൈ 3-ാം തീയതി പുറത്തുവന്നു. പത്രോസിൻെറ റോമാസിംഹാസനം, അതിനെതിരായുള്ള വാദങ്ങൾ, കൽക്കദോനിയാസുന്നഹദോസ്, കേരളസഭയുടെ ആദിമസ്ഥിതി, വിവിധ സഭകളുടെ പുനരൈക്യങ്ങൾ, കേരള പുനരൈക്യവീഥിയിലെ വിലങ്ങുതടികൾ എന്നീ വിഷയങ്ങളാണ് ഇതിൽ പ്രതിപാദിച്ചിട്ടുള്ളത്. ഒന്നരമാസംകൊണ്ട് ഒന്നാം പതിപ്പുമുഴുവൻ വിററഴിയത്തക്കവണ്ണം വായനക്കാരെ വശീകരിക്കുവാൻ ഈ വിശിഷ്ടകൃതിക്കു കഴിഞ്ഞു.

### 2. എല്ലാ സഭകളും ശരിയോ?

സഭ ഏകമാണ്; ശാഖാവാദം, സാഹോദരീസഭാവാദം, സ്വതന്ത്രസഭാവാദം തുടങ്ങിയ വാദഗതികൾ പൊള്ളയാണ് - എന്നീ കാര്യങ്ങളാണ് 400- ഓളം പുറങ്ങളുള്ള ഈ ദൈവശാസ്ത്ര ഗ്രന്ഥത്തിലുള്ളത്.

### 3. കൽക്കദോനിയാ സുന്നഹദോസ്

കൽക്കദോനിയാസുന്നഹദോസിനു് ഇടയാക്കിയ എവുത്തിക്കോസിൻെറ വേദവിപരീതവും അതിനെ പ്രബലപ്പെടുത്താൻ ദീയസ്കോറോസ് ചെയ്ത സാഹസപ്രവൃത്തികളും ഈ പുസ്തകത്തിൽനിന്നു മനസ്സിലാക്കാം.

www.malankaralibrary.com



## 4. മലങ്കര യാക്കോബായക്കാർ ഏക സ്വഭാവവാദികളോ?

മോൺ. വടശ്ശേരിയുടെ തീസിസ് എന്നു വിശേഷിപ്പിക്കാവുന്നതത്രേ ഈ പ്രബന്ധം. മലങ്കരയാക്കോബായക്കാർ ഏകസ്വഭാവവാദത്തെ എതിർക്കുന്നു എന്നും അതിനെ സ്വീകരിക്കുന്നു എന്നും കാണിക്കുന്ന ന്യായങ്ങൾ അദ്ദേഹം നിരത്തുന്നു. ബുദ്ധിയെ കുഴക്കുന്ന വൈരുദ്ധ്യങ്ങളാണു് യാക്കോബായ ചിന്താഗതിയിൽ എഴുത്തുകാരൻ കാണുന്നതു്.

## 5. വി. കുർബാനയും അകത്തോലിക്കാസഭകളും

മാർത്തോമ്മാ സഭയിൽ ഇവാൻജലിക്കൽ സഭ ഉണ്ടായതിനെ തുടർന്നാണു് ഈ കൃതിയുടെ പ്രകാശനം. വി. കുർബ്ബാനയെ സംബന്ധിച്ചുള്ള അകത്തോലിക്കാ അഭിപ്രായങ്ങളെ ഇവിടെ വിമർശിച്ചിരിക്കുന്നു.

## 6. എന്റെ തെങ്ങേലി പ്രസംഗം

തെങ്ങേലി എന്ന സ്ഥലത്തു താൻ നടത്തിയ പ്രസംഗത്തിനെതിരായുയർന്ന ഒച്ചപ്പാടുകളുടെ കഴമ്പില്ലായ്മ വെളിപ്പെടുത്തുന്നതിനത്രേ പുനരൈക്യരജതജൂബിലി വർഷമായ 1955-ൽ മോൺ. വടശ്ശേരി ഇക്കൃതി പ്രസിദ്ധീകരിച്ചതു്. സമകാലീന മലങ്കരസഭയുടെ നഗ്നചിത്രമത്രേ ഇതിലെ 340- പുറങ്ങളിൽ ഉടനീളം.

## 7. സലാമ റമ്പാന്റെ അപവാദ വ്യവസായം

വെരി റവ. വി. സി. ഗീവറുഗീസ് കോർ എപ്പി

www.malankaralibrary.com



സ്കോപ്പായുടെ പുനരൈക്യത്തെയും കത്തോലിക്കാ സഭയേയും അപലപിച്ചുകൊണ്ടു മൂശ സലാമ റമ്പാൻ എഴുതിയ ''കാതോലിക്കാ സഭയും റോമാവാദങ്ങളും'' എന്ന കൃതിക്കു കുറിക്കുകൊള്ളുന്ന മറുപടിയാണിതു്. റമ്പാന്റെ ആക്രമണങ്ങളെ മണ്ണുകാലന്റെ തൊഴിയായി എഴുത്തുകാരൻ വിശേഷിപ്പിക്കുന്നു.

## 8. മാർപ്പാപ്പായുടെ പരമാധികാരം മനുഷ്യദത്തമോ ദൈവദത്തമോ?

മാർപ്പാപ്പാ അവകാശപ്പെടുന്ന പരമാധികാരം മനുഷ്യദത്തമല്ല. സാർവ്വത്രികസഭയുടെ പരമാദ്ധ്യക്ഷനും വി. പത്രോസിന്റെ പിൻഗാമിയുമെന്ന നിലയിൽ ദൈവമായ ക്രിസ്തുവിൽ നിന്നു ലഭിച്ചിട്ടുള്ളതാണെന്നു സമർത്ഥിച്ചിരിക്കുന്നു.

കൂനൻ കുരിശുസത്യം, മലങ്കരനസ്രാണികളും പുനരൈക്യവും, ഒരു വഴിയോ പലവഴിയോ? സ്വർഗ്ഗമാർഗ്ഗം, സഭാ ഐക്യത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ തുടങ്ങി 29-ഓളം ഗൗരവമേറിയ കൃതികൾ മോൺ. വടശ്ശേരിയുടെ കരുത്തുററ തൂലിക സംഭാവന ചെയ്തിട്ടുണ്ടു്.

## *മററുകൃതികൾ*

### 1. മലങ്കരസഭയുടെ എക്സ്റേ

മാർ ഈവാനിയോസിന്റെ സഭാപരിവർത്തന സംരംഭങ്ങളെയും ''മലങ്കര സഭയുടെ കുഴൽക്കണ്ണാടി'' എന്ന പ്രഖ്യാത ഗ്രന്ഥത്തേയും ഭർത്സിക്കുന്ന ''ഭൂതക്കണ്ണാടി''ക്കു ദാസൻ പത്രാധിപർ മൂക്കഞ്ചേരിൽ ശ്രീ എം.എം. വർക്കി നല്കുന്ന ചുട്ട മറുപടി.

www.malankaralibrary.com



## 2. നേർവഴികാട്ടി

മാർ സേവേറിയോസിൻെറ പുനരൈക്യത്തെ ഭള്ള പറഞ്ഞുകൊണ്ടുള്ള പൂതക്കഴിയിൽ ഏബ്രഹാം കത്തനാരുടെ "റോമാസഭയും റീത്തുകളും" എന്ന പുസ്തകത്തിൻെറ കഴമ്പില്ലായ്മ വെളിച്ചത്തു വരുത്തുകയാണ് വന്ദ്യചേപ്പാട്ട റമ്പാൻെറ "നേർവഴികാട്ടി". "അൽഹോയ് കീപ്പോ ദസ്ബസ് ശെമവൂൻ, റീശ്തൽമീതെ ബനിയോനോലോ" എന്നു തുടങ്ങിയ പ്രാത്ഥനാഗാനങ്ങരം ഉരുവിടുന്ന മലങ്കരസഭയ്ക്കു പത്രോസിൻെറ സവിശേഷസ്ഥാനത്തെ ഉപേക്ഷിക്കുക സാധ്യമല്ലെന്നും മലങ്കരസഭയുടെ ആരാധനക്രമവും കത്തോലിക്കാസഭയുടെ സംവിധാനവും ചേർന്നുണ്ടാകുന്ന മനോഹാരിത അത്യാകർഷകമായിരിക്കുമെന്നും ഇതിൽ സമത്ഥിച്ചിരിക്കുന്നു.

## 3. യാക്കോബായസഭയും റീശുപാത്രീയർക്കീസും

വി. പത്രോസിൻെറ പരമാധികാരം, വി. പത്രോസിൻെറ സിംഹാസനം, മാർപ്പാപ്പായുടെ ആധിപത്യം എന്നിവയെക്കുറിച്ചുള്ള യാക്കോബായ സഭാറിക്കാർട്ടുകളത്രേ ഇവിടെ ഫാ. തോമസ് ഇഞ്ചെക്കലോടി നിരത്തിയിട്ടുള്ളതു്.

## 4. കത്തോലിക്കാസഭയിൽ ഞാൻ ചേർന്നത് എന്തുകൊണ്ട്

തൻെറ പുനരൈക്യവിവരം സുഹൃത്തുക്കളെ മനസ്സിലാക്കാൻ വേണ്ടി വി. സി. ഗീവറുഗീസ് കോർഎപ്പിസ്കോപ്പാ പ്രസിദ്ധീകരിച്ചതാണിതു്. "വി. പത്രോസിൻെറ പരമാധികാരവും സിംഹാസനവും" എ

www.malankaralibrary.com



ന്ന പേരിൽ രണ്ടു വാല്യമുള്ള കൃതിയും കോർ എപ്പി സ്ക്കോപ്പായുടേതായി എടുത്തു പറയേണ്ടതാണ്.

റവ. ഡോ. സി. എ. എബ്രഹാമിന്റെ "അന്ത്യോക്യായിൽനിന്നു കോട്ടയംവഴി റോമിലേക്ക്" ഫാ. റ്റി. വി. ജോണിന്റെ "മലങ്കരസഭയുടെ ഭാവി", ചേപ്പാട്ടു പീലിപ്പോസ് റമ്പാന്റെ നിരവധി പ്രബന്ധങ്ങൾ, സി. ഇ. ജി. ലഘുപത്രികകൾ, ഈ ലേഖകന്റെ "ഐക്യത്തിന്റെ വിളി", അന്ത്യോക്യയോ റോമയോ? തുടങ്ങിയവ ഈ ഇനത്തിൽ പെട്ടവയാണ്.

## ചരിത്ര കൃതികൾ

### 1. ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്

(ജീവചരിത്രം) രണ്ടു ഭാഗം, by ഫാ. തോമസ് ഇഞ്ചയ്ക്കലോടി.

രണ്ടു ഭാഗങ്ങളായി തിരിച്ചിട്ടുള്ള ഈ വലിയ ജീവചരിത്രത്തിന്റെ ഒന്നാം ഭാഗത്തു മാർ ഈവാനിയോസിന്റെ ജനനം മുതൽ പുനരൈക്യം വരെയുള്ള സംഭവങ്ങളും രണ്ടാം ഭാഗത്ത് പുനരൈക്യം മുതൽ മരണം വരെയുള്ള വസ്തുതകളും ഉൾപ്പെടുത്തിയിരിക്കുന്നു. പുനരൈക്യപ്രസ്ഥാനത്തിന്റെ ചരിത്രമായി ഇതിനെ ഗണിക്കുമെങ്കിൽ ആ മഹാസംഭവത്തിനു കളമൊരുക്കിയ സാമുദായിക പശ്ചാത്തലം ഒന്നാം ഭാഗത്തിലും ആ പ്രസ്ഥാനത്തെ മുളയിലെ നുള്ളിക്കളയാൻ തക്കം പാർത്തുകൊതിച്ചുനീങ്ങിയ എതിർപ്പുകളുടെ പരമ്പരകൾ രണ്ടാം ഭാഗത്തിലും കാണാം. അബ്ദുള്ളാ ബാവയുടെ ആഗമനം, വട്ടശ്ശേരിയിൽ മാർ ദീവന്യാസ്യോസിനേററ

www.malankaralibrary.com



മുടക്കശിക്ഷ, കാതോലിക്കാ സിംഹാസനസ്ഥാപനം, ബഥനിയുടെ തുടക്കം, കാതോലികപുനരൈക്യാലോചനകൾ, തുടങ്ങിയവയുടെ ഹൃദയസ്പൃക്കായ ചിത്രങ്ങൾ ഒന്നാംഭാഗത്തുള്ളപ്പോൾ പാശ്ചാത്യ പര്യടനം, സ്പെൻമാൻ, ട്രൂമാൻ, ചെസ്ററർട്ടൻ തുടങ്ങിയവരുമായുള്ള അടുപ്പം, സർ സി. പി; പനമ്പള്ളി എന്നിവരുമായുള്ള ഏററുമുട്ടൽ ആദിയായ വിവരണം രണ്ടാംഭാഗത്തും ചേർത്തിരിക്കുന്നു.

## 2. കേരളത്തിലെ ക്രൈസ്തവ സഭകൾ

കത്തോലിക്കാ. യാക്കോബായ, ഓർത്തഡോക്സ്, നെസ്തോറിയൻ, മാർത്തോമ്മാ, ആംഗ്ളിക്കൻ, ബ്രദറൻ, പെന്തിക്കൊസ്ത, രക്ഷാസൈന്യം, സാബത്തുമിഷൻ, അഞ്ചരവേദം, ഇവാൻജലിക്കൽ, തോഴിയൂർ, റസ്സൽ എന്നിങ്ങനെ കേരളത്തിലുള്ള വിവധ സഭകളുടെ ഉത്ഭവം, വളർച്ച, വിശ്വാസവിഷയങ്ങൾ, ആധുനികസ്ഥിതി തുടങ്ങിയവ സമഗ്രമായി ഇതിൽ വിശദീകരിക്കുന്നു. കേരളത്തിലെ പുരാതനസഭ, ഉദയമ്പേരൂർ സൂന്നഹദോസ്, കൂനൻ കരിശു സത്യം എന്നീ വിഷയങ്ങൾക്കു അർഹമായ സ്ഥാനം കൊടുത്തിട്ടുണ്ട്. ഫാദർ തോമസ് ഇഞ്ചയ്ക്കലോടിയുടെ ഈ ഗ്രന്ഥത്തിനു ഹൃദ്യമായ സ്വാഗതം കേരളജനത നല്കിയെന്നതിനു തെളിവത്രേ 1952-ലെ ഒന്നാം പതിപ്പിനെ തുടർന്നു 55-ലും 62-ലും പുതിയ പതിപ്പുകൾ ആവശ്യമായി വന്നത്.

## 3. മാർത്തോമ്മാ ശ്ളീഹായുടെ സിംഹാസനം

മലങ്കര സഭൈക്യം കേന്ദ്രബിന്ദുവാക്കിയിട്ടുള്ള ഒ

www.malankaralibrary.com



രു കേരളസഭാചരിത്രമത്രേ ഫാ. ജോൺ കോന്നിയ്യരിൻെറ വിദഗ്ദ്ധതൂലിക സംഭാവന ചെയ്തിട്ടുള്ള മാർത്തോമ്മാശ്ലീഹായുടെ സിംഹാസനം''. മലങ്കരസഭയുടെ ശൈശവകാലം, കൂനൻകുരിശുസത്യത്തിനു വഴി തെളിച്ച ഘടകങ്ങൾ, കൂനൻകുരിശിനുശേഷമുള്ള പുത്തൻകൂർ, പുത്തൻകൂറും യാക്കോബായ ബന്ധവും, പ്രോട്ടസ്റ്റൻറ് മിഷനറിപ്രവർത്തനവും പരിണത ഫലങ്ങളും, അബ്ദുള്ളാബാവായുടെ ആഗമനവും അനന്തര സംഭവങ്ങളും, പുനരൈക്യപരിശ്രമങ്ങൾ, മാർ ഈവാനിയോസിൻെറ പുനരൈക്യം, പുനരൈക്യപ്രസ്ഥാനപുരോഗതി തുടങ്ങിയ വിഷയങ്ങൾ ഇതിൽ സമർത്ഥമായി പ്രതിപാദിച്ചിട്ടുണ്ട്.

## 4. പുനരൈക്യ രേഖകൾ

പിളർപ്പിനെത്തുടന്ന് കേരളസഭ നടത്തിയ ഐക്യസംരംഭങ്ങളുടെ ചരിത്രവസ്തുതകൾ സമാഹരിക്കുകയാണ് ഫാ. സിൽവസ്റ്റർ ഒ. ഐ. സിയുടെ ''പുനരൈക്യരേഖകൾ'' എന്ന കൃതിയിൽ. ഒന്നാം മാർത്തോമ്മ, നാലാം മാർത്തോമ്മാ, അഞ്ചാം മാർത്തോമ്മാ, മാർ ദീവന്ന്യാസ്യോസ് ഒന്നാമൻ, പുലിക്കോട്ടിൽ മാർ ദീവന്ന്യാസ്യോസ്, കണ്ടനാട്ടു മാർ ഈവാനിയോസ് എന്നിവരുടെ പുനരൈക്യശ്രമങ്ങളും ബഥനിയുടെ മാർ ഈവാനിയോസ്, ജോസഫ് മാർ സേവേറിയോസ് തോമസ് മാർ ദീയസ്കോറോസ്, പൗലൂസ് മാർ പീലക്സിനോസ് എന്നിവരുടെ പുനരൈക്യവും സംബന്ധിച്ച ചരിത്രരേഖകൾ ഇതിൽ കാണാം.

ചേപ്പാട്ടു പീലിപ്പോസ്റമ്പാൻെറ ''പൂർവ്വകാലസ്മരണകൾ'', ശ്രീ എ. പീലിപ്പോസിൻെറ ''ആത്മകഥ'',

www.malankaralibrary.com



ശ്രീ വി. ഒ. വറുഗീസ് മല്ലപ്പള്ളിയുടെ "ജോസഫ് മാർ സേവേറിയോസ്", ഫാ. ജേക്കബ് ഞായല്ലൂരി ന്റെ "ആർച്ചുബിഷപ്പ് മാർ ഗ്രീഗോറിയോസ്", ഈ ലേഖകന്റെ "മോൺസിഞ്ഞോർ വടശ്ശേരി", ആദർശ ദീപങ്ങരം", കണ്ണു തുറപ്പിച്ച വട്ടിപ്പണം" എന്നിവയും കേരള ക്രൈസ്തവൈക്യ പ്രസ്ഥാനത്തിന്റെ ചരിത്രാം ശങ്ങരം ഉരംക്കൊള്ളുന്നവയാണ്.

## 5. എക്യുമെനിസ മനോഭാവ കൃതികൾ

ഒന്നും രണ്ടും ഘട്ടങ്ങളിലെ കൃതികരം തമ്മിൽ ശൈ ലിയിലും പ്രമേയത്തിലും ചില അന്തരങ്ങളുണ്ട്. സം വാദാത്മകശൈലിയാണ് ആദ്യഘട്ടകൃതികളിലേത്; സമൂഹത്തെ ആകമാനം കണക്കിലെടുത്തും മലങ്കര യുടെ വ്യക്തിത്വം സംരക്ഷിച്ചുംകൊണ്ടുള്ള സഭൈക്യമാ യിരുന്നു അവയിലെ വിഷയം. മോൺ. വടശ്ശേരിയു ടെയും മററും വരവോടെ രീതിമാറി. വിവാദാത്മക ശൈലി വന്നു. സത്യം വെളിപ്പെടുത്താനുള്ള ആവേശ ത്തിൽ സ്നേഹം പലേടത്തും മുറിപ്പെട്ടു വീണു. സാർവ ലൗകിക കത്തോലിക്കാ വിജയഭേരിത്വ (triumphalism) മനോഭാവത്തിന്റെ മറവിൽ മലങ്കരയുടെ വ്യ ക്തിത്വം പ്രകാശിപ്പിക്കാൻ മറന്നുപോയി. സഭൈക്യ മെന്നതിനേക്കാരം പുനരൈക്യമെന്നതിലേക്കു ശ്രദ്ധ തി രിഞ്ഞു.

സഭൈക്യപ്രധാനമായ ആദ്യകാലകൃതികരം ലഭ്യ മല്ലാതായി; പ്രസ്ഥാനത്തിന്റെ ആവിർഭാവത്തെക്കുറി ച്ചുള്ള ശരിയായ ധാരണ അങ്ങനെ കുറഞ്ഞു. പുനരൈ ക്യപ്രധാനമായ കൃതികളിൽ നിന്നായിരുന്നു ഇന്നുള്ളവ

www.malankaralibrary.com



ക്കു കുറെയെങ്കിലും അറിവു ലഭിച്ചത്; ഇതര പുനരൈക്യങ്ങളിൽനിന്നു വ്യതിരിക്തമാണ് മലങ്കരയിലെ സഭൈക്യമെന്നു തന്മൂലം അവർക്കൊട്ടു മനസ്സിലായതുമില്ല. അതുമൂലം അഭിനവമായ എക്യുമെനിസത്തിന്റെ വെളിച്ചത്തിൽ മാർ ഈവാനിയോസിന്റെ പ്രസ്ഥാനത്തിനു പ്രസക്തിയില്ലെന്നുവരെ ചിലർ ആരോപിച്ചു. "എക്യുമെനിസം'' എന്ന ഈ ലേഖകന്റെ പുസ്തകം ഈ സന്ദർഭത്തിലാണാവിർഭവിച്ചത്.

എക്യുമെനിസനവോത്ഥാനം, ഡയലോഗ്ഗുമനോഭാവം, എക്യുമെനിസ ചിന്തകന്മാർ, എക്യുമെനിസവും പുനരൈക്യവും എന്നീ വിഷയങ്ങൾ സമഗ്രമായി പ്രതിപാദിക്കുന്ന ഇക്കൃതിയിൽ മലങ്കരസഭൈക്യത്തെ പ്രത്യേകം കണക്കിലെടുക്കയും ഇതര പുനരൈക്യങ്ങളിൽനിന്നുള്ള വ്യതിരിക്തത അതിനെ എക്യുമെനിസവുമായി അടുപ്പിക്കുന്നുവെന്നു സമർത്ഥിക്കയും ചെയ്യുന്നു. റൈററ് റവ. ഡോ. സിറിൽ മാർ ബസേലിയൂസ് തിരുമനസ്സുകൊണ്ട് ഇതിനെക്കുറിച്ചു പറയുന്നു: "... അർഹമായ രീതിയിൽ ഇന്നുവരെ ചർച്ച ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു വസ്തുത എക്യുമെനിസ ചിന്തകന്മാർക്കു തുറന്നു കാട്ടിയെന്നതു് ഈ ഗ്രന്ഥത്തിന്റെ ഒരു സവിശേഷതയാണ്. അതുമൂലം എക്യുമെനിസ ചിന്തകന്മാരുടെ നിരയിലേക്കു കടന്നുവരുന്നതിനുള്ള അർഹതയും ബ. കിളിച്ചിമലയച്ചനു ലഭിച്ചിരിക്കുന്നു. ആഗോള സഭയിൽ നടക്കുന്ന എക്യുമെനിസ പ്രവർത്തനങ്ങളുമായി മലങ്കരയെ ബന്ധിപ്പിക്കുന്നതിനും ഈ നവചൈതന്യത്തിനു രൂപംകൊടുത്തു പരിപോഷിപ്പിക്കുന്നതിൽ മലങ്കര കത്തോലിക്കാസഭ വഹിച്ച പങ്ക് എടുത്തു കാട്ടുന്നതിനും പ്രകടിപ്പിക്കുന്ന ശ്രദ്ധയും കഴിവുമാണ് ഗ്രന്ഥ

www.malankaralibrary.com



കാരനെ എക്യുമെനിസ ചിന്തകന്മാരുടെ നിരയിലേക്കു ഉയർത്തുന്നതു്."

"മലങ്കര കത്തോലിക്കാസഭയും ലക്ഷ്യബോധവും", "വട്ടശ്ശേരിൽ മാർ ദീവന്ന്യാസ്യോസും ബഥനിയുടെ മാർ ഈവാനിയോസും" തുടങ്ങിയ പ്രബന്ധങ്ങളിലൂടെ ഈ ലേഖകൻ അവതരിപ്പിക്കുന്ന ആശയവും ഇതുതന്നെയാണു്.

ആശയപ്രചാരണത്തിലുള്ള മാന്ദ്യം മലങ്കര സഭൈക്യത്തെ ചെറിയതോതിലല്ല ബാധിക്കുന്നതു്. ഉത്തമ ഗ്രന്ഥങ്ങൾ പുനപ്രകാശനം ചെയ്യുന്നതിനും അവസരോചിതങ്ങളായ പുതിയ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും പോരുന്ന കരുത്തുററ പ്രസിദ്ധീകരണശാലയും അവയ്ക്കു പ്രചാരണം നല്കുന്നതിനു് ഇടവകതോറും ലൈബ്രറിയും ഇന്നത്തെ അടിയന്തിരാവശ്യമാണു്.

* * *

www.malankaralibrary.com

# X

## അന്ത്യോക്യ പോരേ ?

''അന്ത്യോക്യയ്ക്കല്ലേ പ്രാഥമ്യം? പിന്നെ, എന്തിനു റോമ്മയുടെ അധീശത സമ്മതിക്കണം ?'' ഒന്നല്ല, രണ്ടല്ല, ഇന്നാട്ടിലെ പ്രമുഖർ പലർ ഉന്നയിക്കുന്ന പ്രശ്നമാണത്.

ഒരുത്തരും നിഷേധിക്കയില്ല അന്ത്യോക്യയുടെ പ്രത്യേകതകൾ. സമസ്തസുറിയായുടെ തലസ്ഥാനമാണാ നഗരി. പൗരസ്ത്യരാജ്യങ്ങളുടെ രാജ്ഞിയായി ആ പട്ടണം അറിയപ്പെട്ടു. പ്രകൃതിയും കലാവിദ്യകളും അവിടെ ഒത്തിണങ്ങി. ആദിമക്രൈസ്തവചരിത്രത്തിലെ കനപ്പെട്ട ഒരു ഭാഗത്തിന്റെ ഉടമസ്ഥത അവൾക്കുണ്ട്. വി. പത്രോസിന്റെ പാദസ്പർശത്താൽ അവിടം അനുഗ്രഹീതമായി. ക്രിസ്തുമതത്തിനു ആ നഗരത്തിൽ പ്രചുരപ്രചാരം ലഭിച്ചു. ''ക്രിസ്ത്യാനികൾ'' എന്ന സംജ്ഞ ആദ്യമായി ലഭിച്ചതു് അവിടെവച്ചത്രേ. ക്രിസ്തുവിനു വേണ്ടി ജീവൻ ബലികഴിച്ച വീരയോദ്ധാക്കൾ അവിടെയുണ്ടായിട്ടുണ്ടു്. പുകൾപെററ ഒരു വേദാന്തവിദ്യാലയം ആ പ്രദേശത്തിന്റെ കീർത്തി വളത്തി. സ്വർണ്ണനാവുകാരൻ ഈവാനിയോസ് തുടങ്ങിയർ ആ വിദ്യാലയത്തിൽനിന്നാണു പുറത്തിറങ്ങിയതു്.

www.malankaralibrary.com



അന്ത്യോക്യാപ്പട്ടണത്തിന്റെ പ്രത്യേകതകൾ സമ്മതിക്കുന്നതോടൊപ്പം ക്രിസ്തുമതത്തിന്റെ മററു ചില മൗലികസത്യങ്ങളും മറന്നുകൂടാ.

## പത്രോസ് തലവനല്ലേ?

അന്ത്യോക്യയുടെ പ്രാമുഖ്യം വാദിക്കുന്നവർ പത്രോസിന്റെ പ്രത്യേക സ്ഥാനത്തെ എതിർക്കുന്നതു് "തലമറന്നു എണ്ണതേക്ക"ലാണു്. "ആങ്ങള ചത്താലും നാത്തൂന്റെ ദുഃഖം" അഭിലഷിക്കുന്നവരുണ്ടല്ലോ. അത്തരക്കാർ സഭയിലും ഇല്ലാതില്ല. അവർ പത്രോസിന്റെ പ്രാധാന്യം നിഷേധിക്കുന്നു. കാര്യം പറഞ്ഞാൽ പ്രോട്ടസ്റ്റൻറുകാരുടെ ഒരാശയമാണിതു്. യാക്കോബായ സഭയുടെ അടിത്തറസ്സു കോടാലിവയ്ക്കുന്നതാണു പ്രസ്തുത ആശയം. സ്വന്തം സമുദായത്തെക്കുറിച്ചുള്ള കടുത്ത അജ്ഞതയ്ക്കു ഒന്നാന്തരം സാമ്പിളത്രേ ആ സമുദായക്കാർ പത്രോസിന്റെ ശ്രേഷ്ഠത്വം നിഷേധിക്കുന്നുവെന്ന കാര്യം. ഇതു വ്യക്തമാക്കാം. ചില രേഖകൾ ഇവിടെ നിരത്തിവയ്ക്കുന്നു. യാക്കോബായ സഭയുടെയും ഓർത്തഡോക്സു് സഭയുടെയും ഔദ്യോഗിക പ്രാർത്ഥനകളും മററു ചില രേഖകളുമാണു താഴെ ചേർക്കുന്നതു്.

### a) ഔദ്യോഗികപ്രാർത്ഥനകൾ

1. "അൽഹോയ് കീപ്പൊദ് ബസ് ശിമയോൻ റീശ്തൽമിദെ" എന്ന സുറിയാനി പ്രാർത്ഥനാഗാനം. പ്രസ്തുത ഗാനത്തിൽ തിരുസ്സഭ സ്വയം പ്രശംസിക്കുന്നു: "ശിഷ്യന്മാരുടെ തലവനായ ശിമയോൻ പാറമേൽ പണിയപ്പെട്ടിരിക്കുന്നതിനാൽ ഞാൻ ഭയപ്പെടുകയില്ല.

www.malankaralibrary.com



ശപിക്കപ്പെട്ടവനായ നെസ്തോറിനോടു ഞാൻ യുദ്ധം ചെയ്തു. അവൻ വീണുപോകയാണു ചെയ്തതു്.'' 1

2. ''ശ്ലീഹന്മാരുടെ ഗണത്തിന്റെ തലവനും വിശുദ്ധ സഭയുടെ അടിസ്ഥാനവുമായ ശിമയോൻ കീപ്പാ ............'' 2

3. ''ശ്ലീഹന്മാരുടെ തലവനായ ശിമയോനു വലിയ ഭാഗ്യം. അവനെ നമ്മുടെ രക്ഷിതാവു സഭയുടെ അടിസ്ഥാനമാക്കിവച്ചു. എന്റെ ആടുകളേയും കുഞ്ഞാടുകളേയും പെണ്ണാടുകളേയും മേയിക്ക എന്നു് അവനോടു പറയുകയും ചെയ്തു.'' 3

4. ''നമ്മുടെ രക്ഷിതാവു ശിമയോനെ കണ്ടു. ശ്ലീഹന്മാരുടെ തലവനായി അവനെ നിയമിച്ചു. തന്റെ ഇടവകയെ മേയിപ്പാനായി അവനോടാജ്ഞാപിച്ചു.'' 4

5. ''ദീർഘദർശിമാരുടെ തലവനായ മൂശയേയും ശ്ലീഹന്മാരുടെ തലവനായ ശിമയോനെയും ശില്പിയായ പൗലോസിനേയും ഓർക്കുക.'' 5

6. ''പഴയനിയമത്തിന്റെ തലവൻ മൂശയും പു

---

1 ശുബഹൊ നമസ്കാരം പുറം 174

2 പെങ്കീസാ നമസ്കാരം, പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ പെരുന്നാൾദിവസത്തേക്കുള്ള പ്രാർത്ഥന

3 Ibid,. സന്ധ്യാപ്രാർത്ഥന

4 Iibid,. രാത്രിപ്രാർത്ഥന

11 5 ശുബഹൊനമസ്കാരം തിങ്കൾ, രാത്രി പുറം 25

www.malankaralibrary.com



തിയനിയമത്തിൻെറ തലവൻ ശിമയോനമാകുന്നു. മൂശ സഭയിൽ കൂടാരത്തെ പണിതു. കർത്താവേ, പഴയനിയമത്തിലും പുതിയനിയമത്തിലും നീ സ്തുതിക്കപ്പെട്ടവനാകട്ടെ.'' 6

## b) യാക്കോബായ പണ്ഡിതൻമാർ പറയുന്നു

1 ബാർ എബ്രായാ:

''നമ്മുടെ രക്ഷിതാവു വി. പത്രോസിനെ ശ്ലീഹന്മാരുടെ തലവനായിട്ടു സ്ഥാപിക്കുകയും അദ്ദേഹത്തിനു സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകറം കൊടുക്കുകയും ചെയ്തു.'' 7

2 പരേതനായ മാർ ദീവന്യാസിയോസ് മെത്രാപ്പോലീത്താ:

''ശ്ലീഹന്മാരുടെ തലവനായ ശിമയോനോടു കർത്താവു ആചാര്യസ്ഥാനത്തെപ്പററി കല്പിച്ചിട്ടുള്ളതു് എത്രയോ ആഗ്രഹിക്കത്തക്കതും കൗതുകാവഹമായിട്ടുള്ളതുമാകുന്നു. ഞാൻ നിന്നെ പ്രധാനകലവറക്കാരനാക്കിയിരിക്കുന്നു. സ്വർഗ്ഗത്തിൻേറയും ആഴത്തിൻേറയും താക്കോലുകളെ ഞാൻ നിനക്കു തരുന്നു. നീ കെട്ടുന്നതിനെ ഞാൻ കെട്ടിക്കൊള്ളാം. നീ എന്തെങ്കിലും അഴിച്ചാൽ അതു അഴിച്ചതുതന്നെ ആയിരിക്കും.'' 8

---

6 ശ്ഹീമാ നമസ്കാരക്രമം പുറം 116

7 Greg. Bar Hebreus in Chronic Col. Vat.

8 വേദാദ്ധ്യാപകൻ മാസിക, 1093 ലക്കം 7

www.malankaralibrary.com



### c) "ശൽമൂസാ" ഉടമ്പടി

പാത്രിയർക്കീസന്മാരുടേയും മെത്രാന്മാരുടേയും സ്ഥാനാഭിഷേകവേളയിൽ എഴുതിവയ്ക്കുന്നതാണ് ശൽമൂസാ ഉടമ്പടി. പ്രസ്തുത ഉടമ്പടിയിൽ പറയുന്നു: "...വാഗ്ദത്തത്തെ ഞാൻ ഭേദപ്പെടുത്തി, അനുസരണക്കേട് കാണിക്കുന്നതായ ആ ദിവസത്തിൽ ശ്ലീഹന്മാരുടെ തലവനായ വി. പത്രോസിൻെറ വായാലും അവൻെറ സഹോദരന്മാരായ പതിനൊന്നുപേരുടെ വായാലും..."

### d) യാക്കോബായപാത്രിയർക്കീസിൻെറ കല്പന

അന്ത്യോക്യായാക്കോബായ പാത്രിയർക്കീസ് എഴുതുന്ന കല്പനകൾ ആരംഭിക്കുന്നത് താഴെ ചേർക്കുന്ന വിധത്തിലാണ്: "ശ്ലീഹന്മാരുടെ തലവനായ പരിശുദ്ധനായ മാർ പത്രോസിൻെറ സിംഹാസനത്തിന്മേൽ വാഴുന്ന അന്ത്യോക്യയുടെയും കിഴക്കൊക്കെയുടെയും പാത്രിയർക്കീസ്..."

വി. പത്രോസിൻെറ ശ്രേഷ്ഠതയെക്കുറിച്ചു യാക്കോബായസഭയുടെ പഠിപ്പിക്കൽ വ്യക്തമാക്കുവാൻ ഇതിലധികം തെളിവുകൾ ആവശ്യമില്ല.

### *വി. പത്രോസിൻെറ സിംഹാസനം എവിടെ?*

ആദ്യം ജെറുസലേമിൽ സുവിശേഷം പ്രസംഗിച്ചു; യാക്കോബിനെ പിൻഗാമിയാക്കി; അന്ത്യോക്യയായിരുന്നു അടുത്ത പ്രവർത്തനരംഗം, അവിടെ ഏഴു വർഷം ഭരിച്ചു, എവുദ്യോസിനെ വാഴിച്ചു; അന്ത്യോക്യയിൽ

www.malankaralibrary.com



നിന്നു റോമിലേക്കു പോയി, അവിടെ രക്തസാക്ഷിത്വം വരിച്ചു—വി. പത്രോസ്ശ്ലീഹായുടെ പ്രേഷിത പ്രവർത്തനസംഗ്രഹമായി.

പത്രോസിൻെറ റോമാപ്രവേശനത്തെ പല യാക്കോബായക്കാരും എതിർക്കുന്നു. സ്വന്തം സഭയുടെ പ്രബോധനത്തെക്കുറിച്ചുള്ള നഗ്നമായ അജ്ഞതയാണ് ഇവിടെയും വെളിപ്പെടുത്തുക. വി. പത്രോസിൻെറ റോമാപ്രവേശനത്തെ, സിംഹാസനസ്ഥാപനത്തെ വെളിപ്പെടുത്തുന്ന യാക്കോബായ രേഖകളിൽ ചിലവ താഴെ ചേർക്കുന്നു.

## a) ഔദ്യോഗികപ്രാർത്ഥനകൾ

1. ''വീച്ചുകാരനായ ശിമയോനെ മിശിഹാ വീശി. മീനിനുപകരം മനുഷ്യരെ ജീവങ്കലേക്കു വീശിയെടുപ്പാനായിട്ടുതന്നെ. അദ്ദേഹം തൻെറ വല റോമ്മായിൽ വിരിച്ചു. അതിൻെറ ക്രൗര്യത്തെ നീക്കി, അതിൻെറ സിംഹത്വത്തെ കുഞ്ഞാടുപോലെയാക്കി, അതിനെ തിരുസ്സഭയിൽ പ്രവേശിപ്പിച്ചു.''9

2. ''ശ്ലീഹന്മാർ സുവിശേഷം പ്രസംഗിക്കുവാൻ പുറപ്പെട്ടപ്പോഴം ചിട്ടിയിട്ടു. അതിൻപ്രകാരം നാലുഭാഗത്തേക്കും പുറപ്പെട്ടു. ശിമയോൻ റോമ്മായിലെത്തി. തോമ്മാശ്ലീഹ ഇന്ത്യയിലും, തിരഞ്ഞെടുക്കപ്പെട്ടവനായ യോഹന്നാൻ എഫേസൂസിലും.... എത്തി. അവരുടെ

9 പെങ്കീസാ, പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാരം, പ്രഭാതപ്രാർത്ഥന, ''ശിമയോൻ ഹൗസായോംഭോ'' എന്ന ഗീതം.

www.malankaralibrary.com



പ്രാർത്ഥന ഞങ്ങറംക്കു കോട്ടയും അഭയസ്ഥാനവുമായിരിക്കട്ടെ.''10

3. ''ശിമയോൻ റോമ്മയിലേക്കു അയയ്ക്കപ്പെട്ടു. യോഹന്നാൻ എഫേസൂസിലേക്കും, തോമ്മാ ഇന്ത്യയിലേക്കും......''11

4. ''വി. മാതാവിൻെറ സംസ്കാരത്തിനായി വി. പത്രോസ് റോമ്മയിൽനിന്നും തോമ്മാ ഇന്ത്യയിൽനിന്നും... വന്നെത്തി.''12

## b) ഔദ്യോഗികഗ്രന്ഥങ്ങൾ

1. ''പന്ത്രണ്ടു ശ്ലീഹന്മാർ'' എന്ന യാക്കോബായ ഗ്രന്ഥത്തിൽ പറയുന്നു: ''വി. പത്രോസ് അന്ത്യോക്യയിൽച്ചെന്നു ഏഴുസംവത്സരം താമസിച്ചു സഭയെ ഭരിച്ചു. അവിടെ വിശുദ്ധ സിംഹാസനം ഉറപ്പിച്ചശേഷം എവുദ്യോസിനെ മേലദ്ധ്യക്ഷനായി വാഴിച്ചുകൊണ്ടു താൻ റോമ്മായിലേക്കുപോയി. രണ്ടാമത്തെ ലേഖനം റോമ്മായിൽവച്ചു തൻെറ മരണത്തിനു അല്പംമുമ്പായി താൻ എഴുതി.''13

2. ''മലങ്കരസുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം'' എന്ന ഗ്രന്ഥത്തിൽ യാക്കോബായ ചരിത്രകാരനായ ഇട്ടൂപ്പ് റൈട്ടർ എഴുതുന്നു:

---

10 വലിയ സുറിയാനി കർബ്ബാനക്രമം, പുറം 242, ''കെഗ്‌ദേൻ നഫ്‌ക് ശ്ലീഹെ'' എന്നു തുടങ്ങുന്ന ഗീതം.

11 പെങ്കീസാ നമസ്കാരക്രമം, പെന്തിക്കുസ്താ തിരുനാറം രാത്രി 2-ാംകൗമാ.

12 പെങ്കീസാ ശൂനോയോ തിരുനാളിൻെറ രാത്രിപ്രാർത്ഥന.

13 പന്ത്രണ്ടുശ്ലീഹന്മാർ എന്ന ഗ്രന്ഥം

www.malankaralibrary.com



''റോമ്മായിലുള്ള ക്രിസ്ത്യാനികളെ ചില ഇടത്തുട്ടകാം പഠിപ്പിക്കുന്നുവെന്ന വത്തമാനംകേട്ട വി. പത്രോസ് അവിടെയെത്തി. അവിടെ തൽക്കാലമുണ്ടായ ഇടത്തുടിനെ നീക്കി ലീനോസ് എപ്പിസ്കോപ്പായെ സഭാകാര്യങ്ങളെ വിചാരിപ്പാൻ നിശ്ചയിച്ചു. അവിടെവച്ചു പൗലോസ്ശ്ലീഹായെപ്പോലെതന്നെ ക്രിസ്തുാബ്ദം 64-ൽ മരണത്തിൻെറ കിരീടത്തെ പത്രോസ് ശ്ലീഹായും ഏററു.''14

## c) യാക്കോബായ പണ്ഡിതൻമാർ

### 1. മൂശെ ബർ കീഷോ രേഖപ്പെടുത്തുന്നു:

''കേപ്പാ അതായതു പത്രോസെന്നു വിളിക്കപ്പെട്ടന്ന ശിമയോൻ ബർയോനാ, ശ്ലീഹന്മാരുടെ പ്രഭു, റോമ്മായിലേക്കുപോയി അവിടെ ഒരു സഭയെ സ്ഥാപിച്ചു. അതിനെ ശ്ലീഹന്മാരുടെ പ്രഭുവിൻെറ സിംഹാസനമാക്കുകയും അതിലിരുന്നു 25 വർഷത്തോളം ഭരണം നടത്തുകയും ചെയ്തു.''15

### 2. ബാർ എബ്രായാ:

''ദൈവത്തിൻെറ മാലാഖാ കാരാഗൃഹത്തിൽനിന്നും പത്രോസിനെ പുറപ്പെടുവിച്ചശേഷം താൻ ഊർശ്ലേമിൽനിന്നും പുറപ്പെട്ടു ശിഷ്യപ്പെട്ടത്തിക്കൊണ്ടു രണ്ടു

---

14 ഇട്ടൂപ്പ് റൈട്ടർ, മലങ്കര സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം, പുറം 21

15 Moses Bar kaipo: de dedicatione Eccl. Homil. I. Cod. Vat.

www.malankaralibrary.com



വർഷം വഴിയാത്രയിൽ കഴിച്ചു. അനന്തരം അന്ത്യോക്യയിലേക്കു വന്നു. അവിടെ സഭയ്ക്കു അടിസ്ഥാനമിടുകയും മദ്ബഹാ സ്ഥാപിക്കുകയും ഒന്നാമത്തെ എപ്പിസ്ക്കോപ്പായായി ഔദിയോസിനെ അവിടെ നിയമിക്കുകയും ചെയ്തു. അവിടെനിന്നു റോമ്മായിലേക്കുപോയി അവിടെ 25 വത്സരം മെത്രാനായി ഭരിച്ചു.16

3. മാർ യൂലിയോസ്:

കേരളത്തിലെ അന്ത്യോക്യാ പ്രതിനിധി മാർ യൂലിയോസ് സമുദായക്കേസിൽ മൊഴികൊടുക്കുന്നു: ''......അന്ത്യോക്യാസിംഹാസനവും റോമ്മാസിംഹാസനവും പത്രോസിൻെറ സിംഹാസനമാണ്......റോമ്മായിലെ സഭയുടെ ആദ്യസ്ഥാപകൻ വി. പൗലോസാണ്. എന്നാൽ, പിന്നീടു വി. പത്രോസ് അവിടെ ചെന്നതിനാലും അദ്ദേഹം അപ്പസ്തോല ശ്രേഷ്ഠനാകയാലും അദ്ദേഹത്തിൻെറ സിംഹാസനമായി റോമ്മാ അറിയപ്പെടുന്നുണ്ട്......പത്രോസ് റോമ്മായിൽവച്ചു മരിച്ച കാലം മുതൽ ഇതറിയപ്പെടുന്നു.''17

ഒന്നുകിൽ പലരും ഈ പ്രസ്പഷ്ടതെളിവുകൾ കാണുന്നില്ല; അല്ലെങ്കിൽ, കണ്ടിട്ടും കണ്ണടയ്ക്കുന്നു. റോമ്മാസിംഹാസനത്തിൻെറ സാധുതയെ ചോദ്യം ചെയ്യാൻ പ്രേരിപ്പിക്കുന്ന കാരണം മറെറന്താണ്?

## *അന്ത്യോക്യ അന്നും ഇന്നും*

''അന്ത്യോക്യാ'' എന്നും ''അന്ത്യോക്യാ പാത്രിയ

16 Bar-Hebraeus, Ed. Klameth

17 പൗരധ്വനി, സമുദായക്കേസ് 117 മിഥുനം 8

www.malankaralibrary.com



ക്കീസ്'' എന്നും കേട്ടാൽ ചിലർ അഭിമാനംകൊണ്ടു വികസിക്കും. യാക്കോബായ മയമാണു അന്ത്യോക്യാ എന്നു് അവർ ധരിച്ചുവശായിരിക്കുന്നു. അന്ത്യോക്യായുടെ സ്ഥിതി യഥാതഥം അവർ അറിയേണ്ടതാണു്. ഒന്നും രണ്ടുമല്ല, ആറു പാത്രിയാക്കീസന്മാരാണു് അന്തോക്യാ സ്ഥാനികളായി ഇന്നുള്ളതു്. താനാണു യഥാർത്ഥഅന്തോക്യാ പാത്രിയർക്കീസെന്നു അവരിൽ ഓരോരുത്തനും വാദിക്കുന്നു. തനി അന്ത്യോക്യായിൽനിന്നു അനേകമൈൽ ദൂരെയാണു ഹോംസ്. അവിടെയാണു ഒരു പാത്രിയർക്കീസ്. അദ്ദേഹത്തിൻെറ കീഴിൽ അവിടെ ഇന്നു 28000 ജനവും 33 പള്ളികളും 40 പട്ടക്കാരുമുണ്ടു്—അതാണു യാക്കോബായ പാത്രിയർക്കീസ്.

ഈ ആറു പാത്രീയക്കീസന്മാരിൽ ആരുടേതാണു് വി. പത്രോസിൻെറ അന്ത്യോക്യാസിംഹാസനം? ഒരു കാര്യം വ്യക്തമാണു്. ആറാംനൂററാണ്ടുവരെ അന്ത്യോക്യായിൽ ഒരു പാത്രിയർക്കീസേ ഉണ്ടായിരുന്നുള്ളൂ. അന്നത്തെ അന്ത്യോക്യാ റോമിൻെറ അധീശത സമ്മതിച്ചിരുന്നു.

(അന്ത്യോക്യായിലെ) വി. ഇഗ്നാത്തിയോസ് (1-ാം നൂററാണ്ടു്), വി. ഇരനേയൂസ് (2-ാംനൂററാണ്ടു്), വി. സിപ്രിയാൻ (3-ാം നൂററാണ്ടു്), വി. ഇറാനിമോസ് (4-ാം നൂററാണ്ടു്), വി. അഗസ്റ്റീനോസ് (5ാം നൂററാണ്ടു്) എന്നിവരെ പരിശുദ്ധപിതാക്കന്മാരായി യാക്കോബായ സഭ സ്വീകരിക്കുന്നു. റോമായുടെ അധീശത ഏററുപറഞ്ഞിട്ടുള്ളവരാണു് ഈ പിതാക്കന്മാരെല്ലാം.

സാർവ്വത്രിക സുന്നഹദോസുകളുടെ എല്ലാം നടപടി

www.malankaralibrary.com



ക്രമം വിളിച്ചറിയിക്കുന്ന റോമ്മാപാത്രിയർക്കീസിന്റെ പ്രാമുഖ്യം. മാർപ്പാപ്പയുടെ പ്രതിനിധി ഓസിയൂസ് മെത്രാനത്രേ നിക്യാസുന്നഹദോസിൽ ആദ്ധ്യക്ഷ്യം വഹിച്ചത്. അദ്ധ്യക്ഷനും മാർപാപ്പയുടെ പ്രതിപുരുഷന്മാരായ രണ്ടു പട്ടക്കാരും ഒപ്പുവച്ചിട്ടേ അലക്സാന്ത്രിയാ, അന്തോക്യാ എന്നീ പാത്രിയർക്കീസന്മാർപോലും സുന്നഹദോസു നിശ്ചയങ്ങൾക്കു ഒപ്പുവയ്ക്കുന്നുള്ളു. കുസ്തന്തീനോസ്പോലീസിലെ സുന്നഹദോസിൽ രണ്ടാം സ്ഥാനത്തിനുവേണ്ടി അലക്സാന്ത്രിയാ കുസ്തന്തീനോസ് പോലീസ് പാത്രിയർക്കീസന്മാർ വാദിക്കുന്നെങ്കിലും റോമിന്റെ ഒന്നാംസ്ഥാനത്തിനെതിരായി ആരും നാവനക്കുന്നില്ല. റോമിന്റെ പ്രാഥമ്യം സ്പടികസ്ഫുടം വ്യക്തമാക്കുന്ന എപ്പേസൂസ് സുന്നഹദോസ്. നെസ്തോർ അബദ്ധം പഠിപ്പിച്ചു. അതിനെക്കുറിച്ചു വിധി കല്പിക്കുവാൻ ക്രൈസ്തവലോകം റോമിന്റെ മുമ്പിൽ മുറവിളി കൂട്ടി. പത്തുദിവസത്തിനകം അബദ്ധം തിരുത്തുന്നില്ലെങ്കിൽ സഭയിൽനിന്നു നെസ്തോർ പുറംതള്ളപ്പെടുമെന്നു റോം വിധിച്ചു. എപ്പേസൂസ് സുന്നഹദോസിനു മാർപാപ്പാ സമ്മതം നല്കി; പ്രതിപുരുഷന്മാരെ അയച്ചു. "സഭയുടെ ഐക്യത്തിൽനിന്നു നെസ്തോർ വേർപെടുത്തപ്പെട്ടിരിക്കുന്നു" എന്ന വിധി റോമ്മായുടെ പ്രതിപുരുഷൻ സുന്നഹദോസിൽ പരസ്യമായി പ്രഖ്യാപിച്ചു. നെസ്തോറിനെ ആദരിക്കുന്നവനായിരുന്നു അന്ത്യോക്യാപാത്രിയർക്കീസ് യോഹന്നാൻ; സുന്നഹദോസ് അദ്ദേഹത്തെ സ്ഥാനഭ്രംശം ചെയ്തു. തെറ്റു തിരുത്തിയപ്പോൾ മാർപാപ്പാ അദ്ദേഹത്തെ മുടക്കിൽനിന്നു വീണ്ടുകൊണ്ടു.

അന്ത്യോക്യായുടെ പരിസരങ്ങളിൽ പോലും വി

www.malankaralibrary.com



ശാസനങ്ങൾ ആവിർഭവിച്ചപ്പോഴും അന്ത്യതീരുമാനം ചെയ്തിട്ടുള്ളതു റോമയത്രെ.

ഒന്നാംശതകം മുതൽ അന്ത്യോക്യാപാത്രിയർക്കീസ് റോമിനു കീഴ്‌വഴങ്ങിയിരുന്നു. ആ സിംഹാസനം ഇന്നും നിലകൊള്ളുന്നു. ആ സിംഹാസനത്തിലെ പാത്രിയർക്കീസായിരുന്ന മാക്സിമൂസ് കൽക്കദോനിയാ സുന്നഹദോസിനു (451) ഒപ്പു വയ്ക്കുന്നുണ്ടു്. ആ സിംഹാസനത്തിൽ യഥാർത്ഥ അന്ത്യോക്യാ പാത്രിയർക്കീസ് വാണുകൊണ്ടിരിക്കവെയാണ് യാക്കോബ് ബുർദാന 543-ൽ ഒരു പുതിയ പാത്രിയർക്കീസിനെ—സർഗിയൂസിനെ—വാഴിച്ചു മർദ്ദീനിൽ അവരോധിക്കുക. അപ്പോഴാണ്, അന്ത്യോക്യായിൽ ആദ്യമായി രണ്ടു പാത്രിയർക്കീസന്മാർ ഉണ്ടാവുക. പുതിയ പാത്രിയർക്കീസ് റോമിനെ സ്വീകരിച്ചില്ല. പഴയ പാത്രിയർക്കീസ് പൂർവ്വനടപടി തുടർന്നു. ഹോംസിലെ യാക്കോബായ പാത്രിയർക്കീസിനു വി. പത്രോസിന്റെ അന്ത്യോക്യാ സിംഹാസനവുമായി എന്തു ബന്ധം?

ലോകമൊക്കെയ്ക്കും വേണ്ടിയുള്ളതാണ്—സാർവ്വത്രികമാണ്—ക്രിസ്തുവിന്റെ സഭ. ഈ തത്വം സമ്മതിക്കുന്നെങ്കിൽ യാക്കോബായ പാത്രിയർക്കീസ് താഴെ പറയുന്നതിലൊന്നു സ്വീകരിക്കണം. ഒന്നുകിൽ, സാർവ്വത്രികസഭയുടെ ആധിപത്യം അവകാശപ്പെടുക, അല്ലെങ്കിൽ, റീശ്ശപാത്രിയർക്കീസിനെ അംഗീകരിക്കുക, ഇവയിലൊന്നും യാക്കോബായ പാത്രിയർക്കീസ് ചെയ്യുന്നില്ല.

പത്രോസിന്റെ യഥാർത്ഥ അന്ത്യോക്യാസിംഹാസനം സഭയുടെ സാർവ്വത്രിക തലവനെ — റീശ്ശപാത്രിയ

www.malankaralibrary.com



ക്കീസിനെ—സ്വീകരിക്കുന്നു; പത്രോസിൻേറതല്ലാത്ത അന്ത്യോക്യാ സിംഹാസനം സാർവ്വത്രികതലവനെ നിഷേധിക്കുന്നു.

സാർവ്വത്രികതലവനോട്ട യോജിപ്പില്ലാത്ത യാക്കോബായ പാത്രിയക്കീസ് മുറിഞ്ഞ ശിഖരമായി കഴിയുന്നു. കാലംചെല്ലുന്തോറും ആ ശിഖരം ഉണങ്ങുകയാണ്. ആരംഭവേളയിൽ, 15 ലക്ഷം ജനം, 1 ലക്ഷം വൈദികർ, 89 മെത്രാന്മാർ ഇവരുടെ അധിപതിയായിരുന്ന ഹോംസു പാത്രിയക്കീസ് ഇന്നു പതിമൂന്നു നൂററാണ്ടുകറാംക്കശേഷം 28000 ജനം, 33 പള്ളി, 40 പട്ടക്കാർ മാത്രമുള്ള ഒരു നേതാവായി തരംതാണിരിക്കുന്നു. ആ മുറിഞ്ഞ ശിഖരം ഇനിയും ഉണങ്ങുകയാണ്.

സഭയുടെ സാർവ്വത്രികത സംരക്ഷിക്കാൻ, ഏകത പാലിക്കാൻ, റീശ്ശപാത്രിയക്കീസിനോടുള്ള ഐക്യം കൊണ്ടേ യാക്കോബായ പാത്രിയക്കീസിനു സാധിക്കൂ. യാക്കോബായ സഭയുടെ ഹൂദായകാനോൻ ഇതു വ്യക്തമാക്കുന്നു; ലോകത്തിൻെറ നാലു ഭാഗങ്ങളുടെ എണ്ണത്തിനൊത്തപോലെ നാലു പാത്രിയക്കീസന്മാർ ഉണ്ടായിരിക്കണം. അവരുടെ എല്ലാവരുടേയും വലിയ തലവൻ റോമ്മായിലെ പാത്രിയക്കീസാകുന്നു. (റീശോറാബോദ് കലഹൂൻ ഹാവ്ദ് റൂമി).18

റീശ്ശപാത്രിയർക്കീസിനെ നിഷേധിക്കാൻ എങ്ങനെ സാധിക്കും ?

## എന്താണു കുഴപ്പത്തിനു ഹേതു?

സഭയുടെ സാർവ്വത്രിക തലവനെ, റീശ്ശപാത്രിയ

18 ഹൂദായകാനോൻ 7–ാം അധ്യായം 1–ാം വാക്യം)

www.malankaralibrary.com



ക്ളീസിനെ, ധിക്കരിച്ച കാരണവവിരുദ്ധസംഘക്കാ ർക്കെല്ലാം സമാധാനക്കേടും നാശവുമായിരുന്നു പരിണതഫലം. യാക്കോബായക്കാർക്കും ഈ കുഴപ്പം പിണഞ്ഞു. ചേപ്പാട്ടു തിരുമേനി, പുലിക്കോട്ടുതിരുമേനി വട്ടശ്ശേരിത്തിരുമേനി തുടങ്ങിയ അതിപ്രഗത്ഭ ഭരണ സാരഥികളുടെ നേതൃത്വം സഭയ്ക്കു ലഭിച്ചു; നിലയും വിലയുമുള്ള വ്യക്തികൾ അവിടെ സമാധാനത്തിനു ഭഗീരഥയത്നം നടത്തി. ഇൻഡ്യാവൈസ്രോയി ഇർവിൻ പ്രഭു, ഗ്രീസിലെ പീററർ രാജകുമാരൻ തുടങ്ങിയവർ ആ സഭയെ നേരെയാക്കാൻ കച്ചകെട്ടി പുറപ്പെട്ടു. പതിനാറിലധികം സമാധാന പരിശ്രമസമ്മേളനങ്ങൾ നടത്തി. പണം വാരിക്കോരി ചെലവഴിച്ചു. എന്നിട്ടും, സഭ അധഃപതനത്തിലേക്കുതന്നെ.

എന്താണീ കുഴപ്പത്തിനു ഹേതു? സാർവ്വത്രിക തലവനെ ധിക്കരിച്ചു എന്ന ഒററക്കാരണവേയുള്ളു. സമാധാനത്തിൻെറ ആ മൂലക്കല്ലുമായുള്ള യോജിപ്പുകൊണ്ടേ സഭയിലെ കുഴപ്പം തീരുകയുള്ളു, അഭിവൃദ്ധി ഉണ്ടാകുകയുള്ളു. യാക്കോബായസഭയുടെ മർമ്മം ഗ്രഹിച്ചിട്ടുള്ള ശ്രീ. ഏ. പീലിപ്പോസ് എം. എ. ബി. എൽ. കാതോലിക്കാ ബാവയ്ക്കെഴുതി: ''തിരുമേനി, ഇപ്പോൾ സഭയിൽകാണുന്ന അനിഷ്ടസംഭവങ്ങൾ ഒരു കാതോലികഐക്യത്തിൻെറ ആവശ്യകതയെ നമ്മെ കാണിക്കാനായി ദൈവം നമ്മെ അടിക്കുന്നതാകുന്നു. നാം അതു കാണുകയില്ല എങ്കിൽ ദൈവം നമ്മെ കൂടുതൽ അടിക്കും.[19] എന്നു്.

---

19 എ. പീലിപ്പോസ് എം. എ. ബി. എൽ, കാതോലിക പുനരൈക്യചിന്തകൾ, കാതോലിക്കാബാവായ്ക്കുള്ള കത്തു്

www.malankaralibrary.com



യഥാർത്ഥ അധികാരിയെ വകവെയ്ക്കാത്തതുമൂലം യാക്കോബായ സഭയ്ക്കു പിണഞ്ഞ ദോഷങ്ങൾ ചൂണ്ടി ക്കാണിച്ചുകൊണ്ടു ശ്രീ. പിലിപ്പോസ് ജഡ്ജി കത്തു തുടരുന്നു: "...........മാർത്തോമ്മാക്കാരോടും പ്രോട്ടസ്റ്റൻറുകാരോടും ഉള്ള കൂടുതൽ സമ്പർക്കംകൊണ്ടു സത്യവിശ്വാസവും അതിനടുത്ത ആചാരങ്ങളും സഭയിൽ കുറഞ്ഞുവരുന്നു. കൂദാശകളിൽ മനുഷ്യർക്കു വിശ്വാസമില്ല. പട്ടക്കാർക്കു ചക്രം വാങ്ങിക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഓരോ കർമ്മങ്ങളായിട്ടു മാത്രം മനുഷ്യർ കൂദാശകളെ വിചാരിച്ചുപോരുന്നു. നിത്യജീവനെ നല്കുന്നതിനായി സഭയിൽ കർത്താവു ഭാരമേല്പിച്ചിട്ടുള്ള വി. കുമ്പസാരവും കുർബ്ബാനയും അനുഷ്ഠിക്കുന്നവർ കുറഞ്ഞുവരുന്നു. അത്മേനികളിൽ സഭയുടെ നായകന്മാരായിരിക്കുന്നവർക്ക് അവകളിൽ വിശ്വാസമില്ല. ആണ്ടുകുമ്പസാരവും കുർബ്ബാനയുംപോലും അനുഷ്ഠിക്കാത്തവർ ഓരോ ഇടവകകളിലും അസംഖ്യമുണ്ട്. വികാരിമാർക്കും പട്ടക്കാർക്കും അവരെ അറിയാമെങ്കിലും അവരോടു ചോദ്യംചെയ്യാൻ ഭയപ്പെടുന്നു. തിരുമേനികളും ആ കാര്യത്തിൽ മൗനം പാലിക്കുന്നു. തിരുമേനികൾക്കു അതിൻെറ ദോഷത്തെപ്പററി അറിവില്ലാഞ്ഞിട്ടല്ല. അങ്ങനെ ഒരു പാരമ്പര്യം നമ്മുടെ ഇടയിൽ നടപ്പില്ലാത്തതുകൊണ്ടും തിരുമേനികളുടെ അധികാരത്തെ പ്രയോഗിച്ചു ചോദ്യം ചെയ്യുന്നപക്ഷം ഇപ്പോഴത്തേതിൽ അധികം കലഹവും സമാധാനക്കുറവും സഭയിൽ ഉണ്ടായെങ്കിലോ എന്നു ഭയപ്പെട്ടിട്ടുമാണ് തിരുമേനികൾ മൗനം ദീക്ഷിക്കുന്നത്. എങ്ങനെ ആയാലും ഇതു് ഒരു വലിയ കുറവാണ്. ഇതിനു ദൈവമുമ്പാകെ ഉത്തരം പറയണമല്ലോ എന്നു വിചാരിക്കുമ്പോൾ, ഈ ദോഷത്തിൻെറ പരിഹാരത്തിനായിട്ടു മാത്രമെങ്കിലും ഈ സഭയെ കാതോലി

www.malankaralibrary.com



കസഭയോടു ഐക്യപ്പെടുത്തുകയാണു വേണ്ടതു്. കാതോലികഐക്യത്തിൽ ഈ ദോഷത്തിനു പരിഹാരമുണ്ടാകും. കാതോലികഐക്യംകൊണ്ടല്ലാതെ ഈ ദോഷത്തിനു വേറെ ഒരുവിധത്തിലും പരിഹാരമുണ്ടാകയില്ല.

''ദൈവികഅനുസരണം ഇല്ല എന്നുള്ളതാണു് ഈ സഭയിലെ ഇപ്പോഴത്തെ വേറൊരു ദോഷം. സഭാപിതാക്കന്മാരുടെ കല്പനകൾ, തങ്ങളുടെ ഹിതത്തിനും കാര്യഗുണത്തിനും ചേരുന്നതാണെങ്കിൽ അനുസരിക്കാമെന്നുമാത്രമെ പട്ടക്കാരും ജനങ്ങളും വിചാരിക്കുന്നുള്ളു. ഈ അടുത്തകാലത്തു് പസാരംസംബന്ധിച്ചും മററും വലിയ മെത്രാനച്ചൻ അയച്ച കല്പന അനുസരിക്കാത്ത പല പള്ളികൾ ഉണ്ടു്. തിരുമേനികൾക്കുതന്നെ അറിയാവുന്നതുകൊണ്ടു ആളും പേരും അടിയൻ പറയുന്നില്ല. അനുസരണം ഇല്ലാതെ ഒരു കാതോലികസഭയ്ക്കും നിലനിൽക്കാൻ കഴികയില്ല. എപ്പിസ്കോപ്പന്മാർ ദൈവത്തിൻെറ കാണപ്പെടുന്ന സ്ഥാനപതികൾ ആകുന്നു.

''സഭയെ സംയോജിപ്പിൽ കാത്തുപരിപാലിക്കുന്നതിനുള്ള ദൈവികശക്തി നമ്മുടെ സഭയിലില്ല. പരദേശത്തു നമ്മുടെ സഭ എത്ര ചുരുങ്ങിപ്പോയി. മലയാളത്തെ കാര്യം നമുക്കു നേരിട്ടറിയാമല്ലോ. കഴിഞ്ഞ ഒരു ന്മറു സംവത്സരത്തിനിടയിൽ എത്ര പുതിയ വിപ്ലവങ്ങൾ ഉണ്ടായി സഭ പിരിഞ്ഞുപോയി! ഈ സ്ഥലത്തെ ആഗ്ലിയാസഭ നമ്മിൽനിന്നും പിരിഞ്ഞുപോയതല്ലയോ? മാർത്തോമ്മാസഭ, നമ്മിൽനിന്നും പിരിഞ്ഞുപോയതല്ലയോ? അബ്ദുള്ളാ പാത്രിയക്കീസു വന്നപ്പോൾ ഒരു പിരിവും ഉണ്ടായില്ലയോ? ഇപ്പോൾ ബഥനിമെത്രാനച്ചൻ വഴി ഒരു പിരിവു ആരംഭിച്ചിട്ടില്ല

www.malankaralibrary.com



യോ? സഭയെ സംയോജിപ്പിക്കാൻ കാത്തുകൊള്ളുന്നതിനുള്ള ദൈവികശക്തി ഈ സഭയിൽ ഇല്ലെന്നല്ലയോ ഇതിൽനിന്നും പ്രത്യക്ഷമാകുന്നത്? ഈ പിരിവുകൾക്കൊന്നിനും മനുഷ്യരെ കുററംപറഞ്ഞിട്ടാവശ്യമില്ല. കാതോലികഐക്യത്തിൽനിന്നും പിരിഞ്ഞിട്ടുള്ള എല്ലാ സഭകൾക്കും പററിയ ദോഷമാണിത്. അവയ്ക്കൊന്നിനും സംയോജിപ്പിൽ നില്പാൻ ശക്തിയില്ല. അവയൊന്നും ദൈവികജന്മം ഉള്ളതല്ല. അവയെല്ലാം മനുഷ്യബുദ്ധിയിൽനിന്നും ജനിച്ചിട്ടുള്ളവയാണ്. അതാണ്, ഈ ദൈവികശക്തി ആ സഭകളിൽ ഇല്ലാത്തത്. സംയോജിപ്പിനുള്ള ഏകമാർഗ്ഗം കാതോലിക ഐക്യത്തിലാകുന്നു''.20

ഐക്യത്തിൻെറ കേന്ദ്രമായ സാർവ്വത്രികതലവനോടുള്ള യോജിപ്പിലാണു സഭയിലെ കുഴപ്പങ്ങൾക്കുള്ള ഏക പ്രതിവിധിയെന്നു ഏവരും ഗ്രഹിച്ചെങ്കിൽ!

20 Ibid.